
# TRICHUR ARCHDIOCESAN BULLETIN

2024 സെപ്റ്റംബർ | വാല്യം: 91 | ലക്കം: 09




മനുഷ്യപുത്രന്റെ ആഗമനം (മത്തായി 24, 35)



# ആദരാഞ്ജലികൾ

**റവ. ഫാ. ആന്റോ എടക്കുളത്തൂർ (72)**

**ജനനം : 02. 09. 1952**

**തിരുപ്പട്ടം : 26. 12. 1980**

**മരണം : 12. 08. 2024**

Trichur Archdiocesan Bulletin TAB

ESTD:1934

സെപ്തംബർ 2024

ലക്കം: 09 | വാല്യം: 91

09

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Daijo Poruthur**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 04 |
| റിപ്പോർട്ട് | 06 |
| കച്ചേരിക്കാര്യം | 14 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 18 |
| സഹായമെത്രാന്റെ പരിപാടികൾ | 19 |
| നാളാഗമം | 21 |
| നാമകരണ നടപടികൾ | 28 |
| വൈദികർ | 32 |
| സന്യസ്തർ | 36 |
| സാമ്പത്തിക കാര്യാലയം | 41 |
| വിശ്വാസ പരിശീലനം | 45 |
| സ്ഥാപനങ്ങൾ | 50 |
| സംഘടനകൾ | 68 |

## 1 സർക്കുലർ

### മാർ ആൻഡ്രൂസ് താഴത്ത്

1452/2024 C- 6
12.07.2024

### വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

''കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗ്രഹീതൻ; അവന്റെ പ്രത്യാശ അവിടുന്നുതന്നെ. അവൻ ആറ്റുതീരത്തു നട്ട മരം പോലെയാണ്.......ഓരോ മനുഷ്യനും അവന്റെ ജീവിതരീതിക്കും പ്രവൃത്തിക്കും അനുസരിച്ച് ഞാൻ പ്രതിഫലം നല്കും' (ജറെ. 17:7 –10) എന്ന തിരുമൊഴികളുടെ അനുഗ്രഹവും അഭിഷേകവും ജീവിതം മുഴുവൻ ഏറ്റുവാങ്ങിയവളായിരുന്നു വി.എവുപ്രാസ്യ. വിശുദ്ധിയുടെ വിജയരഹസ്യങ്ങൾ അനാവരണം ചെയ്ത അമ്മയുടെ സുകൃതങ്ങളെ മറനീക്കി കാണുവാനും, സ്വന്തമാക്കുവാനും ഒരവസരംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു.


നിരന്തരമായ പ്രാർത്ഥനയുടെയും, തിരുഹൃദയത്തോടുള്ള ഭക്തിയുടെയും, എളിയജീവിതത്തിന്റെയും മാതൃകയായിരുന്നു നമ്മുടെ എവുപ്രാസ്യമ്മ. ദൈവഹിതത്തോടുള്ള വിധേയത്വം, രോഗികളോടുള്ള

പരിഗണനന, പാവങ്ങളോടുള്ള കരുതൽ, നീണ്ട മണിക്കൂറിലെ ദിവ്യ കാരുണ്യസാന്നിധ്യം, നിരന്തരമായ ജപമാലസമർപ്പണം തുടങ്ങി എല്ലാം അവളുടെ സുകൃതാഭ്യാസങ്ങളായിരുന്നു. ഈ സുകൃതവഴി കൾ നമുക്കും പരിചിതമാകട്ടെ.

കേരളസഭയ്ക്കും സി. എം. സി. സന്യാസിനീസമൂഹത്തിനും അഭിമാനമായ വി. എവുപ്രാസ്യാമ്മയുടെ കബറിടം തൃശ്ശൂർ അതിരൂപ തയിൽ ഒല്ലൂരിൽ സ്ഥിതിചെയ്യുന്നു എന്നത് നമുക്ക് ഏറെ അനുഗ്രഹ പ്രദമാണ്. വിശുദ്ധയുടെ കബറിടത്തിലേക്ക് ആയിരങ്ങൾ കടന്നു വന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. ഈ വർഷത്തെ വി. എവു പ്രാസ്യാമ്മയുടെ തിരുനാൾ ആഗസ്റ്റ് 29ന് വ്യാഴാഴ്ച നാം ആചരി ക്കുകയാണ്. തിരുനാളിനൊരുക്കമായി 2024 ആഗസ്റ്റ് 20 ചൊവ്വാഴ്ച മുതൽ നവനാൾ തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. നവനാൾ ദിന ങ്ങളിൽ രാവിലെ 11.00 മണിയ്ക്കും വൈകീട്ട് 5.00 മണിക്കും ആഘോ ഷമായ വി. കുർബാനയും നവനാൾ പ്രാർത്ഥനയും പ്രത്യേകമായി ഉണ്ടായിരിക്കുന്നതാണ്.

മരിച്ചിട്ടും നമ്മെ മറക്കാത്ത വി. എവുപ്രാസ്യമ്മയുടെ തിരുനാ ളിനോടനുബന്ധിച്ചുള്ള തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് അനുഗ്ര ഹങ്ങളേറ്റുവാങ്ങാൻ നിങ്ങളോരോരുത്തരേയും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. തൃശൂർ അതിരൂപതയിലെ ദൈവജനം മുഴുവനേയും എല്ലാ കുടുംബങ്ങളേയും വി. എവുപ്രാസ്യമ്മയുടെ മാധ്യസ്ഥ്യം വഴി, ഈശോയുടെ തിരുഹൃദയത്തിലേക്ക് സമർപ്പി ക്കുന്നു. ഏവർക്കും വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ആശംസകൾ നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

# 2 റിപ്പോർട്ട്

## മാർ ആൻഡ്രൂസ് താഴത്ത്

### ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024

ആഗോളതലത്തിൽ അമേരിക്കയിലും മറ്റു യൂറോപ്പ്യൻ രാഷ്ട്രങ്ങളിലും വർഷം തോറും നടത്തിവരാറുള്ള മാർച്ച് ഫോർ ലൈഫ് എന്ന ബഹുജന റാലി ജീവന്റെ മൂല്യത്തെ പ്രത്യേകിച്ച് മനുഷ്യ ജീവന്റെ മൂല്യം ഉയർത്തി കാണിക്കുവാനാണ് നടത്തിവരുന്നത്. ഇന്ത്യയിൽ 2022 ൽ ഡൽഹിയിലും 2023 ൽ പൂനയിലും മാർച്ച് ഫോർ ലൈഫ് നടത്തിയിരുന്നു. 2024 ലേത് ആഗസ്റ്റ് 10 ശനിയാഴ്ച ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ വച്ച് നടന്നു. ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി നൽകാനും വന്ന യേശുനാഥന്റെ വചനങ്ങൾക്ക് അനുസരിച്ച് ജീവന്റെ സുവിശേഷം ലോകത്തെ അറിയിക്കുവാനാണ് ദൈവത്തിന്റെ സ്വന്തം നാട്ടിൽ വച്ച് മാർച്ച് ഫോർ ലൈഫ് നടത്തിയത്. ഭാരതത്തിൽ ഇത്തരത്തിൽ മാർച്ച് ഫോർ ലൈഫ് നടത്തുന്നതിന് വലിയ പ്രാധാന്യമുണ്ട്. കാരണം പ്രതിവർഷം 1.66 കോടി മനുഷ്യ

കുരുന്നുകളാണ് ഇന്ത്യയിൽ അമ്മമാരുടെ ഉദരത്തിൽ വച്ച് കൊല ചെയ്യപ്പെടുന്ന തായി ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. 1971 ലെ എം ടി പി ആക്ട് (മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട്) എന്ന നിയമത്തിന്റെ മറവിലാണ് ഇത്രത്തോളം കുഞ്ഞുങ്ങൾ കൊല ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നത്.ഏകദേശം പതിനെട്ടോളം നിയമങ്ങൾ കുട്ടികളുടെ സംരക്ഷണത്തിനായി ഭാരതത്തിൽ നിലവിലുണ്ടെന്ന് അറിയപ്പെടുന്നു. എന്നാൽ ഡെയോക്ലേഷ്യന്റെ വാളുപോലെ എം ടി പി ആക്ട് എന്ന ഭ്രൂണഹത്യാ നിയമം ഇവക്കെല്ലാം മുകളിൽ കുഞ്ഞുങ്ങളുടെ ജീവനെടുക്കുന്നതിനുവേണ്ടി നിലകൊ ള്ളുന്നുവെ ന്നുള്ളത് ഒരു വൈരുദ്ധ്യമായി കാണുന്നു. അതിനാൽ തന്നെ ഈ നിയമത്തെ റദ്ദ് ചെയ്യേണ്ടത് അനിവാര്യമാണ്. സുഭാഷിതം 21: 13ൽ ഇപ്രകാരം പറയുന്നു 'ദരിദ്രന്റെ നിലവിളിക്ക് ചെവി കൊടുക്കാത്തവൻ വിലപിക്കേണ്ടിവരും. അത് ആരും കേൾക്കുകയുമില്ല'. ഇന്ന് മക്കൾ ശ്രദ്ധിക്കുന്നില്ല എന്ന നിലവിളി പല കുടുംബങ്ങളിൽ നിന്നും നാം കേൾക്കുന്നു. ദൈവം കനിഞ്ഞ് അനുഗ്രഹിച്ച് യഥാസമയം നൽകിയ മക്കളെ വേണ്ടെന്നു വെച്ചതുകൊണ്ട് പ്രായമായപ്പോൾ സംരക്ഷിക്കാൻ ആളില്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നു.

കേരളത്തിലെവൃദ്ധ ജനസംഖ്യ കൂടിവരുന്ന സാഹചര്യത്തിൽ ഇനിയും ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങൾക്ക് ജനിക്കാൻ അവസരം നൽകേണ്ടത് അനിവാര്യണ്. ഓരോ കുഞ്ഞും നാടിന്റെ നന്മയ്ക്കാണെന്നും ജനസംഖ്യ ബാധ്യതയല്ല, ആസ്തിയാണെന്നും തിരിച്ചറിയുവാൻ ഇനിയും വൈകിക്കൂടാ. കൂടാതെ മനുഷ്യ ജീവനെക്കാൾ മൃഗങ്ങളുടെ ജീവന് വിലയുള്ളതായി കണക്കാക്കപ്പെടുന്ന ഒരു സംസ്കാരം ഇവിടെ രൂപപ്പെട്ടു വരുന്നു, അതും അപകടകരമാണ്. പ്രപഞ്ചത്തെയും സർവ്വ സൃഷ്ടിചരാചരങ്ങളെയും സംരക്ഷിച്ചു പരിപാലിക്കുവാൻ നിയോഗിക്കപ്പെട്ട മനുഷ്യനെ തന്നെ ഇല്ലായ്മ ചെയ്യുവാൻ സഹായിക്കുന്ന നിയമവ്യവസ്ഥകൾ മാറ്റപ്പെടേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ജീവനും ജീവിതവും സംരക്ഷിക്കപ്പെടണം, ജനിക്കാനും ജീവിക്കാനുമുള്ള അവകാശം നിഷേധിക്കരുത് എന്ന സന്ദേശത്തോടെ എം ടി പി ആക്ട് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂരിൽ വച്ച് ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് നടന്നത്. ഭ്രൂണഹത്യ, കൊലപാതകം, ആത്മഹത്യ, വംശഹത്യ, വ്യക്തിഹത്യ, മദ്യം, മയക്കുമരുന്നുകൾ, യുദ്ധം, പരിസരമലിനീകരണം, പ്രകൃതിയെ നശിപ്പിക്കൽ തുടങ്ങിയ ജീവനെതിരെയുള്ള സമസ്ത മേഖലകളെയും പ്രതിരോധിച്ചുകൊണ്ട് ഒരു ജീവന്റെ സംസ്കാരം രൂപപ്പെടുത്തുവാൻ ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024 ഏവരേയും ആഹ്വാനം ചെയ്യുന്നു.

## തൃശ്ശൂരിലെ പരിപാടികൾ

<u>ദിവ്യകാരുണ്യ സന്നിധിയിൽ മധ്യസ്ഥ പ്രാർത്ഥന</u>

തൃശ്ശൂരിൽ നടത്തിയ ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024 എന്ന പരിപാടിക്ക് വേണ്ടി ജൂലൈ മാസം ഒന്നാം തീയതി മുതൽ തന്നെ തൃശ്ശൂർ അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിലെ ചാപ്പലിലും ചേറൂർ ആബാ റിന്യൂവൽ സെൻററിലും ദിവ്യകാരുണ്യം എഴുന്നുള്ളിച്ച് വച്ചുകൊണ്ട് പ്രോലൈഫ് പ്രവർത്തകരും കരിസ്മാറ്റിക് ശുശ്രൂഷകരും മധ്യസ്ഥ പ്രാർത്ഥന നടത്തിയിരുന്നു.

<u>കേരള മാർച്ച് ഫോർ ലൈഫ്-ജീവ സംരക്ഷണ സന്ദേശ യാത്ര</u>

തൃശ്ശൂരിൽ നടത്തിയ ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് പ്രോഗ്രാമിന് മുന്നൊരുക്കമായി കെസിബിസി പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ പ്രോലൈഫ് സന്ദേശങ്ങൾ ആലേഖനം ചെയ്ത ഒരു ട്രാവലർ വാഹനം മൈക്ക് അനൗൺസ്മെന്റോടുകൂടി തയ്യാറാക്കി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കേരള മാർച്ച് ഫോർ ലൈഫ് - ജീവസംരക്ഷണ സന്ദേശ യാത്ര 32 രൂപതകളിലൂടെയും 14 ജില്ലകളിലൂടെയും നടത്തിയിരുന്നു. പ്രസ്തുത യാത്രയ്ക്ക് എല്ലാ രൂപതകളിലും വലിയ സ്വീകരണവും സ്വീകാര്യതയും വാർത്ത പ്രാധാന്യവും ലഭിച്ചിരുന്നു.

<u>പിറക്കാതെ പോയ കുഞ്ഞുങ്ങൾക്കുള്ള സ്മാരകം</u>

2024 ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിന്റെ സ്മാരകമായി തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക അങ്കണത്തിൽ പിറക്കാത പോയ കുഞ്ഞുങ്ങൾക്കുള്ള സ്മാരകം സിബിസിഐ പ്രസിഡണ്ടും തൃശ്ശൂർ ആർച്ച് ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാർത്ഥനാ ശുശ്രൂഷയോടുകൂടെ സ്മാരകം വെഞ്ചിരിച്ചു. ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ, അമരാവതി ബിഷപ്പ് മാൽകോം പോളി കാർപ്പ് സെക്യൂറ, ലക്നൗ ബിഷപ്പ് ജെറാൾഡ് ജോൺ മത്തിയാസ്, തൃശ്ശൂർ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, യുഎസ്എയിൽ നിന്നുള്ള പ്രോലൈഫ് ഏക്റ്റിവിസ്റ്റുകളായ റെയ്ച്ചൽ, മെയ്റ റൊഡ്രിഗൊസ്, ബസിലിക്ക റെക്ടർ വെരി. റവ. ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്, വർക്കിംഗ് ചെയർമാൻ ഫാ. ഡെന്നി താണിക്കൽ, ജനറൽ കൺവീനർ ജെയിംസ് ആഴ്ചങ്ങാടനൻ, തൃശ്ശൂർ അതിരൂപത വികാരി ജനറൽമാരായ മോൺ. ജോസ് വള്ളൂരാൻ, മോൺ. ജോസ് കോനിക്കര, ഫാ. റോയ് വേളാക്കൊമ്പിൽ, സന്തോഷ് കരുമത്ര എന്നിവരും സന്നിഹിതരായിരുന്നു.

## <u>സിഗ്നേച്ചർ ക്യാമ്പയിൻ</u>

ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് മുന്നോടിയായി തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ ഇടവകയിൽ നിന്നും സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും ജീവനുവേണ്ടി നിലനിൽക്കുമെന്ന് പ്രതിജ്ഞ ചെയ്തു കൊണ്ടു ഒപ്പുശേഖരണം നടത്തിയിരുന്നു. അത്തരത്തിൽ ഒരു ലക്ഷത്തിലധികം ആളുകളിൽ നിന്നും ഒപ്പ് ശേഖരിച്ച പത്രികകൾ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർ വഴി പ്രധാനമന്ത്രിക്ക് അയച്ചു കൊടുക്കുന്നതിനായി കളക്ടർക്ക് സമർപ്പിച്ചു.

## <u>പ്രോലൈഫ് എക്സിബിഷൻ</u>

ആഗസ്റ്റ് 10 രാവിലെ 8:00 മണിക്ക് തൃശൂർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരുക്കിയിരുന്ന ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കടന്നുവന്ന പ്രോലൈഫ് ഗ്രൂപ്പുകളുടെ പ്രോലൈഫ് എക്സിബിഷൻ സ്റ്റാളുകൾ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ, അമരാവതി ബിഷപ്പ് മാൽകോം പോളി കാർപ്പ് സെക്യൂറ, ലക്നൗ ബിഷപ്പ് ജെറാൾഡ് ജോൺ മത്തിയാസ് എന്നിവർ ചേർന്ന് നാട മുറിച്ച് ഉദ്ഘാടനം ചെയ്തു. എക്സിബിഷനിൽ വിവിധ പ്രോലൈഫ് ഗ്രൂപ്പുകളുടെ പത്ത് സ്റ്റാളുകൾ ഉണ്ടായിരുന്നു.

## <u>ഇംഗ്ലീഷ് സെമിനാർ</u>

കേരളത്തിന് പുറത്തുനിന്നുള്ള വിവിധ രൂപതകളിൽ നിന്നും തലേദിവസം തന്നെ എത്തിച്ചേർന്ന 300 ഓളം പ്രതിനിധികൾക്ക് രാവിലെ 8:15ന് ഇംഗ്ലീഷ് സെമിനാർ ആരംഭിച്ചു. സെമിനാറിന് സിസ്റ്റർ പൗളീന എം എസ് എം ഐ നേതൃത്വം നൽകി. അഭിവന്ദ്യ പിതാക്കന്മാർ സന്നിഹിതരായിരുന്നു. യു എസ് എ യിൽ നിന്നുള്ള പ്രോലൈഫ് ആക്ടിവിസ്റ്റ് മെയ്റ റോഡ്രിഗ്യൂസ് സെമിനാർ നയിച്ചു. കൂടാതെ പാനൽ ഷെയറിങ്ങും ഉണ്ടായിരുന്നു.

## <u>മലയാളം സെമിനാർ</u>

കേരളത്തിലെ വിവിധ രൂപതകളിൽ നിന്നും എത്തിച്ചേർന്ന 200 ഓളം പ്രതിനിധികൾക്കായി മലയാളത്തിലും സെമിനാർ നടത്തിയിരുന്നു. സെമിനാറിന് കെ സി ബി സി പ്രോലൈഫ് സമിതി ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടൻ നേതൃത്വം നൽകി. സി ബി സി ഐ പ്രസിഡൻറ് മാർ ആൻഡ്രൂസ് താഴത്ത് വേദിയിൽ സന്നിഹിതരായിരുന്ന അഭിവന്ദ്യ പിതാക്കന്മാരെ സദസ്സിനെ പരിചയപ്പെടുത്തി സ്വാഗതം ചെയ്തു. കെ സി ബി സി ഫാമിലി കമ്മീഷന്റെയും പ്രോലൈഫ് സമിതിയുടെയും ചെയർമാൻ ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി ഉദ്ഘാടനം ചെയ്തു. പോണ്ടിച്ചേരി ആർച്ച് ബിഷപ്പും സിസിആർ ഇന്ത്യയുടെ അഡ്വൈസറും ആയ

ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കലിസ്റ്റ് അധ്യക്ഷത വഹിച്ച് സംസാരിച്ചു. വരാപ്പുഴ അതിരൂപതയുടെ സഹായമെത്രാൻ ബിഷപ്പ് ആന്റണി വാല്ലുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. കെ സി ബി സി ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. ക്ളീറ്റസ് വർഗ്ഗീസ് കതിർപ റമ്പിൽ അഭിവന്ദ്യ പിതാക്കന്മാർക്ക് നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപതാംഗമായ ഡോ. അബ്രഹാം ജേക്കബ്, 'ജീവനി ഷേധത്തിന്റെ കാണാപ്പുറങ്ങളും കാലഘട്ടം ഉയർത്തുന്ന ഭയാന കരമായ വെല്ലുവിളികളും' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. തുട ർന്ന് പ്രോഗ്രാം കമ്മിറ്റി അംഗമായ ഡോ. ബെറ്റ്സി തോമസ് നന്ദി പ്രകാശിപ്പിച്ചു. സെമിനാറുകളിൽ പങ്കെടുത്തവർക്ക് ഓർമ്മയ്ക്കായി ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് എന്ന് ആലേഖനം ചെയ്ത കപ്പു കളും റൈറ്റിംഗ് മെറ്റീരിയൽസ് അടങ്ങുന്ന ഫയലുകളും നൽകിയി രുന്നു.

<u>ഒൻപത് ഭാഷകളിലൂള്ള ഗാനാലാപത്തോടെ ദിവ്യബലി</u>

സെമിനാറുകളിൽ പങ്കെടുത്തവർക്കായി കാലത്ത് 11.15ന് അഭി വന്ദ്യ പിതാക്കന്മാരും വൈദീകരും ദിവ്യബലി അർപ്പിച്ചു. സന്യസ് തരും വൈദീകരും അൽമായരും അടങ്ങുന്ന ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ഒൻപത് ഭാഷകളിലുള്ള ഗാനാലാപനങ്ങളും ദിവ്യബ ലിക്കിടയിൽ ഉണ്ടായിരുന്നു. ദിവ്യബലിക്ക് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമികനായിരുന്നു. പോണ്ടിച്ചേരി ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കലിസ്റ്റ് വചനപ്രഘോഷണം ഇംഗ്ലീഷ് ഭാഷയിൽ നടത്തി. അതിന്റെ തർജമ മലയാള ഭാഷയിൽ മലങ്കര സഭയിലെ മുവാറ്റുപുഴ രൂപത ബിഷപ്പ് ഡോ. യൊഹാൻ മാർ തെഡോഷ്യസ് നിർവ്വഹിച്ചു. ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി, ബിഷപ്പ് മാൽകോം പോളി കാർപ്പ് സെക്യൂറ, ബിഷപ്പ് ജറാൾഡ് ജോൺ മത്തിയാസ്, ബിഷപ്പ് മാർ ടോണി നീലങ്കാവിൽ തുടങ്ങിയവർ സഹകാർമികരായി ഉണ്ടായിരുന്നു.

ഉച്ചഭക്ഷണത്തിനുശേഷം തൃശൂർ കലാസദന്റെ നേതൃത്വത്തിൽ തൃശൂർ അതിരൂപതയിലെ വൈദികനായ ഫാ. ഫിജോ ആലപ്പാടൻ സംവിധാനം ചെയ്ത 'അന്തോണിക്കുട്ടിയുടെ ഒരു ദിവസം' എന്ന ജീവന്റെ മൂല്യം ഉയർത്തി കാണിക്കുന്ന നാടകം അരങ്ങേറി.

<u>പൊതു സമ്മേളനം</u>

ഉച്ചക്ക് ശേഷം രണ്ടുമണിക്ക് തിരൂർ സെൻറ് തോമസ് ഇടവകയിൽ നിന്നുള്ള പ്രയർ ഡാൻസോടു കൂടി പൊതുസമ്മേളനം ആരംഭിച്ചു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതം ആശംസിച്ചു. സിസി ആർ ഇന്ത്യയുടെ എപ്പിസ്ക്കോപ്പൽ

അഡ്മിനിസ്ട്രേറ്ററും പോണ്ടിച്ചേരി ആർച്ച് ബിഷപ്പുമായ ഡോ. ഫ്രാൻസീസ് കലിസ്റ്റ് അദ്ധ്യക്ഷ പ്രസംഗം നടത്തി. സി ബി സി ഐ പ്രസിഡന്റ് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് വേദിയിലെ വിശിഷ്ട വ്യക്തികളടക്കം തിരികൊളുത്തിക്കൊണ്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു. കെ സി ബി സി വൈസ് പ്രസിഡന്റ് മാർ പോളി കണ്ണൂക്കാടൻ, കെ സി ബി സി ഫാമിലി കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി, ഷെവലിയാർ സിറിൽ ജോൺ, യു എസ് എ യിൽ നിന്നുള്ള പ്രോലൈഫ് ആക്ടിവിസ്റ്റ് മെയ്റ റോഡ്രിഗ്യൂസ്, ഫാ.പോൾ കുണ്ടുപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. ചടങ്ങിൽ വച്ച് ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിനു മുന്നോടിയായി കെ സി ബി സി പ്രോലൈഫ് സമിതി നടത്തിയ കേരള മാർച്ച് ഫോർ ലൈഫ് –ജീവസംരക്ഷണ സന്ദേശയാത്രയുടെ രണ്ട് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ പ്രദർശിപ്പിച്ചുകൊണ്ട് യാത്രയിൽ പങ്കെടുത്ത യാത്രാ ക്യാപ്റ്റൻ ജെയിംസ് ആഴ്ചങ്ങാടൻ, കോഡിനേറ്റർസാബു ജോസ്, ആനിമേറ്റർ സിസ്റ്റർ മേരി ജോർജ്, പ്രസിഡണ്ട് ജോൺസൺ ചൂരേപ്പറമ്പിൽ, വൈസ് ക്യാപ്റ്റൻ ആൻറണി പത്രോസ്, പ്രോലൈഫ് മജീഷ്യൻ ജോയ്സ് മുക്കുടം എന്നിവരെയും എക്സിക്യൂട്ടീവ് അംഗങ്ങളെയും വേദിയിലേക്ക് ക്ഷണിച്ച് അഭിനന്ദനങ്ങൾ അറിയിക്കുകയും സിഗ്നേച്ചർ ക്യാമ്പയിനിലൂടെ നടത്തിയ ഒപ്പ് ശേഖരണം തൃശ്ശൂർ അതിരൂപത പാസ്റ്റർ കൗൺസിൽ സെക്രട്ടറി ജോഷി വടക്കനോടും സിആർഐ പ്രസിഡന്റ് സിസ്റ്റർ സോഫി പേരേപാടനോടും സിഗ്നേച്ചർ ക്യാമ്പയിന്റെ കൺവീനർ ബഹു. ഫാ. ജിയോ തെക്കിനിയത്തും ചേർന്ന് ബിഷപ്പ് ഡോക്ടർ യോഹന്നാൻ മാർ തിയഡോഷ്യസ്, കേരള കരിസ്മാറ്റിക് കമ്മീഷൻ ഡയറക്ടർ ഫാ.ജോസഫ് താമരവള്ളി, കെസിബിസി പ്രോലൈഫ് സമിതി ഡയറക്ടർ ഫാ.ക്ലീറ്റസ് വർഗീസ് കതിർപ്പറമ്പിൽ എന്നിവർക്ക് കൈമാറി. തുടർന്ന് മാർ പോളി കണ്ണൂക്കാടൻ, ബിഷപ്പ് ജെറാൾഡ് ജോൺ മത്തിയാസ്, ഫാ.ഫ്രാൻസിസ്സ് പള്ളിക്കുന്നത്ത്, സിൽവൻ മിറാണ്ട എന്നിവർ ചേർന്ന് തൃശൂർ വ്യാകുല മാതാവിൻ ബസിലിക്കയിൽ പണിതീർത്തു ആശീർവാദ കർമ്മം നടത്തിയ പിറക്കാതെ പോയ കുഞ്ഞുങ്ങൾക്കായുള്ള സ്മാരകത്തിന്റെ മാതൃക ചടങ്ങിൽ വച്ച് അനാച്ഛാദനം ചെയ്തു. തുടർന്ന് 3 മണിക്ക് പിറക്കാതെ പോയ കുഞ്ഞുങ്ങൾക്കായുള്ള പള്ളിമണി മുഴങ്ങുകയും എല്ലാവരും എണീറ്റ് നിന്ന് നിശബ്ദതയിൽ പ്രാർത്ഥിക്കുകയും ചെയ്തു. അതിനെ തുടർന്ന് മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത ജീവസംരക്ഷണ പ്രതിജ്ഞചൊല്ലി കൊടുക്കുകയും എല്ലാവരും ചേർന്ന് കൈകൾ നീട്ടിപ്പിടിച്ച് ഏറ്റു ചൊല്ലുക

യും ചെയ്തു. പിന്നീട് ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് റാലിയുടെ ഫ്ലാഗ് ഓഫ് ചടങ്ങിനായി വേദിയൊരുങ്ങി. റാലിയുടെ പതാക സിബിസിഐ പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്തിൽ നിന്നും വർക്കിംഗ് ചെയർമാൻ ഫാ.ഡെന്നി താണിക്കൽ ഏറ്റുവാങ്ങി ജന റൽ കൺവീനർ ജെയിംസ് ആഴ്ചങ്ങാടന് കൈമാറി. തൃശ്ശൂർ അതിരൂപത വികാരി ജനറൽമാരായ മോൺ. ജോസ് വള്ളൂരാൻ, മോൺ. ജോസ് കോനിക്കര, ഫാ. റോയ് വേളാക്കൊമ്പിൽ, സന്തോഷ് കരുമത്ര എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു. ഏകദേശം 3.30 ന് ജീവ സംരക്ഷണ റാലി പുറപ്പെട്ടു.

ജീവസംരക്ഷണ റാലിയിൽ അഭിവന്ദ്യ പിതാക്കന്മാരും കാരിസ് ഇന്ത്യ നേതാക്കളും തൃശൂർ അതിരൂപതയിലെ വിവിധ സംഘടന ഭാരവാഹികളും കെ സി ബി സി പ്രോലൈഫ് സമിതി ഭാരവാഹികളും കരിസ്മാറ്റിക് ഭാരവാഹികളും മുൻനിരയിൽ അണിനിരന്നു. തുടർന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും രൂപതകളിൽ നിന്നും എത്തിച്ചേർന്ന പ്രതിനിധികളും ഗ്രൂപ്പുകളും കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ളവരും തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും എത്തിച്ചേർന്നവരും വിവിധ സംഘടനകളിൽ നിന്നുള്ളവരും, വലിയ കുടുംബങ്ങൾ, വൈദികർ, സന്യസ്തർ, ടീച്ചർമാർ, ഡോക്ടർമാർ, നേഴ്സുമാർ, മെഡിക്കൽ സ്റ്റുഡൻസ്, നേ ഴ്സിങ് സ്റ്റുഡൻസ് തുടങ്ങിയവർ അടങ്ങുന്ന ഏകദേശം പതിന ായിരത്തിലധികം പേർ പങ്കുചേർന്നു. റാലിയിൽ മൈക്ക് അനൗൺ സ്മെൻറ് വാഹനങ്ങളും ടാബ്ലോകളും കൂടാതെ പ്ലക്കാർഡുകളും ഉണ്ടായിരുന്നു. പങ്കെടുത്തവർ വലിയ ആവേശത്തോടെ ജീവസംര ക്ഷണത്തിനുവേണ്ടിയുള്ള മുദ്രാവാക്യങ്ങൾ മുഴക്കിയിരുന്നു. റാലിയിൽ പങ്കെടുത്തവർക്കെല്ലാം തൊപ്പികളും ലഘു ഭക്ഷണവും സോഫ്റ്റ് ഡ്രിങ്ക്സും നൽകിയിരുന്നു. ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിനോടനുബന്ധിച്ച് നാല് പേജ് വരുന്ന സപ്ലിമെന്റും പ്രത്യേകം തയ്യാറാക്കി വിതരണം ചെയ്തിരുന്നു. റാലിക്കുശേഷം സമാപന സമ്മേളനത്തിൽ വച്ച് ആർച്ച് ബിഷപ്പ് ഡോ.ഫ്രാൻസിസ് കലിസ്റ്റും സിബിസിഐ പ്രസിഡണ്ട് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും ചേർന്ന് തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് സമിതിക്കും, യുഎസ്എയിൽ നിന്നുള്ള മിസ്സിസ് ജോഹന്നക്കും പ്രോലൈഫ് സന്ദേശവുമായി ഭാരതം മുഴുവൻ സൈക്കിളിൽ ചുറ്റി സഞ്ചരിച്ച ബ്രദർ അരുണിനും ലൈഫ് അവാർഡുകൾ വിതരണം ചെയ്തു. തുടർന്ന് അടുത്ത വർഷത്തെ ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിന് നേതൃത്വം നൽകുന്ന ബാംഗ്ലൂർ കരിസ്മാറ്റിക് മുന്നേറ്റത്തി നുവേണ്ടി ദമ്പതികളായ മാർക്ക് ബ്രഗാൻസയും പത്നിയും

വൈദികരും ചേർന്ന് സിബിസിഐ പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കലിസ്റ്റ്, വർക്കിംഗ് ചെയർമാൻ ഫാ. ഡെന്നി താണിക്കൽ, ജനറൽ കൺവീനർ ശ്രീ ജെയിംസ് ആഴ്ചങ്ങാടൻ, നാഷണൽ കോഡിനേറ്റർ സിൽവൻ മിറാന്റ എന്നിവരിൽ നിന്നും പതാകയും ബാനറും പരിശുദ്ധ അമ്മയുടെ രൂപവും ഏറ്റുവാങ്ങി. തുടർന്ന് കാരിസ് ഇന്ത്യ നാഷണൽ കോഡിനേറ്റർ ശ്രീ സിൽവൻ മിറാന്റ നന്ദി പ്രകാശന കർമ്മം നിർവ ഹിച്ചു. തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി മാർ ടോണി നീലങ്കാവിൽ പിതാവും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് ജോയ്ഫുൾ സിക്സിന്റെ മ്യൂസിക് ബാന്റും ഉണ്ടായിരുന്നു. ഏകദേശം ആറു മണിയോടുകൂടി പരിപാടികൾ സമാപിച്ചു.

ഇതിന്റെ വിജയത്തിനായി പ്രാർത്ഥനകൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും മറ്റു വിധത്തിലും സഹകരിച്ച ഏവർക്കും നന്ദി പ്രകാശി പ്പിക്കുന്നു.

**മാർ ആൻഡ്രൂസ് താഴത്ത്**
*സി ബി സി ഐ പ്രസിഡന്റ് &*
*തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത*

**ഫാ. ഡെന്നി താണിക്കൽ**
*വർക്കിംഗ് ചെയർമാൻ*

**ഫാ.റോയ് വേളാക്കൊമ്പിൽ**
*കോവർക്കിംഗ് ചെയർമാൻ*

**ജെയിംസ് ആഴ്ചങ്ങാടൻ**
*ജനറൽ കൺവീനർ*

**ബാബു എം എ**
*ജോയിൻറ് കൺവീനർ*

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**സെപ്റ്റംബർ 2024**

1 : ഏലിയാ-സ്ലീവ-മൂശ രണ്ടാം ഞായർ
: എട്ടുനോമ്പാരംഭം
5 : കൊൽക്കൊത്തയിലെ വി. തെരേസ
6 : ആദ്യവെള്ളി
8 : ഏലിയാ-സ്ലീവ-മൂശ മൂന്നാം ഞായർ
: പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ
14 : വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ
15 : ഏലിയാ-സ്ലീവ-മൂശ നാലാം ഞായർ
21 : വി. മത്തായി ശ്ലീഹാ
22 : ഏലിയാ-സ്ലീവ-മൂശ അഞ്ചാം ഞായർ
27 : വി. വിൻസെന്റ് ഡി പോൾ
28 : മുഖ്യ മാലാഖമാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ
30 : വി. ജെറോം

**2. സെപ്റ്റംബർ മാസത്തെ പരിപാടികൾ**

5 : ആലോചനസമിതി യോഗം (10:30 am)
6 : സാമ്പത്തികസമിതി യോഗം (07:00 pm)
7 : പാസ്റ്ററൽ കൗൺസിൽ യോഗം (10:00 am)
8-13 : വാർഷികധ്യാനം ബാച്ച് 1 ജറുസലെം
15-20 : വാർഷികധ്യാനം ബാച്ച് 2 മേരിമാത
22-27 : വാർഷികധ്യാനം ബാച്ച് 3 മേരിമാത
27 : വൈദികസമ്മേളനം & വൈദികക്ഷേമനിധി
29 : ലോഗോസ് ക്വിസ്

**3. ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ്:**

സി. ബി. സി. ഐ. ആഹ്വാനം ചെയ്ത ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് വിജയിപ്പിക്കാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**4. പാസ്റ്ററൽ കൗൺസിൽ യോഗം:**

അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗം 2024 സെപ്റ്റംബർ 7ന് രാവിലെ 10 മണി മുതൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെടുന്നു. അംഗങ്ങൾ പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

**5. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2024 നവംബർ 9-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2023 ജൂൺ 1 മുതൽ 2024 ജൂൺ 1 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ/ സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. (തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ/ വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ 15-10-2024 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ- 680005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 1 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

**1. വിദ്യാഭ്യാസരംഗം (2023-24 അധ്യയനവർഷത്തിൽ)**

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനർഹരായിട്ടുള്ളവർ.

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3. കലാസാഹിത്യ രംഗം**

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ (State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

4.1 സി.ബി.സി.ഐ., കെ.സി.ബി.സി., സീറോ മലബാർ സിനഡ്

എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

NB: 1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.

2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.

**6. വൈദികനിയമനം**

1. ഫാ. ടെൻസ് കുന്നപ്പിള്ളി - ഡയറക്ടർ ഇൻ ചാർജ്ജ് സാന്ത്വനം കൂടി; സാധുത 2024 ജൂലൈ 30 മുതൽ
2. ഡീ. സാൽവിൻ കണ്ണനായ്ക്കൽ - ഡീക്കൻ മിനിസ്ട്രി എരുമപ്പെട്ടി; സാധുത 2024 ജൂലൈ 20 മുതൽ നവംബർ 20 വരെ.
3. ഡീ. സുമേഷ് കുരുതുകുളങ്ങര MI- ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2024 ആഗസ്റ്റ് 20 മുതൽ ഡിസംബർ 15 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

## ENGAGEMENTS
### SEPTEMBER 2024
**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Sun | Morning | Entrepreneurs' Conclave @ JMMC |
| | | Evening | Holy Mass and Blessing of new presbytery @ Anjoor |
| 4 | Wed | Morning | CHAI General Body @ Thrissur |
| 5 | Thu | Morning | Consulters' Meeting @ Archbishop's House |
| | | Evening | Norbertine Aged Home Blessing @ Pazhayannur |
| 6 | Fri | Evening | Finance Council |
| 7 | Sat | Morning | Palakkad Diocese Jubilee Conclusion @ Cathedral |
| | | Morning | Pastoral Council @ Family Apostolate |
| | | Evening | Holy Mass @ Nagappuzha |
| 8 | Sun | Afternoon | Consecration of the New Church @ Choondal |
| | | Evening | Priests' Annual Retreat – Batch 1 |
| 9 | Mon | Afternoon | Blessing of new SNDS Convent @ Lourdepuram |
| 10 | Tue | Morning | Blessing of new SKD Convent @ Thiru villwamala |
| 11 | Wed | Morning | Holy Mass @ Minor Seminary |
| 12-13 | | | CBCI Meetings @ Bengaluru |
| 14 | Sat | Evening | Holy Mass @ Mundoor |
| 15 | Sun | Morning | Holy Mass @ Kalvary Ashram, Poothole |
| | | Evening | Priests' Annual Retreat – Batch 2 |
| 16-19 | | | Visit to Visakhapattanam, |

| | | | |
|---|---|---|---|
| | | | St. Euphrasia Mission |
| 20 | Fri | Morning | Priests' Annual Retreat – Batch 2: Holy Mass @ Marymatha Major Seminary |
| 21 | Sat | Morning | Holy mass, Golden Jubilee of Vijayamatha convent FCC @ Ponnani |
| | | Evening | Centenary Celebrations @ Vendore |
| 22 | Sun | | Pastoral Visit @ Vellattanjoor |
| | | Evening | Priests' Annual Retreat – Batch 3 |
| 23 | Mon | Morning | Blessing of St. Vincent Convent, FCC @ Engandiyur |
| 27 | Fri | Morning | Priests' Annual Retreat – Batch 3: Holy Mass @ Marymatha Major Seminary |
| | | Morning | Priests' conference & Priests' Welfare Board Meeting@ Marymatha Major Seminary |
| 28 | Sat | Morning | Benefactors' Day @ St. Mary's Minor Seminary |
| Sep 29 – Oct 29 | | | Synod on Synodality @ Rome |

## ENGAGEMENTS

**SEPTEMBER 2024**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Morning | Catholic Conclave @ JMMH |
| | | Afternoon | Newly Wedded Couples Meet @ Family Apostolate |
| 03 | Tue | Evening | 4th Child Baptism @ Puthur |
| 04 | Wed | Evening | Jubilee Celebration @ ABH |
| 05 | Thu | Morning | Holymass @ St Euphrasia Shrine, Ollur |

| | | | |
|---|---|---|---|
| | | | Consultors Meeting @ ABH |
| | | Evening | Silver Jubilee @ Nirmal Jyothi, Mundu |
| 06 | Fri | Morning | Holymass @ SMMS |
| | | Evening | ELIMS Inauguration @ Ponganamkad |
| | | | Finance Council @ ABH |
| 07 | Sat | Morning | Pastor Council |
| | | Evening | Kooduthurakkal & Holymass @ Karumathra |
| 08 | Sun | Morning | Holymass @ Thannyam |
| | | | Holymass & Kappela Blessing @ Palazhy |
| | | Evening | Consecration of Altar @ Kallur West |
| 09-13 | | | Annual Retreat Batch - 1 |
| 14 | Sat | Morning | Solemn Holycommunion @ Choondal |
| | | | Pastoral Council |
| | | Evening | Meeting of the Families, prayed for priests @ Family Apostolate |
| | | | House Blessing @ Kundannoor |
| 15 | Sun | Morning | General Hospital |
| 16 -20 | | | Annual Retreat for Priests Batch - 2 |
| 21 | Sat | Morning | Jubilee Holymass @ Kandassamkadavu |
| | | | Pithruvedhi Meritday @ Family Apostolate Jubilee of Pious Assoiciations @ Mundur |
| | | Evening | Jubilee Trust Meeting @ JMMCH |
| 22-26 | | | Annual Retreat Batch -3 |
| 27 | Fri | Morning | Presbyterium and Priests' Welfrare Meeting |
| 29 | Sun | Evening | Kodikayattam @ Peramangalam |



# നാളാഗമം

**ജൂലൈ 2024**

1. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് തൃശ്ശൂർ പടിഞ്ഞാറെ കോട്ടയിൽ പണികഴിപ്പിച്ച സെന്റ് ആൻസ് കോൺവെന്റിന്റെ ആശീർവാദ കർമ്മം നിർവഹിച്ചു.
2. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നവീകരിച്ച പുത്തൂർ ഫൊറോന ദൈവാലയം വെഞ്ചിരിച്ച് വി. കുർബ്ബാനയർപ്പിച്ചു.
3. ദുക്റാന തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പാലയൂർ തീർത്ഥകേന്ദ്രത്തിൽ വി. കുർബ്ബാനയർപ്പിക്കുകയും, അതിനുശേഷം, നവീകരിച്ച മ്യൂസിയത്തിന്റെ ഉദ്ഘാടനവും വെഞ്ചിരിപ്പും നിർവഹിക്കുകയും ചെയ്തു. തൃശ്ശൂർ കത്തോലിക്ക കോൺഗ്രസിന്റെയും കുടുംബ കൂട്ടായ്മയുടേയും മറ്റും നേതൃത്വത്തിൽ നടത്തിയ അവകാശ ദിനാചരണത്തിന്റെ ഭാഗമായി തൃശ്ശൂർ കളക്ടറേറ്റിലേയ്ക്കു നടത്തിയ റാലിക്കു ശേഷംകൂടിയ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. പതാക ദിനാചരണത്തോടനുബന്ധിച്ച് വൈകീട്ട് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയങ്കണത്തിൽ കെ.സി.വൈ.എം. പതാക അതിരൂപതാ പ്രസിഡന്റിന് കൈമാറി. വൈകീട്ട് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ചു നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ പങ്കെടുത്തു.

അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വി. കുർബാനയർപ്പിക്കുകയും പുസ്തക പ്രകാശനം നടത്തുകയും ചെയ്തു.

4. അഭിവന്ദ്യ പിതാക്കന്മാർ ഡി.ബി.സി.എൽ.സി.യിൽ സഹവികാരിമാരുള്ള വൈദികരുടെ യോഗത്തിലും ആലോചനസമിതി യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന ഡുനാമിസ് 'ധ്യാനത്തിൽ വചനസന്ദേശം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മണ്ണുത്തി ഡോൺ ബോസ്കോയിൽ ബഹു. ഫാ. ജോസ് താഴത്തേറ്റിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികനായി.

5. സെന്റ് തോമസ് കോളേജിൽ വച്ചു നടന്ന കോൺവൊക്കേഷനിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

6. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പുത്തൻപീടിക പാദുവ കോൺവെന്റിന്റെ സുവർണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് തോമസ് കോളേജിന്റെ കോൺവൊക്കേഷൻ സെറിമണിയിൽ പങ്കെടുത്തു. ഫാമിലി അപ്പസ്തൊലേറ്റിൽവെച്ച് നടന്ന മാതൃവേദിയുടെ യോഗത്തിൽ പങ്കെടുത്തു.

7. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ വെള്ളറക്കാട് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. സി.ബി.സി.ഐ.യുടെ ആഭിമുഖ്യത്തിൽ 2024 ഓഗസ്റ്റ് 10, ശനിയാഴ്ച തൃശ്ശൂരിൽ നടക്കുന്ന 'മാർച്ച് ഫോർ ലൈഫ്' റാലിയ്ക്ക് ഒരുക്കമായി, കാസർഗോഡ് നിന്ന് തിരുവനന്തപുരം വരെ കെ.സി.ബി.സി. പ്രോലൈഫ് സംസ്ഥാന സമിതി നടത്തുന്ന 'ജീവസംരക്ഷണ സന്ദേശയാത്രയ്ക്ക് തൃശ്ശൂർ അതിരൂപതാ കേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ സ്വീകരണം നല്കി. വിശ്വാസപരിശീലനം ആരംഭിച്ചതിന്റെ 150 -ാം ജൂബിലി ആഘോഷിക്കുന്ന ചൊവ്വന്നൂർ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു. തുടർന്ന് പുതുരുത്തി ഇടവകയിൽ വി. കുർബാനയർപ്പിച്ചു വിശ്വാസപരിശീലന വിദ്യാർത്ഥികളുമായി സംസാരിക്കുകയും എ സി സിയിൽ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. വൈകുന്നേരം ഫാമിലി അപ്പസ്തൊലേറ്റിൽ മാർച്ച് ഫോർ ലൈഫിന് ഒരുക്കമായുള്ള ആരാധനയിലും പങ്കുചേർന്നു.

8. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഡി.ബി.സി.എൽ.സി.യിൽ ഏഴു ബാച്ചുകളായിനടന്ന വൈദികരുടെ തുടർപരിശീലനം (On Going Formation) ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഹോളി ഫാമിലി നവജ്യോതി പ്രൊവിൻസ് മുക്കാട്ടുകര ബത്‌ലഹേം മഠാംഗമായ സി. ക്ലയോപാസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികനായി.

9. ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അത്യാധുനിക സംവിധാനങ്ങളോടെ പണികഴിച്ച Critical Care ICU അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വെഞ്ചിരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുതുക്കാട് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. തുടർന്ന് പുത്തൂർ ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. വൈകുന്നേരം എരുമപ്പെട്ടി ഇടവകയിൽ ബഹു. നവീൻ മുരിങ്ങാത്തേരിയച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് കാർമ്മികനായി.

10. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരി സന്ദർശിച്ച് വി. കുർബ്ബാനയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് തിയോളജി ഫോറത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

11–12 ഡൽഹിയിൽ സി.ബി.സി.ഐ.യുമായി ബന്ധപ്പെട്ട മീറ്റിംഗുകളിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

12. സി.ബി.സി.ഐ. ഭാരവാഹികളായ മെത്രാന്മാരോടൊപ്പം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയെ അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ച് സന്ദർശിക്കുകയും ഭാരത കത്തോലിക്കാ സഭയെ കുറിച്ചും സഭയുടെ പ്രത്യേക ആവശ്യങ്ങളെകുറിച്ചും അവതരിപ്പിക്കുകയുമുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പല്ലൂർ, സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വി. കുർബാനയർപ്പിച്ചു. വൈകുന്നേരം സമരിറ്റൻ സന്ന്യാസിനികളുടെ മണ്ണുത്തി ജനറലേറ്റിൽ സി. തെരേസയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികനായി.

13. അഭിവന്ദ്യ പിതാക്കന്മാർ ഡി.ബി.സി.എൽ.സി.യിൽ ജൂബിലി ആഘോഷിക്കുന്ന സമർപ്പിതരുടെ സംഗമത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് അതിരൂപത കാര്യാലയത്തിൽ വച്ചു നടന്ന സംഘട നാ ഏകോപന സമിതി യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡി ബി സി എൽ സിയിൽ യുവജനവിശ്വാസ പരിശീലകർക്കുവേണ്ടി വി. കുർബാനയർപ്പിച്ചു. ഫാമിലി അപ്പസ് തൊലേറ്റിൽ കുടുംബക്കൂട്ടായ്മ മെറിറ്റ് ദിനത്തിൽ പങ്കെടുത്തു. വൈകുന്നേരം കാരമുക്ക് ഇടവകയിൽ ബഹു. ആൻസൻ നീലങ്കാവിലച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് കാർമ്മികനായി. തുടർന്ന് ഡിബിസിഎൽസിയിൽവെച്ച് നടത്തിയ ദൈവശാസ്ത്രവിദ്യാർ ത്ഥികളുടെ യോഗത്തിൽ പങ്കെടുത്തു.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ മുല്ലശ്ശേരി ദൈവാ ലയത്തിൽ വി. കുർബാനയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഫാമിലി അപ്പസ്തൊലേറ്റിൽവെച്ച് നട ത്തിയ ബധിര-മൂകരായവർക്കായി നടത്തിയ പ്രീകാനയിൽ പങ്കെടുത്തു. ഉച്ചയ്ക്ക് പാലയൂർ ആർച്ച് എപ്പിസ്കോപ്പൽ ദൈവാ ലയത്തിൽ സമൂഹമാമ്മോദീസയ്ക്ക് മുഖ്യകാർമ്മികനായി. തുടർന്ന് കടങ്ങോട് ഇടവകയിൽ സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.
15. ബംഗളൂരു കത്തീഡ്രലിൽ വച്ചു നടന്ന ആർച്ചുബിഷപ്പ് അൽഫോ ൺസൂസ് മത്തിയാസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ അഭി വന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുക്കുകയും സി.ബി.സി. ഐ. പ്രസിഡന്റ് എന്ന നിലയിൽ സന്ദേശം നല്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വേലൂ പ്പാടം സെന്റ് ജോസഫ് ആശുപത്രയിലെ ചാപ്പൽ ആശീർവദിച്ചു.
17. ലാലൂർ ഹോളി ട്രിനിറ്റി ആശ്രമത്തിൽ വച്ച് ബ്രദർ എബിൻ വർ ഗീസ് ഒ.എസ്.എസ്.ടി.യ്ക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഡീക്കൻപട്ടം നല്കി. ടീച്ചേഴ്സ് ഗിൽഡിന്റെ മെറിറ്റ് ഡേ ഫാമിലി അപ്പോസ്റ്റലേറ്റ് സെന്ററിൽ ഉദ്ഘാടനം ചെയ്തു.
18. ബിലീവേഴ്സ് ചർച്ചിന്റെ പുതിയ തലവൻ മെട്രോപ്പോലിറ്റൻ മാർ സാമുവൽ തെയോഫിലോസ് അതിരൂപത കാര്യാലയത്തിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാരുമായി കൂടിക്കാഴ്ച നടത്തി. തെക്കേ ക്കര ജിൻസൺ &സിബി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് വൈകീട്ട് വേലൂർ ഇടവകയിൽ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആലുവ, മംഗലപ്പുഴ സെമിനാരിയുടെ കമ്മീഷനിൽ പങ്കെടുത്തു.

19. ഒളരിക്കര ഹോളി ഫാമിലി കോൺവെന്റിൽ വച്ച് ബഹു. സി. ജോസഫാത്ത് സി.എച്ച്.എഫ്.ന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. പുത്തൂർ ഫൊറോനയിൽ നടക്കുന്ന തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ വി. ഇഗ്നേഷ്യസ് ലയോള ദിനാചരണത്തോടനുബന്ധിച്ച് ഫൊറോനയിലുള്ള ആറ് യൂണിറ്റുകൾ അതിരൂപത കാര്യാലയത്തിൽ വിശുദ്ധന്റെ ഛായാചിത്രം അഭിവന്ദ്യ പിതാവിൽ നിന്നും ഏറ്റുവാങ്ങി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം ജുബിലി മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംങ്ങിൽ പങ്കെടുത്തു.

20. മേരിമാത മേജർ സെമിനാരിയിലെ 'ബെനഫാക്ടേഴ്സ് ഡേയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷനും സാന്ത്വനവും സംയുക്തമായി സംഘടിപ്പിച്ച തയ്യൽ മെഷീൻ വിതരണോദ്ഘാടനം കാത്തലിക് സെന്ററിൽ വച്ച് നിർവഹിച്ചു.ജൂബിലി മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ Graduation Ceremony യിൽ പങ്കെടുത്തു.

21. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ കരുമത്ര ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുന്നംകുളം ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും വിശ്വാസപരിശീലനവിദ്യാർത്ഥികളോട് സംസാരിക്കുകയും ചെയ്തു.

22. ദൈവാലയ ശുശ്രൂഷകർക്കുള്ള ധ്യാനത്തോടനുബന്ധിച്ച് രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കുറുമാൽ ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിക്കുകയും ദൈവാലയ ശുശ്രൂഷകർക്കു സന്ദേശം നല്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ വച്ചു നടന്ന സാമൂഹിക സ്ഥാപനങ്ങളുടെ ഡയറക്ടേഴ്സിന്റെ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മഡോണനഗർ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. പരേതനായ സേവ്യാർ പാണേങ്ങാടനച്ചന്റെ 41-ാം ചരമദിനത്തിന്റെ വി. കുർബാനയിൽ മുഖ്യകാർമ്മികനായി.

23. നെഹ്റു നഗർ കോൺവെന്റിൽ വച്ച് ബഹു. സി. അണിമ എസ്.ജെ.ബി.യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. വൈകീട്ട് കുഴിക്കാട്ടുശ്ശേരിയിൽ ധന്യൻ ജോസഫ് വിതയത്തിൽ അച്ചന്റെ അനുസ്മരണ ദിനാചരണത്തിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിക്കുകയും

അച്ചന്റെ കബറിടത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം ബഹു. ഷെൽട്ടൺ ചിറ്റിലപ്പിള്ളിയച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് കാർമ്മികനായി.

24. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുല്ലഴി ക്രിസ്റ്റീന ഹോമിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് തിരുവില്വാമല സെന്റ് പോൾസ് ഗുരുകുലം സെമിനാരിയിൽ വി. കുർബാനയർപ്പിക്കുകയും സെമിനാരിക്കാരുമോടൊത്ത് ഒരു ദിനം ചിലവിടുകയും ചെയ്തു.

25. സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. യാക്കോബ് ശ്ലീഹായുടെ തിരുനാളും, അതിരൂപതയിലെ വൈദികരുടെ പൗരോഹിത്യത്തിന്റെ രജത ജൂബിലികളും, വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ വിയാനി പുണ്യവാന്റെ തിരുനാളും, വൈദിക സമ്മേളനവും അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കുരിയച്ചിറ, സെന്റ് ജോസഫ്സ് മോഡൽ സ്കൂളിൽ യൂത്ത് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു.

26. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ ആമ്പല്ലൂർ സ്പിരിചൽ ആനിമേഷൻ സെന്ററിൽ വി. കുർബ്ബാനയർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ ആരംഭിക്കുന്ന വിദേശ വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുള്ള അന്താരാഷ്ട്ര കോഴ്സിന്റെ ഉദ്ഘാടനയോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ സെന്റ് ആൻസ് ദൈവാലയത്തിൽ സീനിയേഴ്സ് ദിനത്തോടനുബന്ധിച്ചു നടത്തിയ വി. കുർബാനയിൽ മുഖ്യകാർമ്മികനായി.

27. സൗദി റിയാദിൽ വിശ്വാസ പരിശീലനം നടത്തുന്ന സീറോ മലബാർ സഭയിലെ കുട്ടികൾക്കു ജോർദ്ദാനിയ ധ്യാന കേന്ദ്രത്തിൽ സംഘടിപ്പിച്ച ധ്യാനത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. പാലയൂരിൽ നടന്ന വി. തോമാസ് ശ്ലീഹയുടെ 1950-ാമത് രക്തസാക്ഷിത്വ വാർഷികാചരണ ത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ചരിത്ര സ്മരണിക 'സാന്തോം സ്മൃതി' അതിരൂപത കേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാർ ശ്രീ. ഡേവീസ് എടക്കളത്തൂരിന് നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. ഷെവെലിയാർ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ (എഡിറ്റർ) 'The St. Thomas Christian Encyclopedia' എന്ന ഗ്രന്ഥത്തിന്റെ സുവർണജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സെന്റ്

തോമസ് കോളേജിൽ വച്ചു നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്, രാവിലെ ഡി ബി സി എൽ സിയിൽ ക്രിസ്ഫോം കുട്ടികൾക്കുവേണ്ടി വി. കുർബാനയർപ്പിച്ചു. മുണ്ടൂർ സെന്റ് ഫ്രാൻസിസ് മഠത്തിൽ വെച്ച് നടന്ന, എഫ് സി സി സന്യാസസമൂഹത്തിന്റെ തൃശ്ശൂർ പ്രോവിൻസ് അംഗമയായ സി. ബെലീനയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർ മ്മികത്വം വഹിച്ചു.

28. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ ചുവന്നമണ്ണ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പരിശുദ്ധ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്ത 'World Day for Grandparents and the Elderly' ആചരണത്തിന്റെ ഭാഗമായി ചുവന്നമണ്ണ് കരിസ്മ കോൺ വെന്റ്, ചേറൂർ ക്രൈസ്റ്റ് വില്ല, പുല്ലഴി സെന്റ് ജോസഫ് ഹോം എന്നിവ സന്ദർശിച്ച് അവിടുത്തെ അന്തേവാസികളോടൊപ്പം സമയം ചെലവഴിച്ചു. വൈകീട്ട് പുല്ലഴി ക്രിസ്റ്റീന ഹോമിന്റെ 'ഹോം ഡേ' ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

29. വിശുദ്ധ മർത്തയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ മർത്ത സിസ്റ്റേഴ്സിന്റെ ലൂർദ്ദ് പുരം, ലൂർദ്ദ് മാതാ കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

30. മഴക്കെടുതി മൂലം വരടിയം ഗവൺമെന്റ് സ്കൂൾ, നെല്ലങ്കര കാൽ ഡിയൻ സിറിയൻ ചർച്ച്, നെല്ലങ്കര സെന്റ് സെബാസ്റ്റ്യൻ ദൈവാ ലയം, മരത്താക്കര പള്ളി സ്കൂൾ, ചെമ്പൂക്കാവ് ഹോളി ഫാമിലി സ്കൂൾ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയു ന്നവരെ അഭിവന്ദ്യ പിതാക്കന്മാർ സന്ദർശിക്കുകയും 'സാന്ത്വന' ത്തിന്റെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി നല്കുന്ന അവശ്യവസ്തുക്കൾ കൈമാറുകയും ചെയ്തു.

31. മേയ്ക്കാട്ടുകുളം പൈലി - റിറ്റി ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് രാവിലെ പഴുവിൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു.

## നാമകരണ നടപടികൾ

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം നടത്തിവരുന്ന രണ്ടാം ശനി ഓർമ്മയാചരണം 10.08.2024 ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. എറണാകുളം/അങ്കമാലി അതിരൂപതാംഗവും എടക്കുന്ന് സെന്റ് ആന്റണീസ് അസി. വികാരിയുമായ ബഹു. സച്ചിൻ മാമ്പുഴയ്ക്കൽ അച്ചൻ മുഖ്യകാർമികത്വം വഹിച്ച വി. കുർബാനയിൽ സന്ദേശം നൽകിയത് കപ്പൂച്ചിൻ സന്യാസസമൂഹാംഗമായ ബഹു. ഫാ. ഡേവീസ് ചിറയ്ക്കൽ അഞ്ചിരുക്കാരൻ ഒ.എഫ്.എം. ആയിരുന്നു. എടക്കുന്ന് സെന്റ് ആന്റണീസ് ഇടവകയിലെ ധാരാളം വിശ്വാസികളുടെയും അവിടെയുള്ള ചാരിറ്റി സിസ്റ്റേഴ്സിന്റെയും സാന്നിധ്യവും ആദ്യന്തം തിരുകർമ്മങ്ങളിലെല്ലാമുണ്ടായിരുന്നു. കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ 1991 വർഷത്തിലെ ബാച്ചുക്കാരായിരുന്നു ജപമായ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത്. കോലഴി മരിയഭവൻ സി.എസ്.സി. ജനറേലറ്ററായിരുന്നു ഈ മാസത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്.

ബഹു. ഡേവീഡച്ചന്റെ സന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ


- ദൈവം നമുക്ക് നൽകിയിരിക്കുന്ന വലിയൊരു സമ്മാന

മാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ ദൈവത്തിന്റെ പാദാന്തികത്തിലിരുന്ന് ദൈവത്തെയും മനുഷ്യരേയും സ്നേഹിച്ച പുണ്യവൈദീകനാണദ്ദേഹം. അതുകൊണ്ടാണ് ഇന്ന് ഈ ധന്യപിതാവിന്റെ സന്നിധിയിൽ വന്ന് മാധ്യസ്ഥം തേടുവാൻ നമുക്ക് താൽപര്യമുണ്ടാകുന്നത്.

- ദിവ്യകാരുണ്യ സന്നിധിയിൽ തപസ്സിരുന്ന് ഈശോയുടെ ചിന്തകളും ഈശോയുടെ ഹൃദയമിടിപ്പും, സ്വന്തമാക്കിയ ഈ വന്ദ്യപുരോഹിതൻ ഈശോയുടെ കാലടികളിൽ തന്റെ പാദം സ്പർശിച്ച്, തന്റെ വിളി തിരിച്ചറിയുകയുണ്ടായി. എന്നിട്ട് ഇങ്ങനെ പറഞ്ഞു: ''യേശുവിനെയും അവിടുത്തെ സാമ്രാജ്യത്തെയും അറിയിക്കുവാനാണ് ഞാനും വിളിക്കപ്പെട്ടിരിക്കുന്നത്.''
- യേശുവിന്റെ സാമ്രാജ്യമെന്ന് പറഞ്ഞാൽ അത് സ്വർഗ്ഗരാജ്യമാണ് അത് സ്നേഹം തന്നെയാണ് ആ സ്നേഹം രുചിച്ചറിഞ്ഞതിനാലാണ് ഈശോയെ പോലെ ചിന്തിക്കാനും പ്രവർത്തിക്കുവാനും ഊക്കനച്ചന് സാധിച്ചത്. അതുകൊണ്ട് തന്നെയാണ് പാവങ്ങളും, പാപികളും, രോഗികളും, പീഢിതരും ആലംബഹീനരും അനാഥരുമെല്ലാം ഈ പുണ്യപിതാവിന്റെ സ്നേഹിതരായി തീർന്നത്.
- ഇന്ന് നമ്മുടെ ജീവിതത്തിലും നമ്മുടെ ചിന്തകളും ചെയ്തികളും ഈശോയുടെതായി മാറുമ്പോൾ അവിടുത്തെ തിരിച്ചറിയുവനും കർത്താവിന്റെ സ്നേഹരാജ്യത്തിന്റെ വിസ്തൃതിക്കായി പ്രവർത്തിക്കുവാനും ധന്യനായ ഊക്കനച്ചനെപോലെ നമുക്കും സാധിക്കും അതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ചൊവ്വന്നൂർ സെന്റ് തോമസ് ഇടകവികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ എല്ലാവർക്കും നന്ദിപറഞ്ഞു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



നാം തന്നെയാണ് അപ്പവും വീഞ്ഞും അർപ്പിക്കുന്നത്. വൈദികൻ സഭയുടെ, അതായത് വിശ്വാസികളുടെ ഒരു പ്രതിനിധിയാണ്. യഥാർത്ഥ സമർപ്പകർ സഭ മുഴുവനുമാണ്. പ്രത്യേകിച്ച് സന്നിഹിതനായിട്ടുള്ള എല്ലാവരുമാണ് സമർപ്പകർ. പണ്ടുകാലത്ത് ബാഹ്യ കർമ്മങ്ങൾ തന്നെ ഇതു വെളിവാക്കിയിരുന്നു. ഓരോരുത്തരും കാഴ്ചകൾ കൊണ്ടുവന്നിരുന്നു. കാഴ്ചകളുടെ ഒരു ഭാഗം കുർബാനക്കായി ഉപയോഗിച്ചിരുന്നു. ബാക്കിയുള്ളത് പാവങ്ങൾക്ക് കൊടുത്തിരുന്നു. ഇക്കാലത്ത് വൈദികൻ ചെറിയ ഒരു ഓസ്തി മാത്രമെടുക്കുന്നു. പക്ഷെ അർത്ഥം മാറുന്നില്ല. കാരണം സഭയുടെ എല്ലാ അംഗങ്ങളുടെയും പേരിലാണ് ഓസ്തി അർപ്പിക്കപ്പെടുന്നത്. ഇത് ഭൂമിയിലെ ദൈവത്തിന്റെ കുടുംബം സ്വർഗ്ഗീയ പിതാവിന് അർപ്പിക്കുന്ന കാഴ്ച

യാണ്. ഓസ്തി നമ്മുടെ കാഴ്ചയാണ്. എന്റെ കാഴ്ചയാണ്. അത് നമ്മെയാണ് സൂചിപ്പിക്കുന്നത്. (കാഴ്ചയെന്നാൽ സ്വയം ദാനം എന്നാണർത്ഥം). നമ്മുടെ സ്നേഹവും നന്ദിയും അനുതാപവും ആരാധനയും വിധേയത്വവും നമ്മുടെ ഹൃദയം തന്നെയും അത് ഉൾക്കൊള്ളുന്നു. ദൈവത്തിനുള്ള നമ്മുടെ സമർപ്പണമെന്ന് വി. കുർബാനയെ വിളിക്കാം.

എങ്ങനെയാണ് എല്ലാ വിശ്വാസികൾക്കും അവർ അകലെയാണെങ്കിലും അതു സമർപ്പിക്കാൻ സാധിക്കുന്നത്? എല്ലാ വിശ്വാസികൾക്കും മാമ്മോദീസായിൽ ലഭിക്കുന്ന മുദ്രയുള്ളതിനാൽ വൈദി കൻ അവരെ പ്രതിനിധീകരിക്കുന്നു. അദ്ദേഹവുമായി അവർ 'കൗദാശികമായി' ബന്ധപ്പെട്ടിരിക്കുന്നു. മാമ്മോദീസാ മുദ്ര വഴി തിരുപ്പട്ടത്തിലെ മുദ്രയുമായി ഒരു വിശ്വാസി ബന്ധപ്പെടുന്നു. പ്രത്യേകമായി വസ്തുനിഷ്ഠമായ ഒരൈക്യം മാമ്മോദീസ സ്വീകരിച്ച വ്യക്തിക്ക് വൈദികനോട് ഉണ്ടാകുന്നു. വൈദികൻ 'സമഗ്രത നൽകുന്ന ഒരു വ്യക്തിയാണ്'. കാഴ്ച്ചവെപ്പിലെ നമ്മുടെ 'സ്നേഹത്തിന്റെ സമ്മാനങ്ങൾ' പണ്ട് വിശ്വാസികൾ അൾത്താരയിലേക്ക് കൊണ്ടുവന്നിരുന്ന സമ്മാനങ്ങളെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിൽ മാറ്റം വരുത്തുന്ന കാഴ്ചവസ്തുക്കളാണവ എന്ന് ഗ്രന്ഥകാരനോടുകൂടി ദൈവദാസൻ അന്തോണിയച്ചനും വ്യക്തമാക്കുന്നു.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. 02
ഫാ. ആന്റോ എടക്കുളത്തൂർ 02
ഫാ. ആന്റോ രായപ്പൻ 02
ഫാ. ജെറിൻ അരിമ്പൂർ 06
ഫാ. ക്ലമന്റ് വാഴപറമ്പിൽ 06
ഫാ. ജിയോ തരകൻ 07
ഫാ. ടെറിൻ മുള്ളക്കര 08
ഫാ. പോളി നീലങ്കാവിൽ 08
ഫാ. ഡെമിൻ തറയിൽ 08
ഫാ. ഡേവിസ് ചെറയത്ത് Jr. 10
ഫാ. ഡേവിസ് ചിറമ്മൽ Sr. 10
ഫാ. ഫ്രാൻസിസ് എടക്കളത്തൂർ 10
ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ 13
ഫാ. ജിയോ വേലൂക്കാരൻ 14
ഫാ. ജിനു പയ്യപ്പിള്ളി 17
ഫാ. ജോൺ പോൾ തൈക്കാടൻ 18
ഫാ. ജിയോ കടവി 20
ഫാ. ആന്റണി ആലുക്ക 21
ഫാ. ആന്റോസ് എലുവത്തിങ്കൽ 22
ഫാ. ബെസ്റ്റിൻ കാക്കശ്ശേരി 22
ഫാ. ജോൺ പേരാമംഗലം 23
ഫാ. ജിജോ മാളിയേക്കൽ 25
ഫാ. ചാക്കോ നടക്കവേലിയിൽ 25
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 27
ഫാ. ഫ്രാങ്കോ പുത്തിരി 27
ഫാ. റാഫേൽ വടക്കൻ 29
ഫാ. സൈജൻ വാഴപ്പിള്ളി 30




ഫാ. നൈസൻ ഏലന്താനത്ത് 21
ഫാ. മാത്യു ചാക്കേരി 21
ഫാ. ലിജോ ചിറ്റിലപ്പിള്ളി 21
ഫാ. മാത്യു കുറ്റിക്കോട്ടയിൽ 21
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ21
ഫാ. ജിൻസൻ മുക്കടയിൽ 21
ഫാ. ജിതിൻ നെല്ലങ്കര 21
ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ 21
ഫാ. മാത്യു വെട്ടത്ത് 21
ഫാ. വിൻസെന്റ് ചെറുവത്തൂർ 27
ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി 27
ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ 27
ഫാ. വിൽസൺ കണ്ണനായ്ക്കൽ 27
ഫാ. വിൻസെന്റ് കുണ്ടുകുളം 27
ഫാ. റാഫേൽ ആക്കാമറ്റത്തിൽ 29
ഫാ. ജോൺ ചിറ്റിലപ്പിള്ളി 29
ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ 29
ഫാ. ഗോഡ്വിൻ കിഴക്കൂടൻ 29

| | |
|---|---|
| ഫാ. അലക്സ് മാപ്രാണി | 29 |
| ഫാ. ജോയ് മൂക്കൻ | 29 |
| ഫാ. സിജോ മുരിങ്ങാത്തേരി | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 29 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. റാഫി തട്ടിൽ | 29 |
| ഫാ. സോളി തട്ടിൽ | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |




| | |
|---|---|
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18.09.1915 |
| ഫാ. ചിറമ്മൽ ദേവസ്സി | 1938 |
| ഫാ. അറക്കൽ ജേക്കബ് Sr. | 14.09.1946 |
| ഫാ. വാഴപ്പിള്ളി പോൾ | 17.09.1952 |
| ഫാ. ബ്രഹ്മകുളം സെബാസ്റ്റ്യൻ | 03.09.1960 |
| ഫാ. കൊടിയൻ ആന്റണി | 04.09.1960 |
| ഫാ. അടമ്പുകുളം തോമസ് | 14.09.1962 |
| ഫാ. മാളിയേക്കൽ ആന്റണി | 28.09.1968 |
| ഫാ. മഞ്ഞളി ജോസഫ് | 01.09.1969 |
| ഫാ. ചെറയത്ത് ജോൺ | 19.09.1970 |
| ഫാ. മാമ്പിള്ളി അബ്രാഹം | 02.09.1972 |
| ഫാ. പ്ലാശ്ശേരി ജോൺ | 11.09.1973 |
| ഫാ. ചെമ്മണ്ണൂർ ജേക്കബ് | 20.09.1977 |
| ഫാ. മാളിയേക്കൽ ജോൺ ട്രി. | 30.09.1978 |
| ഫാ. ചിറമ്മൽ ജോൺ | 06.09.1990 |
| ഫാ. കൂനൻ ജോർജ്ജ് | 09.09.1996 |
| ഫാ. തട്ടിൽ അഗസ്റ്റിൻ | 25.09.1996 |
| മോൺ. മാളിയേക്കൽ ആന്റണി | 03.09.2001 |
| ഫാ. തോട്ടാൻ ആന്റണി ട്രി. | 29.09.2001 |
| ഫാ. മാളിയേക്കൽ ജോസഫ് | 11.09.2009 |
| ഫാ. ഐനിക്കൽ ജേക്കബ് | 19.09.2010 |
| ഫാ. അക്കര അഗസ്റ്റിൻ | 15.09.2012 |
| ഫാ. മാറോക്കി പോൾ | 10.09.2017 |
| ഫാ. അറയ്ക്കൽ സെബാസ്റ്റ്യൻ | 20.09.2019 |

## ആദരാഞ്ജലികൾ



### റവ. ഫാ. ആന്റോ എടക്കുളത്തൂർ (72)

തൃശൂർ അതിരൂപതയിലെ വൈദികനായ 2024 ആഗസ്റ്റ് മാസം 12-ാം തീയതി അന്തരിച്ചു.

തൃശ്ശൂർ അതിരൂപത പാവറട്ടി ഇടവകയിലെ പരേതരായ ജോസഫ് + മേരി ദമ്പതികളുടെ മകനായി 1952 സെപ്തംബർ 2 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1980 ഡിസംബർ 26ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു ക്രിസ്തുവിന്റെ ശുശ്രൂഷപൗരോഹിത്യത്തിൽ പങ്കുചേർന്ന് എരുമപ്പെട്ടി, പുതുക്കാട്, പഴുവിൽ, എന്നിവിടങ്ങളിൽ സഹവികാരിയായും പെരിങ്ങോട്ടുകര ഇടവകയിൽ നടത്തുവികാരിയായും ആറ്റത്തറ, വാടാനപ്പിള്ളി, പൊങ്ങണംകാട്, കുണ്ടുകാട്, ചിറക്കൽ, ആറ്റുപുറം, തങ്ങാലൂർ, ആറംപിള്ളി, കിരാലൂർ, എന്നിവിടങ്ങളിൽ വികാരിയായും

സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൃശ്ശൂർ ബസിലിക്കയിൽ കുമ്പസാരക്കാരനായും മരിയാപുരത്തുള്ള എം. എം. ബി. ബ്രദേഴ്സിന്റെ മിഷൻഹോമിൽ കപ്ലോനായും സേവനം ചെയ്തിട്ടുണ്ട്. 2019ൽ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ച അദ്ദേഹം സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

2024 ആഗസ്റ്റ് 16 വെള്ളി രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ വി. ബലിക്കുശേഷം 7.30 മുതൽ 8.30 വരെ മൃതദേഹം പൊതുദർശനത്തിന് വച്ചു. തുടർന്ന് മൃതദേഹം പെരിങ്ങാടുള്ള (പാവറട്ടി) സഹോദരൻ ജോണിയുടെ വസതിയിലേക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് 2 മണിക്ക് മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ പെരിങ്ങാട് വീട്ടിൽ നിന്ന് ആരംഭിച്ചു. തുടർന്ന് മൃതദേഹം പാവറട്ടി ഇടവക ദൈവാലയത്തിലേക്ക് സംവഹിക്കുകയും 3 മണിക്ക് മൃതസംസ്കാരശുശ്രൂഷയുടെ തുടർന്നുള്ള ഭാഗങ്ങൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിലെ തന്റെ സേവനം പൂർത്തിയാക്കി സ്വർഗ്ഗീയസമ്മാനത്തിനായി വിളിക്കപ്പെട്ട എടക്കുളത്തൂർ ബഹു. ആന്റോ അച്ചന് തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലികൾ!

# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
**ജൂലയ് 2024**

**CRI Major Superiors Meet- 2024-25**

14/08/2024 ന് 2 മണിയ്ക്ക് സി. ഹൃദ്യയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. Vice President Rev. Bro. Jose Chungath MMB ഏവരെയും സ്വാഗതം ചെയ്തു. Secretary Rev. Sr. Letizia SMC കഴിഞ്ഞ 2 വർഷത്തെ CRI യുടെ പ്രവർത്തനങ്ങളുടെ രത്നചുരുക്കം അവതരിപ്പിച്ചു. തുടർന്ന് വികാരി ജനറാൾ Fr. Jose Vallooran ന്റെ ആമുഖ പ്രഭാഷണമായിരുന്നു. CRI പ്രസിഡന്റ് Rev. Sr. Sophy Parepadan SABS ചർച്ചാ വിഷയങ്ങൾ അവതരിപ്പിച്ചു. Archbishop Mar Andrews Thazhath അനുഗ്രഹപ്രഭാഷണം നൽകി. അതിരൂപതയുടെ വിവിധ പൊതു പരിപാടികളിലും ഇടവകകളിലെ അജപാലന ശുശ്രൂഷകളിലും സമർപ്പിതർ സാന്നിധ്യം കൊണ്ടും സേവനങ്ങൾകൊണ്ടും നൽകുന്ന സഹകരണത്തിന് അഭിവന്ദ്യ പിതാവ് നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് ചർച്ചാ വിഷയങ്ങളെക്കുറിച്ച് Superior Generals, Provincial എന്നിവർ വിലയേറിയ നിർദ്ദേശങ്ങൾ നൽകി. അന്തിമമായ തീരുമാനം CRI Executive ന് വിട്ടുകൊടുത്തു. Men Congregation ൽ നിന്നു 8 പേരും Women Congregation ൽ നിന്നു 42 പേരും അങ്ങനെ മൊത്തം 50 പേർ പങ്കെടുത്തു. Fr. Abhilash ന്റെ നന്ദി പ്രകടനത്തിലൂടെ യോഗം അവസാനിച്ചു.

**എസ് എ ബി എസ്**

ജൂലയ് 3 ന് പാലയ്ക്കൽ ഇടവകയിൽ സംഘടിപ്പിച്ച യുവജന കൂട്ടായ്മയിൽ സി. ഷാൻ മരിയ പാല്യേക്കര, സി. ഹെലൻ ഗ്രെയ്സ് പുളിക്കൻ പുത്തൻവീട്ടിൽ എന്നിവർ ക്ലാസ് നൽകി. ജൂലയ് 7 മുതൽ 12 വരെ പ്രൊവിൻഷ്യൽ ടീമംഗങ്ങൾ മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രത്തിൽ പ്രാർത്ഥനയിൽ ചിലവഴിച്ചു. ജൂലയ് 12 ന് വികർ പ്രൊവിൻഷ്യൽ സി. മേഴ്സിറ്റ കണ്ണമ്പുഴ പ്രോവിൻസിലുള്ള എല്ലാ സിസ്റ്റേഴ്സിനുമായി ഗൂഗിൾ മീറ്റ് വഴി മാസധ്യാനത്തിനുള്ള ടോക്ക് നൽകി. വേലൂപ്പാടം സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ പുതിയതായി പണിതീർത്ത കപ്പേളയുടെ വെഞ്ചിരിപ്പുകർമ്മം ജൂലയ് 15 ന് അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ

മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലി മദ്ധ്യേ നടന്നു. റവ. ഫാ. ഡോ. പോൾ പൂവത്തിങ്കൾ സി എം ഐ യുടെ നേതൃത്വത്തിൽ ഒരുക്കിയ മ്യൂസിക്ക് പ്രോഗ്രാമിൽ 5 സിസ്റ്റേഴ്സ് പങ്കെടുത്തു. ജൂലയ് 19 ന് പടവരാടുള്ള പോസ്റ്റുലൻസിനെ ബഹു. മദർ സന്ദർശിച്ചു. ജൂലയ് 20 ന് പി ഒ സി യിൽ വച്ച് നടന്ന വോയ്സ് ഓഫ് നൺസിന്റെ ഇലക്ഷനിൽ Content Writer ആയി തെരഞ്ഞെടുക്കപ്പെട്ട സി. ആൻ മരിയ വടാശ്ശേരിയ്ക്ക് അഭിനന്ദനങ്ങൾ! പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ സോഫി പെരേപ്പാടൻ, കൗൺസിലേഴ്സ് സി. മേഴ്സിറ്റ കണ്ണമ്പുഴ, സി. ലിറ്റിൽ മരിയ തെക്കേക്കര, ഫിനാൻസ് ഓഫീസർ സി. ക്ലരീസ മണവാളൻ എന്നിവർ ജൂലയ് 23 ന് മഡോണ സെമിനാരിയിൽ വിശ്രമജീവിതം നയിക്കുന്ന മാർ ജേക്കബ് തൂങ്കുഴിയെ സന്ദർശിച്ച് നാമഹേതുകതിരുനാൾ ആശംസകൾ നേർന്നു. ജൂലയ് 27 ന് പരക്കാട് ഇടവക ദേവാലയത്തിൽ യൂത്ത് മിന്സ്റ്ററി സംഘടിപ്പിച്ച എഴുപതോളം വരുന്ന യുവജനകൂട്ടായ്മയിൽ സി. ഷാൻ മരിയ പാല്യേക്കര ക്ലാസ് എടുത്തു. ജൂലയ് 28 ലോക വയോജനദിനം വിവിധ പരിപാടികളോടെ ഇടവകകളിലും ഭവനസമൂഹങ്ങളിലും നടത്തി. സുപ്പീരീയർ ജനറൽ വെരി. റവ. മദർ റോസിലി ജോസ് ഒഴുകയിലിന്റെ നിർദ്ദേശപ്രകാരം വയനാടിനു വേണ്ടി എല്ലാ ഭവനങ്ങളിലും പ്രത്യേകമായി രാത്രി യാമാരാധന നടത്തി അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ജൂലയ് 31 ന് ബ. പ്രോവിൻഷ്യാളമ്മയുടെ നിർദ്ദേശപ്രകാരം വയനാടിനു വേണ്ടി അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

### സി.എസ്.എം ലൂർദ്നാഥ പ്രോവിൻസ്

ജൂൺ മാസത്തിൽ സിസ്റ്റേഴ്സിനു വേണ്ടിയുള്ള ധ്യാനം ലൂർദുനാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തി. 45 സിസ്റ്റേഴ്സ് പങ്കെടുത്തു. ബഹുമാനപ്പെട്ട ടോമി പുളിന്താനം MSFS അച്ചനാണു ധ്യാനം നയിച്ചത്. മദർ ജനറലിന്റെ ഫീസ്റ്റും ഹോം ഡേ യും ജൂലൈ 20 ന് മണ്ണംപേട്ട കൃപ ഭവൻ ജനറൽലേറ്റിൽ വച്ചു നടത്തി. ജൂലൈ 28-ാം തിയ്യതി വി. മർത്തായുടെ തിരുനാളിനോടനുബന്ധിച്ച് സെന്റ് മർത്താ യൂണിറ്റിലെ അംഗങ്ങൾ പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ചു കൂടുകയും പ്രാർത്ഥനയിലും സ്നേഹവിരുന്നിലും പങ്കെടുക്കുകയും ചെയ്തു. ജൂലൈ 29 ന് വി. മർത്തായുടെ തിരുനാൾ സാഘോഷം കൊണ്ടാടി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ സിസ്റ്റേഴ്സ് വ്രതനവീകരണം നടത്തി. 03/08/2024ൽ ജൂനിയർ സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാനം പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്നു.

## സി. എസ്. എസ്., സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസ്

സീറോമലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസ്സിൽ വെച്ച് 03.07.2024 ന് നടത്തിയ സഭാദിന ആഘോഷപരിപാടികളിൽ സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസയും, സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റയും പങ്കെടുത്തു. ജൂലൈ 15 മുതൽ 20 വരെ പോട്ട ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തിയ വാർഷികധ്യാനത്തിൽ 42 സിസ്റ്റേഴ്സ് സ്നേഹോദയ പ്രൊവിൻസിൽ നിന്നുള്ള വിവിധ മഠങ്ങളിൽനിന്നുമായി പങ്കെടുത്തു. സ്നേഹോദയ പ്രൊവിൻസിലെ 80 വയസ്സിനു മുകളിലുള്ള സിസ്റ്റേഴ്സിനെ ആദരിക്കുന്ന ചടങ്ങിൽ 7 സിസ്റ്റേഴ്സ് പങ്കെടുത്തു. വി. അൽഫോൽസാമ്മയുടെ തിരുന്നാൾ ദിനം ജൂലൈ 28 ന് സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസയുടെ നാമഹേതുകതിരുന്നാൾ സമുചിതമായി ആഘോഷിച്ചു.

### എഫ്.സി.സി.

തിരൂർ സിയോൻ റിന്യുവൽ സെന്ററിൽ വച്ച്  ജൂലായ് 2 മുതൽ 5 വരെ  ബ. സുപ്പീരിയർ ജനറൽ ബ. മദർ ലിറ്റി, ജനറൽ കൗൺസിലേഴ്സ് സി. ജ്യോതിസ്  സി. ജോസിയ എന്നിവരുടെ നേതൃത്വത്തിൽ തൃശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട് പ്രോവിൻസുകളിലെ Fecilitators നായി Synodal Journey നടത്തി.  ബഹു. നോർബർട്ടമ്മയുടെ 10-ാം ചരമവാർഷികത്തോടനുബന്ധിച്ച് മരത്താക്കര മേരി ഇമ്മാക്കുലേറ്റ് ഇടവക ദേവാലയത്തിൽ വച്ച്  ജൂലായ് 5-ാം തീയതി  അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ നേതൃത്വത്തിൽ നടത്തിയ വിശുദ്ധബലിയിലും പ്രാർത്ഥനകളിലും പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. അന്നേദിനം നോർബർട്ടമ്മയെ അനുസമരിച്ച് ബ. സി. റോസ് വെർജീനിയ എഴുതിയ 'മൊഴിമുത്തുകൾ'' എന്ന പുസ്തകം  അതിരൂപത  വികാരി ജനറാൾ പ്രകാശനം ചെയ്തു. ജൂലായ് 6-ാം തീയതി പുത്തൻപീടിക പാദുവ കോൺവെന്റിന്റെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് തൃശൂർ അതിരൂപത  മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലി  അർപ്പിച്ചു. തൃശൂർ ക്ലാര സഭയുടെ മദർ ജനറലും, തൃശൂർ അസ്സീസി പ്രോവിൻസിന്റെ ആദ്യത്തെ മദർ പ്രൊവിൻഷ്യലും ആയിരുന്ന ബ. അൽബർത്തമ്മയുടെ 50-ാം ചരമവാർഷികം ജൂലൈ 11-ാം തിയതി വിവിധപരിപാടികളോടെ അനുസ്മരിച്ചു. അനുസ്മരണായോഗത്തിൽ വച്ച് ബഹു. അൽബർത്തമ്മയുടെ അനുസ്മരണാർത്ഥം സി. മേരി ജോസഫ് തയ്യാറാക്കിയ ചെറിയ കൈ പുസ്തകം പ്രകാശനം ചെയ്യുകയും, സി. അജിൽ ജോസഫ്, അനുസ്മരണാ പ്രഭാഷണം നടത്തുകയും ചെയ്തു.

ജൂലായ് 13ാം തിയതി ഗുരുവായൂർ എൽ. എഫ്. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ വിദ്യാഭ്യാസ സെമിനാറിൽ അസ്സീസി കോർപ്പറേറ്റ് ഏജൻസിയിലെ എല്ലാ അധ്യാപകരും അനധ്യാപകരും പങ്കെടുത്തു. ജൂലായ് 13-ാം തിയതി തൃശ്ശൂർ എം ഐ ഓഡിറ്റോറിയത്തിൽ വച്ച് അൽഫോൻസാഗാർഡൻ പ്രോവിൻസ്തല ഉദ്ഘാടനം നടത്തി. തിരൂർ സിയോൻ റിന്യുവൽ സെന്ററിൽ വച്ച് ജൂലായ് 19 മുതൽ ആഗസ്റ്റ് 23 വരെ 33 Days Retreat നടത്തി. ജൂലായ് 15-ാം തീയതി ഉപവാസപ്രാർത്ഥനാസമ്മേളനം പടവരാട് സെന്റ് ട്രീസാസ് കോൺവെന്റിൽ വച്ചു നടത്തി. ജലായ് 26,28 തീയതികളി ലായി കൂട്ടംകുളം ആബാ കോൺവെന്റിലെ come & see ഘട്ടത്തിലുള്ള അർത്ഥിനികളുടെയും മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിലുള്ള പ്രീപോസ്റ്റുലന്റസ് Phase II ലെ അർത്ഥിനികളുടെയും സ്വർഗ്ഗീയമദ്ധ്യസ്ഥയായ വി. അൽഫോൺസമ്മയുടെ തിരുനാളാഘോഷത്തോടനുബന്ധിച്ച് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു

**സി എസ് സി.**

സ്ത്രീ ശാക്തീകരണ പരിപാടികളുടെ ഭാഗമായി സ്ത്രീകൾക്ക് ബോധവത്കരണ ക്ലാസ്സുകൾ, തൊഴിൽ പരിശീലനം, ഹാൻഡ് എംബ്രോയിഡറി, ബ്യൂട്ടി കെയർ, ഫുഡ് പ്രോസ്സസിംങ്ങ് എന്നീ ഗവൺമെന്റ് അംഗീകൃത കോഴ്സുകൾ കോലഴി, തുറവൻകുന്ന്, മടത്തുംപടി എന്നിവടങ്ങളിൽ വച്ച് നടത്തി, ജൂലൈ 29 ന് സർട്ടിഫിക്കറ്റുകൾ മരിയഭവൻ ജനറലേറ്റിൽ വച്ച് വിതരണം ചെയ്തു.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ആത്മീയ ജീവിതം കൂടുതൽ ആഴത്തിൽ പഠിക്കുന്നതിനും വിചിന്തനത്തിനുമായി മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് പിതൃ ചൈതന്യധാര എന്ന പേരിൽ ക്ലാസ്സുകൾ നടത്തുന്നു. 2024 ആഗസ്റ്റ് 10ന് പ്രൊവിൻഷ്യൽ സൂപ്പീരിയർ ബഹു. മദർ വെൺമയുടെ ഫീസ്റ്റാഘോഷം കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും, സുപ്പീയർ ജനറൽ മദർ റിൻസിയുടെ ഫീസ്റ്റാഘോഷം 20 ന് കോലഴി മരിയ ഭവൻ ജനറലേറ്റിൽ വച്ചും നടത്തി. ജൂലൈ 15 ന് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് വൊക്കേഷൻ പ്രാമോട്ടേഴ്സിന് മദർ വെൺമയുടെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. 2024 ജൂലൈ 20ന് വൈകിട്ട് ആറുമണിക്ക് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മദർ വെണ്മയുടെ നേതൃത്വത്തിൽ മരിയ പ്രവിശ്യയിലെ പ്രാർത്ഥന ഗ്രൂപ്പ് അംഗങ്ങൾക്കു വേണ്ടി മീറ്റിംഗ് നടത്തി. തുടർന്ന് 7 മണിയോടെ ബഹു. ഫാ. രഞ്ജിത്ത് സി എം ഐ യുടെ നേതൃത്വത്തിൽ ക്ലാസും അഭിഷേക ആരാധനയും നടത്തി. മരിയ പ്രവിശ്യയുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ 'സി എസ് സി സഹയാത്ര' സന്ദർശിച്ചത്

കൂനത്തറ, തച്ചനടി, ചേലക്കര എന്നിവിടങ്ങളിലെ രോഗികളെയായിരുന്നു.

## ആദരാഞ്ജലികൾ



സി.എസ്.എസ്. സ്നേഹോദയ പ്രോവിൻസിലെ അംഗമായ റവ. സി. തെരേസ പുതിയാപറമ്പിൽ 11.07.2024 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



26.07.2024 എഫ്.സി.സി മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി ഭവനാംഗമായ ബ. സി. ബെലീന (85) ജൂലായ് 26-ാം തീയതി ഉച്ചയ്ക്ക് 1.40 ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 27-ാം തീയതി രാവിലെ 10.30 ന് തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# ₹ സാമ്പത്തിക കാര്യാലയം

**1. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് സമർപ്പിക്കൽ ഒക്ടോബർ 17-ാം തിയതി മുതലാണ് തുടങ്ങുന്നത്.

| | | | |
|---|---|---|---|
| 1. | ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | നവംബർ 4 | 10.00 am |
| 2. | മാതൃവേദി | നവംബർ 4 | 10.00 am |
| 3. | ജോൺപോൾ പ്രോലൈഫ് | നവംബർ 4 | 11.00 am |
| 4. | ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ | നവംബർ 4 | 11.00 am |
| 5. | കുടുംബകൂട്ടായ്മ | നവംബർ 4 | 12.00 noon |
| 6. | സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് ലിലിയൻ ഫോണ്ടസ് | നവംബർ 4 | 12.00 noon |
| 7. | സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | നവംബർ 5 | 10.00 am |
| 8. | സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | നവംബർ 5 | 11.00 am |
| 9. | ഹോളി ചൈൽഡ് ഹുഡ് | നവംബർ 5 | 11.00 am |
| 10. | ഫ്രാൻസിസ്കൻ അസോസിയേഷൻ | നവംബർ 5 | 12.00 noon |
| 11. | ചൈതന്യ ക്ലീനിക് | നവംബർ 6 | 10.00 am |
| 12. | ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | നവംബർ 6 | 10.00 am |
| 13. | ഡാമിയൻ എസ്റ്റേറ്റ് | നവംബർ 6 | 11.00 am |
| 14. | ഡാമിയൻ ജൂബിലി ശാന്തിഗ്രാം | നവംബർ 6 | 11.00 am |
| 15. | ജൂബിലി മിഷൻ ഹോസ്പിറ്റൽ | നവംബർ 6 | 12.00 noon |
| 16. | ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | നവംബർ 7 | 10.00 am |
| 17. | ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | നവംബർ 7 | 10.00 am |
| 18. | ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | നവംബർ 7 | 11.00 am |
| 19. | കെ.സി.എസ്.എൽ | നവംബർ 7 | 11.00 am |
| 20. | ബൈബിൾ അപ്പസ്തോലേറ്റ് | നവംബർ 7 | 11.00 am |
| 21. | കെ.എൽ.എം, സാക്രിസ്റ്റ്യൻസ് | നവംബർ 7 | 12.00 noon |
| 20. | തൊഴിൽ അഭ്യസന പീഠം | നവംബർ 8 | 10.00 am |
| 22. | സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ | നവംബർ 8 | 10.00 am |
| 23. | ഐ.ടി.ഐ അളഗപ്പനഗർ | നവംബർ 8 | 11.00 am |

| | | | |
|---|---|---|---|
| 24. സ്പിരിചൽ ആനിമേഷൻ സെന്റർ | നവംബർ | 8 | 11.00 am |
| 25. സെന്റ് വിൻസെന്റ്ഡി പോൾ സൊസൈറ്റി | നവംബർ | 8 | 12.00 noon |
| 26. മേരി മാതാ മേജർ സെമിനാരി, മുളയം & MSAT | നവംബർ | 8 | 12.00 noon |
| 27. പാറോക്ക് | നവംബർ | 8 | 12.00 noon |
| 28. ഹോം ഓഫ് ലൗ, മുളയം | നവംബർ | 11 | 10.00 am |
| 29. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | നവംബർ | 11 | 10.00 am |
| 30. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | നവംബർ | 11 | 11.00 am |
| 31. സെന്റ് മേരീസ് മൈനർ സെമിനാരി | നവംബർ | 11 | 11.00 am |
| 32. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | നവംബർ | 11 | 12.00 noon |
| 33. കത്തോലിക്ക കോൺഗ്രസ് | നവംബർ | 11 | 12.00 noon |
| 34. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | നവംബർ | 11 | 12.00 noon |
| 34. കേറ്റിക്കിസം | നവംബർ | 12 | 10.00 am |
| 35. കേറ്റിക്കിസം - ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | നവംബർ | 12 | 10.00 am |
| 36. കാത്തലിക് ഇൻഫർമേഷൻ സെന്റർ | നവംബർ | 12 | 11.00 am |
| 37. കേറ്റിക്കിസം ബുക്ക് സ്റ്റാൾ | നവംബർ | 12 | 11.00 am |
| 38. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | നവംബർ | 12 | 11.00 am |
| 39. ഡി.ബി.സി.എൽ.സി. | നവംബർ | 12 | 12.00 noon |
| 40. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | നവംബർ | 12 | 12.00 noon |
| 41. എക്സൽ അക്കാദമി | നവംബർ | 13 | 10.00 am |
| 42. സി.എൽ.സി | നവംബർ | 13 | 10.00 am |
| 43. അൾത്താര സംഘം | നവംബർ | 13 | 11.00 am |
| 44. ലോഫ് | നവംബർ | 13 | 11.00 am |
| 45. ചർച്ച് ക്വയർ | നവംമ്പർ | 13 | 11.00 am |
| 46. കെ.സി.വൈ.എം | നവംബർ | 13 | 12.00 noon |
| 47. ലേ ലീഡർഷിപ്പ് | നവംബർ | 13 | 12.00 noon |
| 48. ലിജീയൻ ഓഫ് മേരി | നവംബർ | 13 | 12.00 noon |
| 49. സോഷ്യൽ ആക്ഷൻ | നവംബർ | 14 | 10.00 am |
| 50. സോഷ്യൽ വെൽഫെയർ സെന്റർ | നവംബർ | 14 | 10.00 am |
| 51. സോഷ്യൽ ഹൗസിംഗ് സെന്റർ | നവംബർ | 14 | 11.00 am |
| 52. സേവ് എ ഫാമിലി പ്ലാൻ | നവംബർ | 14 | 11.00 am |
| 53. SWIFT | നവംബർ | 14 | 11.00 am |
| 54. സ്ലം സർവീസ് | നവംബർ | 14 | 12.00 noon |

55. മഹാജൂബിലി ട്രെയിനിംഗ്
കോളേജ്, മുള്ളൂർക്കര നവംബർ 14 12.00 noon
56. റീജിണൽ പാസ്റ്ററൽ സെന്റർ
ചേലക്കര നവംബർ 15 10.00 am
57. ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര നവംബർ 15 10.00 am
58. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി നവംബർ 15 11.00 am
59. സെന്റ്ജോസഫ്സ് ഹോം, പുല്ലഴി നവംബർ 15 11.00 am
60. സെന്റ് ജോസഫ് ഭവൻ, പുല്ലഴി നവംബർ 15 11.00 am
61. ക്രൈസ്റ്റ് വില്ല പുവർ ഹോം,
രാമവർമ്മപുരം നവംബർ 15 12.00 noon
62. ആബാ റിന്യൂവൽ സെന്റർ,
രാമവർമ്മപുരം നവംബർ 15 12.00 noon
63. നെസ്റ്റ്, രാമവർമ്മപുരം നവംബർ 15 12.00 noon
64. സെന്റ് പോൾ ഗുരുകുലം,
തിരുവില്വാമല നവംബർ 18 10.00 am
65. പോപ്പ് പോൾ മേഴ്സി ഹോം,
പെരിങ്ങണ്ടൂർ നവംബർ 18 10.00 am
66. മാർ കുണ്ടുകുളം മെമ്മോറിയൽ
റിസർച്ച് & റിഹാബിലിറ്റേഷൻ സെന്റർ നവംബർ 18 11.00 am
67. പോപ്പ് ജോൺ പോൾ പീസ് ഹോം,
പെരിങ്ങണ്ടിയൂർ നവംബർ 18 11.00 am
68. ടിംഹാൻസ്, പെരിങ്ങണ്ടൂർ നവംബർ 18 12.00 noon
69. കലാസദൻ നവംബർ 18 12.00 noon
70. കാത്തലിക് നേഴ്സസ് ഗിൽഡ് നവംബർ 19 10.00 am
71. കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ നവംബർ 19 10.00 am
72. സാവിയോ ഹോം, മനക്കൊടി നവംബർ 19 11.00 am
73. പബ്ലിക് റിലേഷൻസ്& ഡയോമീഡിയ നവംബർ 19 11.00 am
74. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ നവംബർ 19 12.00 noon
75. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ്
സ്കൂൾ, ഏങ്ങണ്ടിയൂർ നവംബർ 19 12.00 noon
76. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം
സ്കൂൾ, കുരിയച്ചിറ നവംബർ 20 10.00 am
77. ടി.ടി.ഐ., കുരിയച്ചിറ നവംബർ 20 10.00 am
78. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ നവംബർ 20 11.00 am
79. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ്
മൂവ്മെന്റ്) നവംബർ 20 11.00 am
80. കരിസ്മാറ്റിക് മൂവ്മെന്റ് നവംബർ 20 11.00 am

| | | |
|---|---|---|
| 81. | എവുപ്രാസ്യ തീർത്ഥകേന്ദ്രം | നവംബർ 20 11.00 am |
| 82. | ഹോളി ക്രോസ് സ.ബി.എസ്.ഇ. സ്കൂൾ ആർത്താറ്റ് | നവംബർ 20 11.00 am |
| 83. | പഴുവിൽ ധ്യാനകേന്ദ്രം | നവംബർ 20 12.00 noon |
| 84. | ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | നവംബർ 21 10.00 am |
| 85. | സെന്റ് ജോർജ്ജ് ഹോസ്റ്റൽ | നവംബർ 21 10.00 am |
| 86. | സെന്റ് തോമാസ് ഹോസ്റ്റൽ | നവംബർ 21 11.00 am |
| 87. | സെന്റ് തോമാസ് കോളേജ് | നവംബർ 21 11.00 am |
| 88. | സെന്റ് തോമാസ് എജുക്കേഷൻ സെന്റർ | നവംബർ 21 12.00 noon |
| 89. | പ്രീസ്റ്റ് വെൽഫയർ ഫണ്ട് | നവംബർ 21 12.00 noon |

## 2. Pancard 12AB Registration

എല്ലാ ഇടവകകളുടേയും സ്ഥാപനങ്ങളുടേയും Pan card ന്റെയും 12 AB Registrationന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ സൂക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് ദയവായി എല്ലാ ഇടവകകളും സ്ഥാപനങ്ങളും അവരവരുടെ Pan card ന്റെയും 12 AB Registrationന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ ഏൽപ്പിക്കാൻ/അയച്ചുതരുവാൻ താല് പര്യപ്പെടുന്നു.അയക്കുവാൻ ഉള്ള മെയിൽ ഐഡി, ഫോൺ നമ്പർ താഴെ കൊടുക്കുന്നു.

procuratortcr@gmail.com

Phone.no- 8289898168

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. സാജൻ വടക്കൻ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളെ,

നിങ്ങൾക്കെല്ലാവർക്കും സുഖമാണെന്ന് വിശ്വസിക്കുന്നു. എല്ലാവരും ഓണപ്പരീക്ഷയ്ക്കുള്ള ഒരുക്കത്തിലായിരിക്കുമല്ലേ. എല്ലാവർക്കും ഞാൻ വിജയാശംസകൾ നേരുന്നു.

സെപ്റ്റംബർ 14ന് വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളെണെന്ന കാര്യം നിങ്ങൾക്കറിയാമല്ലോ.ഈശോയെ തറച്ച യഥാർത്ഥ കുരിശ് കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ അമ്മയായ വിശുദ്ധ ഹെലെന രാജ്ഞി എ.ഡി. 326ൽ കാൽവരിയിൽ നിന്നും കണ്ടെത്തിയതിന്റെ ഓർമ്മയ്ക്കായാണ് എ.ഡി. 638 മുതൽ ഈ തിരുനാൾ ആചരിച്ചു തുടങ്ങിയത്. നിങ്ങളുടെ ഇടവകകളിലും തിരുനാളുമായി ബന്ധപ്പെട്ട ആചരണങ്ങളും പരിപാടികളും ഉണ്ടായിരിക്കുമല്ലോ.അവയിലെല്ലാം താൽപര്യപൂർവ്വം പങ്കെടുക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

പല കുട്ടികളും കഴുത്തിലും കൈകളിലുമെല്ലാം കുരിശു ധരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. നല്ല കാര്യം. എന്നാൽ അത് വെറും അലങ്കാരത്തിനുവേണ്ടിയാണോ അതോ കുരിശിനോടുള്ള ആദരവു കൊണ്ടാണോ എന്ന് നിങ്ങൾ ആത്മപരിശോധന ചെയ്യണം. നമ്മുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ടതും വിശുദ്ധവുമായ അടയാളമാണ് കുരിശ്. കുരിശിലൂടെയാണ് ഈശോ നമുക്കു രക്ഷ നേടിത്തന്നത്. പാപത്തിന്റെ അടിമത്തത്തിൽ നിന്നും ഈശോ നമ്മെ മോചിപ്പിച്ചത് കുരിശിലെ സഹനത്തിലൂടെയാണ്. അതുകൊണ്ടുതന്നെ ക്രിസ്ത്യാനികൾക്ക് കുരിശ് എന്നത് രക്ഷയുടെ അടയാളമാണ്. കുരിശ് ധരിക്കുമ്പോഴും കുരിശ് വരയ്ക്കുമ്പോഴും നമ്മുടെ രക്ഷയുടെ അടയാളത്തെയാണ് നമ്മൾ നെഞ്ചോട് ചേർക്കുന്നത്.

കുരിശ് ധരിക്കാനും വരയ്ക്കാനും മാത്രമല്ല, വഹിക്കാൻ കൂടി ഉള്ളതാണ്. ഈശോ പറഞ്ഞു:'സ്വന്തം കുരിശുവഹിക്കാതെഎന്റെ പിന്നാലെ വരുന്നവന്എന്റെശിഷ്യനായിരിക്കാൻ കഴിയുകയില്ല' (ലൂക്കാ 14: 27). സ്വന്തം കുരിശു വഹിക്കുക എന്നാൽ എന്താണെന്ന് നിങ്ങൾക്ക് മനസ്സിലായോ? അത് നമ്മുടെ ജീവിതത്തിൽ ഓരോ ദിവസവും വരുന്ന സഹനങ്ങളെ ഏറ്റെടുക്കുക എന്നതാണ്. അത്

ചിലപ്പോൾ ചില രോഗങ്ങളാകാം, പഠിക്കാനുള്ള ബുദ്ധിമുട്ടുളാകാം, കൂട്ടുകാരുടെ കളിയാക്കലുകളാകാം. ഇത്തരത്തിൽ ചെറുതും വലുതുമായ സഹനങ്ങളാകുന്ന കുരിശുകളെ ഈശോയെപ്പോലെ സ്നേഹത്തോടെ വഹിക്കാനായി നമുക്ക് സാധിക്കണം. അപ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ ഈശോയുടെ ശിഷ്യരാകുന്നത്.

നമ്മുടെ എല്ലാവരുടെയും അമ്മയായ പരിശുദ്ധ മറിയത്തിന്റെ പിറന്നാൾ ആഘോഷിക്കുന്ന സെപ്റ്റംബർ 8ന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു. വ്യത്യസ്തതകൾ മറന്ന് കേരളീയരെല്ലാവരും ഒന്നിച്ച് ആഘോഷിക്കുന്ന ഓണത്തിന്റെ സന്തോഷം എല്ലാവർക്കും ആശംസിച്ചുകൊണ്ടും, ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചു കൊണ്ടും നിർത്തുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

ദൈവേഷ്ടം മാത്രം നിറവേറ്റാൻ ജീവിച്ച പരിശുദ്ധ കന്യകാ മറിയത്തിന്റെ ജനനതിരുനാൾ ആഗതമാകുകയാണ്. കൃപനിറ ഞ്ഞവളും കർത്താവു കൂടെയുണ്ടായിരുന്നവളുമായ അവൾ കടുത്ത ജീവിതസഹനങ്ങളിലൂടെ കടന്നുപോയി. പക്ഷേ, ആ യാത്ര പരാജ യങ്ങളുടെ പാതാളങ്ങളിലേക്കായിരുന്നില്ല. ഈശോയോടൊപ്പമുള്ള സ്വർഗ്ഗീയ മഹത്വത്തിലേക്കാണ്. 'സകല തലമുറകളും അനുഗൃഹീത എന്നു വിളിക്കുന്ന' ജന്മം! സ്വർഗ്ഗീയ മഹത്വത്തെ ലക്ഷ്യം വച്ച് മുന്നേറി നമ്മുടെയും ജന്മത്തെ സഫലമാക്കാൻ പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ പ്രചോദനം നൽകട്ടെ. അടുത്തമാസം അർദ്ധവാർ ഷിക പരീക്ഷകൾ വരികയാണ്. പരീക്ഷക്കായി കുട്ടികളെ നന്നായി ഒരുക്കുമല്ലോ.

### I. Sunday Catechism

**1. സെപ്റ്റംബർ മാസത്തിൽ നടക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളുടെ വിവരങ്ങൾ**

ക്രിസ് ഫോം 1 സെപ്റ്റംബർ 6-8, 27 -29

ക്രിസ്ഫോം 2 സെപ്റ്റംബർ 20-22

ഇതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**2. ക്രിസ്ദോമുസ് - പാരിഷ്‌ലെവൽ**

മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി വിശ്വാസപരിശീലനകേന്ദ്രം ജൂലൈ മാസം മുതൽ ഇടവകയിൽ ഒരുക്കുന്ന സെമിനാർ. ഈ സെമിനാർ നടത്താൻ താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. Mob.9188131311 ഇതുവരെ ക്രിസ്ദോമുസ് നടത്തിയ യൂണിറ്റുകൾ: മച്ചാട് , വെള്ളാറ്റഞ്ഞൂർ, കോളങ്ങാട്ടുകര, അവിണിശ്ശേരി, കരുമത്ര, പഴുവിൽ, ചൂലിശ്ശേരി, വിയ്യൂർ, ചെമ്പൂക്കാവ്, പനമുക്ക്, ചിറ്റിശ്ശേരി, കണ്ണാറ

**3. യൂണിറ്റ് വിസിറ്റ്**

സെപ്റ്റംബർ 22 ഞായർ മുതൽ യൂണിറ്റ് വിസിറ്റ് ആരംഭിക്കുന്നു. എല്ലാ യൂണിറ്റുകളും വിസിറ്റിനായി ഒരുങ്ങുമല്ലോ.

**4. പ്രിൻസിപ്പൽമാരുടെ കോൺഫ്രൻസ്**

തിയതി: സെപ്റ്റംബർ 29- ഞായർ, 2 ുാ 5 ുാ

സ്ഥലം: ഡിബിസിഎൽസി

**5. അർദ്ധവാർഷിക പരീക്ഷകൾ**

ഒക്ടോബർ 6: I, III, V, VII, IX, XI 2pm - 4 pm

ഒക്ടോബർ 13: II, IV, VI, VIII, X, XII, ACC 2pm - 4 pm

Ref : Annual Programme Page No. 18-22

വിശ്വാസപരിശീലകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസപരിശീലന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക-വാർഷിക പരീക്ഷകൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വാട്സാപ്പ് ഗ്രൂപ്പുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്.

**6. സോഫ്റ്റ് വെയറും പരീക്ഷകളും**

വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട വിവിധകാര്യങ്ങൾ ക്രമീകരിക്കുന്നത് യൂണിറ്റുകൾ സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാൽ യൂണിറ്റുകളിൽ നിന്നുള്ള ഡാറ്റ എപ്പോഴും കൃത്യമാക്കണം. അർദ്ധവാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പറുകൾ യൂണിറ്റുകൾക്ക് നൽകുന്നതിനുള്ള എണ്ണം കണക്കാക്കുന്നത് 'Student Summary' യിൽ നിന്നുമാണ്. അതനുസരിച്ചുള്ള എണ്ണം ചോദ്യപേപ്പർ ആണ് യൂണിറ്റുകളിലേക്ക് നൽകുന്നത്.

**7. സാമൂഹ്യപ്രതിബദ്ധതാദിനം**

ഒക്ടോബർ 2 നു നടക്കുന്ന സാമൂഹ്യപ്രതിബദ്ധതാദിനത്തിൽ പങ്കെടുക്കുന്നതിനായി 11, 12, എസിസി ക്ലാസ്സിലെ വിദ്യാർത്ഥികളെ ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗൂഗിൾ ഫോമിന്റെ ലിങ്കും, മറ്റു വിവരങ്ങളും വൈകാതെതന്നെ അറിയിക്കുന്നതാണ്.

**8. സർവ്വീസ് അവാർഡ്**

സർവ്വീസ് അവാർഡിന് അർഹരാകുന്ന അധ്യാപകരുടെ ലിസ്റ്റ് വിശ്വാസപരിശീലന സോഫ്റ്റ്‌വെയറിൽനിന്നുമാണ് എടുക്കുന്നത്. സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള അധ്യാപകരുടെ പേരുകളേ ഈ ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**9. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix)ആണ് അപ്‌ലോഡ് ചെയ്യേണ്ടത്).

**10. പ്രോഗ്രസ്സ് റിപ്പോർട്ട്**

കുട്ടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ഫോമുകൾ ഡി. ബി. സി. എൽ.സി.യിലെ റിലീജിയസ് സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്.

**11. Merit Day & ACC Convocation**

ആഗസ്റ്റ് 15-ാം തീയതി വ്യാഴാഴ്ച്ച ഉച്ചക്ക് 2 മുതൽ ഡി. ബി. സി. എൽ. സി. ഓഡിറ്റോറിയത്തിൽ വച്ചുനടത്തപ്പെട്ട മെറിറ്റ് ഡേ & എ.സി.സി. കൊൺവെക്കേഷൻ മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഹൈ

സ്കൂൾ വിദ്യാർത്ഥികളുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ഗുരുവായൂർ ഇടവകാംഗമായ ഹെയ്ൻസ് ബൈബിൾ പാരായണം നടത്തി. തൃശ്ശൂർ അതിരൂപത വിശ്വാസ പരിശീലന കേന്ദ്രം ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ സ്വാഗതം പറഞ്ഞു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാ സഹായമെത്രാൻ ടോണി നീലങ്കാവിൽ പിതാവ് അദ്ധ്യക്ഷപ്രസംഗം നടത്തി. മോൺ. ജോസ് കോനിക്കര അനുഗ്രഹപ്രഭാഷണം നടത്തി. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ ഡയറക്ടർ റവ. ഡോ. പോൾ പുളിക്കൻ എസിസി വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

ഡെയിലി കാറ്റക്കിസം പ്രതിനിധി റവ.സി. എൽസ ആന്റോ ആശംസകൾ അർപ്പിച്ചു. എ സി സി പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ മച്ചാട് ഇടവകാംഗം നിയ ഡേവിസ്, പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ പാവറട്ടി ഇടവകാംഗം അൻസ എന്നിവർ പ്രസ്തുത യോഗത്തിൽ അനുമോദനം ഏറ്റുവാങ്ങി സംസാരിച്ചു. വിശ്വാസപരിശീലനം പൂർത്തിയാക്കി ബിരുദം സ്വീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വിശ്വാസപ്രമാണം ചൊല്ലിക്കൊടുത്തു. ശേഷം വിവിധ മേഖലകളിൽ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ യോഗം അനുമോദിക്കുകയും ബിരുദ സർട്ടിഫിക്കറ്റുകൾ സമ്മാനിക്കുകയും ചെയ്തു.

ഒന്നു മുതൽ എസിസി വരെ മുടങ്ങാതെ വന്ന വിദ്യാർത്ഥികൾ, എസിസി, പ്ലസ്ടു റാങ്ക് ഹോൾഡേഴ്സ്, സൺഡേ കാറ്റകിസം, ഡെയ്‌ലി കാറ്റക്കിസം സ്കോളർഷിപ്പ് പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾ, കൂടുതൽ സ്കോർ നേടിയ സ്കൂളുകൾ, പ്രതിഭാ പുരസ്കാരം, സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ്, മിഷൻക്വസ്റ്റ്, എക്സൽ എക്സലൻസ് എക്സാം എന്നിവക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി 965 ഓളം വിദ്യാർത്ഥികൾ വിശ്വാസ പരിശീലനം പൂർത്തിയാക്കി എസിസി സർട്ടിഫിക്കറ്റ് സ്വീകരിച്ചു. അതിരൂപത വിശ്വാസ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി യോഗശേഷം നന്ദി പറഞ്ഞു.

## II. ഡെയ്‌ലി കാറ്റകിസം

1. സ്കൂൾ വേദോപദേശം & സന്മാർഗ്ഗശാസ്ത്രം അർദ്ധവാർഷികപരീക്ഷകൾ

സെപ്റ്റംബർ 27 വെള്ളി.

രാവിലെ : Std. I, III, V, VII, IX

ഉച്ചതിരിഞ്ഞ്: Std. II, IV, VI, VIII, X, XII

അഫിലിയേഷൻ ഫീ അടക്കാത്തവരും സ്റ്റാറ്റിസ്റ്റിക്സ് ഫോം തരാത്തവരും എത്രയും പെട്ടെന്ന് തരേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് ഫോം തന്നവരുടെ ചോദ്യപേപ്പർ മാത്രമാണ് ഇവിടെ തയ്യാറാക്കുന്നത്.

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY
## TRICHUR D B C L C
**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

ഫസ്റ്റ് സെമസ്റ്ററിലെ Fundamental Moral Theology and Commandments (Rev. Dr. Saji Kanayakal), Christian Latin (Rev. Dr. Varghese Melit Palathingal), Introduction to Judaism (Rev. Dr. Demin Tharayil), Social Teachings of the Church (Prof. K. M. Francis), Introduction to the Bible (Rev. Dr. Vincent Alappatt) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

ജൂലായ് 07 ന് മതബോധനശാസ്ത്രം (Rev. Dr. Sajan Pindiyan), ജൂലായ് 21 ന് അനുരഞ്ജന കൂദാശ (Rev. Dr. Verghese Melit palathingal), ഓഗസ്റ്റ് 04 യുഗാന്ത്യദൈവശാസ്ത്രം (Rev. Dr. Sebastian Chalackal), ഓഗസ്റ്റ് 18 സാമൂഹിക നീതി (Rev. Dr. Saji kanayankkal) എന്നീ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months Regular Theology Courലെ ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**4. Online Certificate Course in Theology (Two Years)**

ഓഗസ്റ്റ് 11 ന് Comprehensive Written Exam നടന്നു.

**5. Basic Bible Course (BBC)**

ജൂലായ്, ഓഗസ്റ്റ് മാസം ക്ലാസ്സ് നയിച്ചവർ – Rev. Dr. Freddy Eluvathinkal, Rev. Dr. Davis Panakkal CMI

**6. Certificate Course on Guidance and Counselling**

ജൂലായ്, ഓഗസ്റ്റ് മാസങ്ങളിൽ Rational Emotive Behaviour Therapy (Rev. Sr. Metilda CHF), Existential Therapy (Rev. Dr. Alex Marottickal) എന്നീ ക്ലാസ്സുകൾ നടന്നു.

**7. Certificate Course in Sacred Liturgy**

ജൂലായ്, ഓഗസ്റ്റ് മാസങ്ങളിൽ Historical Development of Liturgy (Rev. Dr. Demin Tharayil ), Liturgical Spirituality and Liturgical Catechesis (Rev. Dr. Sajan Pindiyan), Active Participation in the Liturgy and Word of God in the Liturgy (Rev. Fr. Bastin Punnoliparambil), Development of Eucharistic Theology (Rev. Dr. Sebastian Chalackal) എന്നീ ക്ലാസ്സുകൾ നടന്നു.

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

## എക്സൽ അക്കാദമി

**K-TET (Kerala Teachers Eligibility Test)**

K-TET Exam നുള്ള കോച്ചിങ്ങിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു. കാറ്റഗറി 1,2,3,4 (LP, UP, High School) ടീച്ചർമാർക്കുള്ള K-TET കോച്ചിങ്ങിന്റെ പതിനെട്ടാമത്തെ ബാച്ചാണ് ആരംഭിക്കുന്നത്. അഡ്മിഷൻ തുടരുന്നു.

**സിവിൽ സർവ്വീസ് കോഴ്സ്**

സിവിൽ സർവ്വീസ് കോഴ്സ്, സീനിയർ വീക്കെന്റ്, ഡെയ്ലി ബാച്ച് കോഴ്സുകളുടെ പുതിയ ബാച്ച് ആഗസ്റ്റ് ആദ്യം ആരംഭിക്കും. പ്ലസ് വൺ, പ്ലസ് ടു, ഡിഗ്രി, പിജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്.

**Excel Foundation Course**

2024 ജൂലായ് 13-ാം തിയതി ശനിയാഴ്ച ആരംഭിച്ച Excel Foundation

Courseന്റെ (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ളാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

(Coaching Centre for Minority Youth)

ജൂലായ് മാസത്തിൽ ആരംഭിച്ച കേരള സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**മാസധ്യാനം**

ജൂലൈ 12,13 തീയതികളിൽ ബഹുമാനപ്പെട്ട ഫാ. ജോസ് മരിയദാസ് ഒ.ഐ.സി. ധ്യാനചിന്തകൾ പങ്കുവെച്ചു.

**ബുക്ക് സ്റ്റാൾ**

മേരിമാതാ മേജർ സെമിനാരിയുടെ ഈ അധ്യായന വർഷത്തിലെ ബുക്ക് സ്റ്റാൾ ഉദ്ഘാടനം ജൂലൈ 19 നു നടക്കുകയുണ്ടായി. മേരിമാതാ മേജർ സെമിനാരിയുടെ വൈസ് റെക്ടറായ ബഹുമാനപ്പെട്ട ഫാദർ ഫ്രീജോ പാറക്കൽ ഉദ്ഘാടനം ചെയ്തു.

**ഉപകാരികളുടെ സംഗമം**

ജൂലൈ 20 ശനിയാഴ്ച മേരിമാതാ മേജർ സെമിനാരിയിൽ ഉപകാരികളുടെ സംഗമം സമുചിതമായി നടക്കുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ രാവിലെ നടന്ന യോഗത്തിൽ മേരിമാതാ മേജർ സെമിനാരിയുടെ

റെക്ടർ ഫാദർ സെബാസ്റ്റ്യൻ ചാലക്കൽ സ്വാഗതം ചെയ്തു. ശേഷം മേരിമാതാ മേജർ സെമിനാരിയുടെ സ്റ്റാഫ് സെക്രട്ടറിയായ ബഹുമാനപ്പെട്ട സിന്റോ പൊറുത്തൂർ അച്ചൻ റിപ്പോർട്ട് അവതരിപ്പിച്ചു. മേരിമാതാ മേജർ സെമിനാരിയുടെ പ്രോക്യൂറേറ്റർ ബഹുമാനപ്പെട്ട ഫാദർ ജിക്സൺ താഴത്ത് യോഗത്തിൽ കണക്ക് അവതരിപ്പിച്ചു. മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത മുഖ്യസന്ദേശം നൽകി. തുടർന്ന് മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയുണ്ടയി. സ്നേഹവിരുന്നിന് ശേഷം മാർ ടോണി മെത്രാൻന്റെ അദ്ധ്യക്ഷതയിൽ Marymatha Seminarians Assistance Trust ന്റെ അഡ്വൈസറി ബോർഡിന്റെ യോഗം നടക്കുകയുണ്ടായി.

### Mid-Semester Exams

മേരിമാതാ സെമിനാരിയിൽ ദൈവശാസ്ത്ര തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ആദ്യഘട്ട പരീക്ഷകൾ ജൂലൈ 22 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ നടക്കുകയുണ്ടായി.

### One Day Outing

ഈ അധ്യായന വർഷത്തിലെ One day Outing ജൂലൈ 30 ന് ആയിരുന്നു. പ്രഭാതത്തിലെ ദിവ്യബലിക്ക് ശേഷം അധ്യാപകരും വിദ്യാർത്ഥികളും വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ യാത്രയായി.

### ആശ്വാസ തണൽ

ഓഗസ്റ്റ് 2 വെള്ളിയാഴ്ച മേരിമാതാ സെമിനാരിയിലെ വൈദികരും വൈദിക വിദ്യാർഥികളും ചേർന്ന് മുളയം ഗ്രാമത്തിലെ പ്രളയ ബാധിതരായ ഏതാനും വീടുകളിൽ ശ്രമദാനം നടത്തുകയുണ്ടായി.

### വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

ഓഗസ്റ്റ് 3 ന് വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. അന്നേദിവസം ഒന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ അവരുടെ ബാച്ച് പ്രോഗ്രാം അവതരിപ്പിച്ചു. 'വീണ്ടുവിചാരങ്ങൾ' എന്ന അമേച്വർ നാടകമാണ് വേദിയിൽ അരങ്ങേറിയത്.

### അന്തർദേശീയ പഠനശിബിരം

മേരിമാതാ മേജർ സെമിനാരിയിൽ 'ക്രിസ്തീയ യുവജനതയുടെ ദേശാന്തരവാസം: വെല്ലുവിളികളും സാധ്യതകളും സഭയിലും സമൂഹത്തിലും' എന്ന വിഷയത്തെ അധികരിച്ച് ആഗസ്റ്റ് 9, 10 തീയതികളിൽ അന്തർദേശീയ പഠനശിബിരം സംഘടിപ്പിക്കുകയുണ്ടായി. റവ. ഡോ. ബിജു വാഴപ്പിള്ളി, റവ. ഡോ. വിൻസന്റ് ആലപ്പാട്ട്, റവ. ഡോ. പോൾ പുളിക്കൻ എന്നിവർ പ്രസ്തുത സിംപോസിയത്തിന് നേ

തൃത്വം നല്കി. പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. അനിൽ കെ. എസ് ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, എന്നിവർ സിംപോസിയത്തിൽ പങ്കെടുക്കുകയുണ്ടായി. റവ. ഡോ. ലൂക്ക് തടത്തിൽ, റവ. ഡോ. അൽജോ കരേരക്കാട്ടിൽ, ഡോ. അമി കാസ്റ്റിൽ, റവ. ഡോ. ഷിബി കാട്ടികുളക്കാട്ട് എം.സി.ബി.എസ്, ഡോ. ജൂലി പി. ലാസർ, റവ. സി. ഷിപ്സി അഗസ്റ്റിൻ സിം.എം.സി, റവ. ഡീക്കൻ ടോം താടിക്കാരൻ, റവ. ഡീക്കൻ ജിതിൻ നെല്ലാനിക്കോട്, റവ. ഡോ. ജോബി കുന്നത്ത് സി.എം.ഐ, റവ. ഡോ. അബ്രഹാം മുളമൂട്ടിൽ എന്നിവർ സിംപോസിയത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സെന്റ് മേരിസ് കോളേജ്, തൃശ്ശൂർ; വിമല കോളേജ്, തൃശ്ശൂർ; ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, തൃശൂർ എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളും സിംപോസിയത്തിൽ സംബന്ധിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Benefactor Membership

1) ശ്രീമതി സിജി ചെറിയാൻ സി. W/o സാജൻ ജോസ് എൻ. നീലങ്കാവിൽ ഹൗസ്, പാവറട്ടി.

Individual Well Wisher Membership

1) ശ്രീ. സി.ഡി. വിൻസന്റ്, ചിറയത്ത് ഹൗസ്, പൂവത്തൂർ.
2) ശ്രീ. ഫെബിൻ ഫ്രാൻസിസ്, ചിറ്റിലപ്പിള്ളി ഹൗസ്, വടൂക്കര, കുർക്കഞ്ചേരി.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

**100 പഴവർഗ സസ്യങ്ങൾ കൈമാറി**

കാലാവസ്ഥാ വ്യതിയാന പ്രതിരോധ പദ്ധതിയായ പുനർജനി പദ്ധതിയുടെ ഭാഗമായി കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ നിന്നുള്ള അസിസ്റ്റന്റ് പ്രൊഫസറുമാരായ ഡോ. അമ്പിളിയും ഡോ. അപ

ർണയും ചേർന്ന് ജൂബിലി ആയുർവേദ മിഷൻ ആശുപത്രിക്ക് 100 പഴവർഗ്ഗ സസ്യങ്ങൾ കൈമാറി. രാമവർമപുരം ജൂബിലി ആയുർവേദ ക്യാമ്പസ്സിൽ നടന്ന ചടങ്ങിൽ വൃക്ഷതൈ നട്ടുകൊണ്ട് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജൂബിലി ആയുർവേദ ചീഫ് കൺസൾട്ടന്റ് ഡോ. സിസ്റ്റർ ഡൊണാറ്റ കാലാവസ്ഥാ വ്യതിയാന പ്രതിരോധത്തെ കുറിച്ചുള്ള സന്ദേശം നൽകി. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് ആശംസകൾ നേർന്നു. ജൂബിലി ആയുർവേദ കൺസൾട്ടന്റുമാരായ ഡോ. സി. നിർലീന, ഡോ. ഹാർവിൻ ജോർജ് എന്നിവരും സ്റ്റാഫുകളും ചടങ്ങിൽ പങ്കെടുത്തു.

**മെഡിക്കൽ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ്**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ 16-ാമത് ബാച്ച് എം. ബി.ബി.എസ്. വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങായ ഇനിസി യോ-24 നടന്നു. വെല്ലൂർ സി.എം.സി. ഡയറക്ടറായ ഡോ. വിക്രം മാത്യൂസ് മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. ജിയോ പ്ലാറ്റ്ഫോം സീനിയർ വൈസ് പ്രസിഡണ്ട് കെ.സി. നരേ ന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. പ്രവീലാൽ കുറ്റിച്ചിറ വിദ്യാർത്ഥികളെ പരിചയപ്പെടുത്തി. മെഡിക്കൽ സൂപ്ര ണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ പ്രതിജ്ഞ ചൊല്ലി കൊടുത്തു. യു.പി.എസ്.സി. സിവിൽ സർവ്വീസ് പരിക്ഷയിൽ റാങ്ക് ജേതാവായ 2013 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥിയായ ഡോ. ഐസക്ക് ജോസിനെ ചടങ്ങിൽ ആദരിച്ചു. ആശുപത്രിയുടെ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നന്ദി പറഞ്ഞു.

**മുലയൂട്ടൽ വാരം**

ജൂബിലിയിൽ ലോക മുലയൂട്ടൽ വാരത്തിന്റെ ഭാഗമായി മുല യൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധയിനം കാര്യപരിപാടി കൾ നടത്തി. ഓഗസ്റ്റ് 1 മുതൽ 7 വരെയാണ് ലോക മുലയൂട്ടൽ വാരമായി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ആചരിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ ദീപം തെളിയിച്ചുകൊണ്ട് കാര്യപരിപാടികൾ ഔദ്യോഗികമായി ഉദ്ഘാ ടനം ചെയ്തു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി കള്ളിവളപ്പിൽ, ഗൈനക്കോളജി വിഭാഗം മേധാവി ഡോ. സറീന ഗിൽവാസ്, പീഡിയാട്രിക് വിഭാഗം അസോസിയേറ്റ് പ്രൊഫസർ

ഡോ. അപർണ നമ്പൂതിരിപ്പാട്, നിയോനാറ്റോളജി വിഭാഗം അസി. പ്രൊഫസർ ഡോ. വിമൽ വിൻസന്റ് കെ., ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ബ്രസ്റ്റ് മിൽക്ക് ബാങ്കിന്റെ നടത്തിപ്പിൽ ആദ്യകാലം മുതൽക്കേ സഹകരിച്ച് വരുന്ന റോട്ടറി ക്ലബ്ബ് അംഗങ്ങളായ പോളി ജോൺ, ഡോ. രകീഷ് പി., ഡോ. ഫ്രാൻസി ജോസഫ്, ജാക്സൻ ഡേവിഡ് എന്നിവർ അനുമോദനങ്ങൾ അർപ്പിച്ച് സംസാരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മുലപ്പാൽ ബാങ്കിലേക്ക് ഇരുപത് ലിറ്ററോളം പാൽ സംഭാവന ചെയ്ത പ്രവീണ വിനീഷിനെ മൊമെന്റോ നൽകി ആദരിച്ചു. മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുതിനായി വിവിധയിനം കാര്യപരിപാടികൾ നവജാതശിശു വിഭാഗം മേധാവി ഡോ. നെൽബി ജോർജിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരുന്നു. നേഴ്സിങ്ങ് വിദ്യാർത്ഥികൾക്കും നേഴ്സിങ്ങ് സ്റ്റാഫിനും ആയി പോസ്റ്റർ മത്സരം നടത്തി. ഇതുകൂടാതെ മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസുകളും ക്വിസ് മത്സരവും നടത്തി.

**സൗജന്യ വൈദ്യപരിശോധനയും മരുന്നു വിതരണവും**

തൃശ്ശൂർ ജില്ലയിലെ അതിതീവ്ര മഴയെ തുടർന്നുണ്ടായ വെള്ളപ്പൊക്കം മൂലം വിവിധ കേന്ദ്രങ്ങളിലേക്ക് മാറ്റിപാർപ്പിക്കപ്പെട്ട ആളുകൾക്കായി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധയിടങ്ങളിലായി മെഡിക്കൽ ക്യാമ്പുകൾ നടന്നു. തലോർ, മരത്താക്കര, നെന്മണിക്കര, പാഴായി, ചെറുവാൾ എന്നീ സ്ഥലങ്ങളിലാണ് ക്യാമ്പുകൾ നടത്തിയത്. 11 ഡോക്ടർമാരടങ്ങിയ ആരോഗ്യപ്രവർത്തകരുടെ സംഘം ദുരിതബാധിതർക്കായി വൈദ്യപരിശോധനയും രക്തപരിശോധനകളും നടത്തുകയും അടിയന്തിര ചികിത്സയക്കാവശ്യമായ മരുന്നുകൾ നൽകുകയും ചെയ്തു. നെന്മണിക്കര പഞ്ചായത്ത് പ്രസിഡണ്ട് ടി. എസ്. ബൈജു, ജൂബിലി മിഷൻ ആശുപത്രി അസി.ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ജോ തോമസ്, ഡോ. പൊന്നു, ഡോ തോംസൻ, ഡോ. രാധിക, ഡോ. രാഖി എന്നിവരാണ് ക്യാമ്പുകൾക്ക് നേതൃത്വം നൽകിയത്. മെഡിക്കൽ കോളേജിൽ നിന്നുള്ള 35-ഓളം വിദ്യാർത്ഥി സദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ ക്യാമ്പുകളിലെ അംഗങ്ങൾക്കായി മഴക്കാല രോഗങ്ങളെക്കുറിച്ചും വെള്ളപ്പൊക്കം മൂലം ഉണ്ടാകാവുന്ന രോഗങ്ങളെക്കുറിച്ചും അവയുടെ പ്രതിരോധ നടപടികളെക്കുറിച്ചും ബോധവത്കരണ ക്ലാസുകളും നടത്തി. തുടർന്ന് പ്രതിരോധ ഗുളികകളും വിതരണം ചെയ്തു. പ്രളയബാധിത പ്രദേശങ്ങളിൽ വൈദ്യസഹായം എത്തിക്കുന്നതിനായി ജൂബിലി മിഷൻ ആശുപത്രിയിൽ ഒരു സന്നദ്ധ സംഘം രൂപീകരിച്ചിട്ടുണ്ടെന്ന് ആശുപത്രി ഡയറക്ടർ ഫാ. റെന്നി

മുണ്ടൻകുരിയൻ അറിയിച്ചു.

**വിയ്യൂർ ജയിലിൽ ത്വക്‌രോഗ നിർണ്ണയക്യാമ്പ് സംഘടിപ്പിച്ചു.**

ത്വക് രോഗ വിദഗ്ധരുടെ സംഘടനയായ IADVL-ന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ ആശുപത്രിലെ ത്വക് രോഗ വിദഗ്ധരുടെ നേതൃത്വത്തിൽ വിയ്യൂർ സെൻട്രൽ ജയിലിൽ ത്വക് രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സെൻട്രൽ ജയിൽ സൂപ്രണ്ട് കെ. അനിൽകുമാർ അധ്യക്ഷത വഹിച്ചു. ത്വക് രോഗ വിഭാഗം മേധാവി ഡോ മേഴ്‌സി പോൾ സംസാരിച്ചു. അസോസിയേറ്റ് പ്രൊഫസർ ഡോ. ഡേവിഡ് പുതുക്കാടൻ, അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ വർഗ്ഗീസ് ജെയിംസ്, ഡോ. നിമ തെരേസ ആൻഡ്രൂസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**സ്വർണത്തിളക്കവുമായി യുവ ഡോക്ടർ**

പാലക്കാട് നടന്ന സംസ്ഥാന ഷൂട്ടിങ് ചാംമ്പ്യൻഷിപ്പിൽ വ്യക്തിഗത വിഭാഗത്തിലും ടീം ഇനത്തിലും സുവർണനേട്ടം കൈവരിച്ച് ജൂബിലി ഹോസ്പിറ്റലിലെ സർജനും മാവേലിക്കര സ്വദേശിയുമായ യുവ ഡോക്ടർ. മാവേലിക്കര കല്ലുമല കനവ് ഡോ. ഷാജി മാത്യു വർഗീസിന്റെയും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുന വർഗീസിന്റെയും മകൻ ഡോ. മോഹിത് മാത്യു ആണ് എയർ പിസ്റ്റൾ വിഭാഗത്തിൽ സ്വർണമെഡൽ നേടിയത്. ടീം ഇനത്തിൽ ഡോ. മോഹിത് ഉൾപ്പെട്ട തൃശൂർ ജില്ലാ ടീമും സ്വർണം നേടി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം. ബി. ബി. എസിന് പഠിക്കുന്ന സമയത്ത് ഷൂട്ടിങ്ങിൽ താൽപര്യം തോന്നിയാണ് പരിശീലനം നേടിയത്. നിലവിൽ തൃശൂർ ജില്ലാ റൈഫിൾ അസോസിയേഷൻ റേഞ്ചിലാണ് പരിശീലനം നേടുന്നത്.

**പുതിയ ഡോക്ടർമാർ**

ഡോ. എമിൽ ഡേവിസ് (ജെറിയാട്രിക് വിഭാഗം)

**അഭിനന്ദനങ്ങൾ**

- ബി. എസ്. സി. നഴ്സിങ്ങ് പരീക്ഷയിൽ (ആരോഗ്യ സർവകലാശാല 2019-2024 ബാച്ച്) മിസ്. ജോസ്ന ജോസ് ഓം റാങ്ക് കരസ്ഥമാക്കി.
- ഡി.എ.സി.ടി ഓൾ ഇന്ത്യ ലെവൽ പരീക്ഷയിൽ (സി.എം.എ.ഐ) മിസ് സാന്ദ്ര ബൈജു രണ്ടാം റാങ്ക് കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

- റോട്ടറി ക്ലബ്, തൃശ്ശൂർ
- ലില്ലി തോമസ്, പോന്നോർ ഹൗസ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ബേബി പി എ, ഇൻഷൂറൻസ് ഡിപ്പാർട്ടുമെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മരിയ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ലോറിയ 2024**

സെന്റ് തോമസ് കോളേജിൽ 2023-2024 അദ്ധ്യയനവർഷത്തിൽ ബിരുദം, ബിരുദാനന്തര ബിരുദം എന്നിവ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, എൻ.ഐ. സി.എച്ച്.ഇ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ടെസ്സി തോമസ്, മലയാളം യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ശ്രീ. കെ.ജയകുമാർ ഐ.എ.എസ് എന്നിവരായിരുന്നു മുഖ്യ അതിഥികൾ.

**2. സൈലന്റ് റീഡിംഗ് 2.0**

സാമ്പത്തിക ശാസ്ത്ര വിഭാഗം വായനാ ദിനത്തിന്റെ ഭാഗമായി 'സൈലന്റ് റീഡിംഗ് 2.0' എന്ന പരിപാടി സംഘടിപ്പിച്ചു.

**3. 96-ാം ഓപ്പൺ ഡിഫെൻ - വൈവ വോയ്സ്**

ഇംഗ്ലീഷ് വിഭാഗം റിസർച്ച് സ്കോളറായ ഷീജി റാഫേലിന്റെ ഓപ്പൺ ഡിഫൻസും വൈവ വോയ്സും മേനാച്ചേരി ഹാളിൽ വച്ച് നടന്നു.

**4. വായനാദിനം ആചരിച്ചു**

സെന്റ് തോമസിലെ കവിപ്രതിഭ ഹാളിൽ വച്ച് വായനാദിനം ആചരിച്ചു. രമാ മേനോൻ ആയിരുന്നു മുഖ്യ അതിഥി.

** മലയാളവിഭാഗം വായനാദിന ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത് ക്രിമിനോളജി വിഭാഗം വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം അഞ്ചന എം.ടി, ഭാഗ്യലക്ഷ്മി. രണ്ടാം സ്ഥാനം കെമിസ്ട്രി വിഭാഗം അനന്ദലക്ഷ്മി. എസും, വിഷ്ണു.കെ.യും കരസ്ഥമാക്കി.

**5. സന്തോം മഹലനോബിസ് ക്വിസ് മത്സരം**

സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം സന്തോം മഹലനോബിസ് ക്വിസ് മത്സരം സംഘടിപ്പിച്ചു.

**6. ന്യൂ വോയ്സസ്, ന്യൂ റീഡിംഗ്**

റീഡേഴ്സ് & റൈറ്റേഴ്സ് ക്ലബും ഇംഗ്ലീഷ് വിഭാഗവും ഒത്ത് ചേർന്ന് വായനാ വാരത്തിന്റെ ഭാഗമായി 'ന്യൂ വോയ്സസ് ന്യൂ റീഡിംഗ്' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ റവ.ഡോ.മാർട്ടിൻ കെ.എ. സെമിനാറിന് അദ്ധ്യക്ഷത വഹിച്ചു. 'നമ്മുടെ ജീവിതത്തിലെ പുസ്തകങ്ങൾ' എന്ന വിഷയ ത്തിൽ പ്രൊഫ. ഐ. ഷൺമുഖദാസ് (ചലച്ചിത്ര നിരൂപകനും ഇംഗ്ലീഷ് വിഭാഗത്തിലെ പൂർവ്വ വിദ്യാർത്ഥിയും) ഉദ്ഘാടന പ്രസംഗം നടത്തി. ഡോ. മേഘ കെ. ജയദാസ് (അസി. പ്രൊഫ. ഓഫ് ഇംഗ്ലീഷ്, സെന്റ് ജോസഫ് യൂണിവേഴ്സിറ്റി, ബെംഗളൂരു) 'ജെൻഡർഡ് റീഡിംഗ്' എന്ന വിഷയത്തിൽ പ്രത്യേക പ്രഭാഷണം നടത്തി. 'വായന ക്കാരും വായനയും' എന്ന വിഷയത്തിൽ സാഹിത്യ കാരൻ ശ്രീ. കെ. പി. രാമനുണ്ണി പ്രസംഗിച്ചു.

**8. ഒന്നാം വർഷ യു.ജി പ്രോഗ്രാം**

സെന്റ തോമസ് കോളേജിൽ ഒന്നാം വർഷ യു.ജി പ്രോഗ്രാമിന്റെ ഉത്ഘാടനവും ഓറിയന്റേഷനും നടന്നു. പ്രവീൺ ചിറയത്തായിരുന്നു മുഖ്യ പ്രാസംഗികൻ.

**9. ജസ്റ്റിഷ്യ ദിനാചരണം**

രാജ്യാന്തര നീതി ദിനത്തിൽ സെന്റ് തോമസ് കോളേജിലെ സാമൂഹിക പ്രവർത്തന വിഭാഗവും ക്രിമിനോളജി ആൻഡ് പോ ലീസ് സയൻസ് വിഭാഗവും ചേർന്നു ജസ്റ്റിഷ്യ ദിനാചരണം നടത്തി. കോളേജ് എക്സി. മാനേജർ ഫാ. ബിജു പാണേങ്ങാടൻ ഉത്ഘാടനം ചെയ്ത ചടങ്ങിൽ കോളേജ് പ്രൻസിപ്പൽ അദ്ധ്യക്ഷത വഹിച്ചു. കേരള ട്രാൻസ്പോർട്ട് കമ്മീഷണർ എസ്. ശ്രീജിത്ത്, വൈസ് പ്രിൻസിപ്പൽ ശ്രീ. ഫെബിൻ ബേബി, ഡോ. ശ്വേത തോമസ്, ശ്രീ. ജിജോ കുരുവിള എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**10. സ്ലേവ്**

സാമൂഹിക പ്രവർത്തന വിഭാഗവും വിമുക്തി തൃശ്ശൂരും ഒത്തു ചേർന്ന് മയക്കുമരുന്ന് ദുരുപയോഗത്തിനും അനധികൃത കടത്തിനും എതിരായ അന്താരാഷ്ട്ര ദിനം നിരീക്ഷിക്കുന്നതോടനുബന്ധിച്ച് 'സ്ലേവ്' എന്ന പരിപാടി ജി.എച്ച്.എസ്.എസ് പുത്തൂരിൽ സംഘടിപ്പിച്ചു.

**11. സ്ത്രീധന വിരുദ്ധ ക്യാമ്പയിൻ**

കോളേജിലെ ജെൻഡർ ക്ലബും കുടുംബശ്രീ ജില്ല മിഷനും സംയുക്തമായി സ്ത്രീധന വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ റവ.ഡോ മാർട്ടിൻ കെ.എ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രോഗ്രാം ഓഫിസർ ഡോ. മോനിഷ അധ്യക്ഷത വഹിച്ചു. അഡ്വ. റീന ജോൺ സ്ത്രീധന വിരുദ്ധ നിയമങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തി.

**12. സംസ്ഥാനതല ഉദ്ഘാടനം നടത്തി**

നാലു വർഷ ബിരുദ കോഴ്സുകളുടെ സംസ്ഥാന തല ഉദ്ഘാടനം സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥികൾ ഓൺലൈനായി പങ്കെടുത്തു. ചെമ്പുക്കാവ് ഡിവിഷൻ കൗൺസിലർ ആശംസ കളർപ്പിച്ച് സംസാരിച്ചു.

**13. അഭിനന്ദനങ്ങൾ**

സെന്റ് തോമസ് കോളേജിന്റെ പൂർവവിദ്യാർഥിയും ഫുട്ബോൾ താരവുമായ ശ്രീക്കുട്ടൻ വി.എസ് ജംഷദ്പൂർ എഫ്.സിയുമായി ഒരു കോടി രൂപക്ക് കരാറൊപ്പിട്ടു.

**14. ലഹരിവിമുക്ത ബോധവൽക്കരണം**

സോഷ്യൽ വർക്ക് വിഭാഗവും എക്സൈസിന്റെ വിമുക്തിയും ചേർന്നു പുത്തൂർ ഗവ. എച്ച്.എസ്.എസിൽ ലഹരിവിമുക്ത ബോധ വൽക്കരണ ക്ലാസ് പോസ്റ്റർ നിർമ്മാണ മത്സരം, പ്രദർശനം എന്നിവ സംഘടിപ്പിച്ചു.

**15. പ്രളയബാധിതർക്ക് തുണയായി എൻ.എസ്.എസ്**

കോളേജിലെ എൻ.എസ്.എസ് വളണ്ടിയർസിന്റെ നേതൃത്വത്തിൽ പ്രളയബാധിത മേഖലയിലേക്ക് അവശ്യ സാധനങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു.

**16. പിക്ചറസ്ക്യു 2024**

ലോക ഫോട്ടോഗ്രാഫി ദിനത്തോട് അനുബന്ധിച്ച് 'പിക്ചറസ്ക്യു 2024' സെന്റ് തോമസ് കോളേജ് മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിൽ നടത്തപ്പെടും. ഫോട്ടോഗ്രാഫി എക്സിബിഷൻ, ഫോട്ടോ

ഗ്രാഫി മത്സരം എന്നിവ  സംഘടിപ്പിക്കും. പ്രമുഖ യൂട്യൂബറും കണ്ടന്റ് ക്രിയേറ്ററുമായ ശ്രീ അർപ്പിത് അരവിന്ദ്, കൺസെപ്ചൽ ഫോട്ടോഗ്രാഫർ ശ്രീ രാഹുൽ രവിയും 'മീറ്റ് ദ മെന്റർ' എന്ന പരിപാടിയിലൂടെ മാസ്റ്റർ ക്ലാസ് നയിച്ചു.

**17. പി. അഭിറാം ലോക ജൂനിയർ മീറ്റിലേക്ക്**

ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയായ പി. അഭിറാം ഓഗസ്റ്റ് 27 മുതൽ 31 വരെ പെറുവിൽ സംഘടിപ്പിക്കുന്ന ലോക ജൂനിയർ മീറ്റിൽ 4*400 റിലേയിൽ പങ്കെടുക്കും.

**18. സെമിനാർ: ഡിജിറ്റൽ മാർക്കറ്റിങ്ങ്**

കൊമേഴ്സ് റിസർച്ച് ഡിപ്പാർട്ട്മെന്റ്, ഐ.ഇ.ഡി.സി യുടേയും ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് കൗൺസിലിന്റെയും സഹകരണത്തോടുകൂടി ഡിജിറ്റൽ മാർക്കെറ്റിങ്ങ് എന്ന വിഷയത്തിൽ സെമിനാർ നടത്തി. സഹ്യാൻ അമൽ ആയിരുന്നു മുഖ്യ പ്രഭാഷകൻ.

**19. സൈബർ സെക്യൂരിറ്റി**

ക്രിമിനോളജി വിഭാഗവും ഫോറൻസിക് വിഭാഗവും അവാൻസോ സൈബർ സെക്യൂരിറ്റി സൊലൂഷ്യൻസുമായി ഒത്തു ചേർന്ന് 'സൈബർ സെക്യൂരിറ്റി' എന്ന വിഷയത്തിൽ  സെമിനാർ സംഘടിപ്പിച്ചു. ഡോ. പട്ടത്തിൽ ധന്യ മേനോൻ ആയിരുന്നു മുഖ്യ പ്രഭാഷക.

**20. അന്താരാഷ്ട്ര ഡിപ്ലോമ കോഴ്സിന്റെ ഉദ്ഘാടനം**

ഇംഗ്ലീഷ് വിഭാഗവും സാന്തോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ആൻഡ് ഫോറിൻ ലാംഗ്വേജസും ചേർന്ന് അന്താരാഷ്ട്ര  ഡിപ്ലോമ കോഴ്സിന്റെ ഉദ്ഘാടനവും വിദ്യാത്ഥികളെ സ്വീകരിക്കുന്ന ചടങ്ങും നടത്തി.

**21. ഇക്കോൺ 101**

സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇക്കോൺ 101: കീ ടു ദ ബഡ്ജറ്റ് സംഘടിപ്പിച്ചു.ബജറ്റ് നന്നായി മനസ്സിലാക്കാൻ സഹായിക്കുന്നതിന് പൊതു ധനകാര്യത്തിന്റെ അടിസ്ഥാനകാര്യങ്ങൾ ഞങ്ങളെ പരിചയപ്പെടുത്തുന്നതിനുള്ള പ്രീ-ബജറ്റ് സംഭാഷണം, വിദഗ്ധനും കോളമിസ്റ്റുമായ സാമ്പത്തിക ശാസ്ത്ര മേധാവി ശ്രീ. ഇമ്മാനുവൽ തോമസ് നയിച്ചു.

**22. ഡി.ബി.ടി സ്കിൽ വിഖ്യാൻ സ്റ്റേറ്റ് പാർട്ടനർഷിപ്പ് പ്രോഗ്രാം**

ബോട്ടണി വിഭാഗവും കേന്ദ്ര സർക്കാരിന്റെ ബയോടെക്നോളജി വിഭാഗവും സംയുക്തമായി മൂന്ന് വർഷത്തെ ഡി.ബി.ടി സ്കിൽ വിഖ്യാൻ സ്റ്റേറ്റ് പാർട്നർഷിപ്പ് പ്രോഗ്രാം സംഘടിപ്പിച്ചു.

**23. കമ്മ്യൂണിറ്റി എക്സ്റ്റൻഷൻ പ്രോഗ്രാം**

സൈക്കോളജി വിഭാഗം കമ്മ്യൂണിറ്റി എക്സ്റ്റൻഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. തണൽ വി.എം.വി ഓർഫനേജ് ഒല്ലൂക്കര, സെന്റർ ഫോർ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓഫ് ഓട്ടിസ്റ്റിക് ചിൽഡ്രൻ, അരണാട്ടുകര എന്നീ രണ്ട് വേദികളിലായാണ് സംഘടിപ്പിച്ചത്.

**24. കാർഗിൽ വിജയ് ദിവസ്**

കാർഗിൽ വിജയ് ദിവസിൽ എൻ.സി.സി കേഡറ്റുകളുടെ നേതൃത്വത്തിൽ കാർഗിൽ യുദ്ധത്തിൽ പങ്കെടുത്ത മേജർ ജോസഫ് കെ. പി യെ (വിമുക്തഭടൻ) പൊന്നാടയും മെമന്റോയും നൽകി ആദരിച്ചു. അവർ കാർഗിൽ യുദ്ധത്തിന്റെ ഒരു ചെറിയ പ്രതിനിധാനം സൃഷ്ടിക്കുകയും കാർഗിൽ യുദ്ധത്തിലെ വീരന്മാർക്ക് ആദരാഞ്ജലിയർപ്പിച്ചു കൊണ്ട് തീമാറ്റിക് ഡാൻസ് അവതരിപ്പിക്കുകയും ചെയ്തു.

**25. റവ.ഡോ മാർട്ടിൻ. കെ.എ യ്ക്ക് അഭിനന്ദനങ്ങൾ**

അക്കാദമിക് ഇൻസൈറ്റ്സ് മാഗസിനിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ 20 പ്രമുഖ പ്രിൻസിപ്പൽമാരിൽ ഇടം നേടിയ തൃശ്ശൂർ സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ. കെ.എ യ്ക്ക് അഭിനന്ദനങ്ങൾ. ബർസാർ, വൈസ് പ്രിൻസിപ്പൽ, 2021 മുതൽ പ്രിൻസിപ്പൽ തുടങ്ങിയ വിവിധ പദവികളിൽ 2010 മുതൽ കഴിഞ്ഞ 15 വർഷത്തിനിടെ സെന്റ് തോമസ് കോളേജിനെ മുന്നിൽ നിന്ന് നയിച്ചതിന് അഭിനന്ദനങ്ങൾ.

**26. എക്സ്പെക്റ്റോ പാട്രോണം**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഹോഗ്വാർട്ട് വാലി - വരാന്ത അലങ്കാരങ്ങൾ, പോട്ടർ ഹെഡ്സ് ക്വിസ് മത്സരം, അലോ ഹോമോറ - പോസ്റ്റർ നിർമ്മാണം എന്നിങ്ങനെ വിവിധ പരിപാടികളോടെ എക്സ്പെക്റ്റോ പാട്രോണം, ഹാരി പോട്ടർ ദിനം ആചരിച്ചു. ഹാരി പോട്ടർ സിനിമാ പ്രദർശനത്തോടെ പരിപാടികൾ അവസാനിച്ചു.

**27. സെമിനാർ**

അഡ്വാൻസ്ഡ് ലേണേഴ്സ് മോണിറ്ററിങ് സെൽ 'ഹൗ റ്റു ഫ്ലോ ഇൻ എ റിസേർച്ച് സ്ട്രീം' എന്ന വിഷയത്തിൽ സെമിനാർ നടത്തി. ലയ പോളി ആയിരുന്നു മുഖ്യ പ്രഭാഷക.

**28. ഇംഗ്ലീഷ് ഭാഷാ പഠനം : രാജ്യാന്തര സെമിനാർ**

ഇംഗ്ലീഷ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇംഗ്ലീഷ് ഭാഷ പഠനം രാജ്യാന്തര സെമിനാർ സുൽത്താനേറ്റ് ഒമാൻ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസ് ഫാക്കൽറ്റി ഡോ. ജസ്റ്റിൻ ജെയിംസ് ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പൽ ഫാ. ഡോ. കെ. എ. മാർട്ടിൻ അദ്ധ്യക്ഷത വഹിച്ചു. എഴുപ തോളം പ്രതിബന്ധങ്ങൾ അവതരിപ്പിച്ചു. ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ഡോ. എം.ജെ ബിജു രചിച്ച ഇൻ ഹയർ എജുക്കേഷൻ പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു ഡോ. ഇ.ഡി ജോൺ, ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. അനുപോൾ, ഫാ. ഡോ. ഫ്ളർജിൻ ആന്റണി എന്നിവർ സംബന്ധിച്ചു. സമാപന ചടങ്ങിൽ കോളേജ് മാനേജർ മാർ. ടോണി നീലങ്കാവിൽ, എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ എന്നിവർ പ്രസംഗിച്ചു.

**29. ശില്പശാല നടത്തി**

സോഷ്യൽ വർക്ക് വിഭാഗം വിമൻസ് ജെൻഡർ ക്ലബ്ബ് എന്നിവർ ചേർന്ന് 'ലിംഗഭേദം, ലൈംഗിക പ്രത്യുൽപാദന ആരോഗ്യ അവകാശങ്ങൾ' എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു കോമൺ ഹെൽത്ത് ഡൽഹി ജില്ലാ കുടുംബശ്രീ മിഷൻ എന്നിവരുമായി ചേർന്ന് നടത്തിയ ശില്പശാല കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. മാർട്ടിൻ ഉദ്ഘാടനം ചെയ്തു. സോഷ്യൽ വർക്ക് വിഭാഗം മേധാവി ജിജോ കുരുവിള അഡ്വ. ഡിന്റ സുരേഷ്, വൈസ് പ്രിൻസിപ്പൽ ഡോ. ഫെബിൻ ബേബി, ജെൻഡർ ക്ലബ്ബ് കോ-ഓർഡിനേറ്റർ ഡോ. ക്രിസ്റ്റീന ടി. ജോസ് എന്നിവർ പങ്കെടുത്തു.

**30. വർക്ക്ഷോപ്പ്**

മാനേജ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, ഐ.ഇ.ഡി.സി യുടേയും ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് കൗൺസിലിന്റെയും സഹകരണത്തോടുകൂടി 'ഹൗ റ്റു പ്ലാൻ ഫോർ സ്റ്റാർട്ട്-അപ്പ്' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി. ഡിജു ജോസ് ആയിരുന്നു മുഖ്യ പ്രഭാഷകൻ.

** മാനേജ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, ഐ.ഇ.ഡി.സി യുടേയും ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് കൗൺസിലിന്റെയും സഹകരണത്തോടുകൂടി 'ബിസിനസ് മോഡൽ കാൻവാസ്' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി. സോണി അക്കര ആയിരുന്നു മുഖ്യ പ്രഭാഷകൻ.

** ഐ.ഇ.ഡി.സി യുടേയും ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് കൗൺസിലിന്റെയും സഹകരണത്തോടുകൂടി 'ഇന്ട്രൊഡക്ക്ഷൻ റ്റു അൾട്ടറിക്സ് ഡിസൈന്റ്സ്' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി. അഭിനവ് എം.എ ആയിരുന്നു മുഖ്യ പ്രഭാഷകൻ.

** മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, ഐ.ഇ.ഡി.സി യുടേയും ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് കൗൺസിലിന്റെയും സഹകരണത്തോടുകൂടി 'ഫിലിം ക്യുറേഷൻ' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി. അമുദൻ ആർ.പി ആയിരുന്നു മുഖ്യ

പ്രഭാഷകൻ.

**31. മെർകാഡോ ക്ലബ്**

ഇ.ഡി ക്ലബ്ബ് മെർക്കാഡോ എന്ന പേരിൽ ഇ.ഡി ക്ലബ്ബ് ഹബ് തുടങ്ങി.

**32. യോഗ സെലക്ഷൻ ട്രയൽസ്**

സെന്റ് തോമസ് കോളേജിൽ യോഗ സെലക്ഷൻ ട്രയൽസ് നടത്തി.

**33. ആർട്ട്സ് തെറാപ്പി**

സൈക്കോളജി വിഭാഗം 'എൻഗേജ്, എക്സ്പ്ലോൾ ആൻഡ് എക്സ്പ്രസ്സ്- ആർട്ട്സ് തെറാപ്പി' എന്ന പേരിൽ സെമിനാർ നടത്തി. ജുവാൻ ജനനി മനോജ് ആയിരുന്നു മുഖ്യ പ്രഭാഷക.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ & ബർസാർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**ടാലന്റ് ഷോ അരങ്ങേറി**

2024-26 ബാച്ചിന്റെ ടാലന്റ് ഷോ ഓഗസ്റ്റ് 12, 13 തിയ്യതികളിലായി കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

**സെമിനാർ പ്രബന്ധം പ്രസിദ്ധീകരിച്ചു.**

പാവറട്ടി സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജിൽ സംഘടിപ്പിച്ച സെമിനാറിൽ പ്രബന്ധം അവതരണം നടത്തിയ കോളേജിലെ അസി.പ്രൊഫസർമാരായ ദീപ എം.ജെ, നിധിക എ.ആർ, ജോംസൺ പി.പി, സൗമ്യ ഇ, ആൻ ജോർജ്ജ്.സി എന്നിവരുടെയും 2023-25 ബാച്ചിലെ ഏതാനും വിദ്യാർത്ഥികളുടെയും പ്രബന്ധങ്ങൾ പുസ്തകത്തിൽ പ്രസിദ്ധീകരിച്ചു. പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ എല്ലാവരെയും അഭിനന്ദിച്ചു.

**നാലാം സെമസ്റ്റർ പരീക്ഷ പൂർത്തിയായി**

2022-24 ബാച്ചിന്റെ നാലാം സെമസ്റ്റർ പരീക്ഷ പൂർത്തിയായി.

**സിനർജി സീരീസ്**

'Introduction to Indian Constitution'എന്ന വിഷയത്തിൽ

കോളേജിലെ പൂർവ്വവിദ്യാർത്ഥിയായ ടിമി തോമസ് സെമിനാർ അവതരിപ്പിച്ചു.

**വയനാട് ദുരിത ബാധിതർക്ക് സഹായം**

2024-26 ബാച്ചിന്റെ വിദ്യാർത്ഥികൾ എൻഎസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ വയനാട്ടിലെ ദുരിത ബാധിതർക്കായി അവശ്യവസ്തുക്കൾ സമാഹരിച്ചു.

**സ്വാതന്ത്ര്യദിനം ആഘോഷം**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ എൻഎസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗ്റ്റ് 15 വ്യാഴാഴ്ച സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

| | |
|---|---|
| **ഫാ. ചാക്കോ ചിറമ്മൽ** | **ഫാ. ഷിജു ചിറ്റിലപ്പിള്ളി** |
| കോളേജ് പ്രിൻസിപ്പൽ | അസി.മാനേജർ |

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | |
|---|---|
| 5 വ്യാഴം | - അധ്യാപകദിനം, വി. മദർ തെരേസയുടെ തിരുനാൾ |
| 6 വെള്ളി | - ആദ്യവെള്ളി, വി. കുർബാന |
| 8 ഞായർ | - കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ |
| 16 തിങ്കൾ | - ഓസോൺ ദിനം |
| 21 ശനി | - വി. മത്തായി ശ്ലീഹ |
| 27 വെള്ളി | - വി. വിൻസെന്റ് ഡി പോൾ |

**2. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ലായെങ്കിലും നടപ്പുവർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം) സെപ്തംബർ 11 ബുധനാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 20,000/- രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് GST billകൾ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്നതിനാൽ M.G. അപേക്ഷയോടൊപ്പം GST billകൾ സമർപ്പിക്കേണ്ടതാണ്.

**3. അധ്യാപക ദിനാശംസകൾ**

എല്ലാ അധ്യാപകർക്കും അധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 11,12,13 – 18,19,20 – 25,26,27. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**നവദമ്പതിസംഗമം**

സെപ്റ്റംബർ 29 ഞായർ 9.30 am to 1.00 pm

**ദാമ്പത്യ ബന്ധം എങ്ങനെ ഊഷ്മളമാക്കാം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് സെപ്റ്റംബർ 29 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും.

വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

'ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസത്തിൽ പൊങ്ങണംകാട് ഇടവകയിൽ വച്ച് സീറോ ഡിവോഴ്സ് പ്രോഗ്രാം നടത്തുകയുണ്ടായി. ഏകദേശം രണ്ടര മണിക്കൂറുള്ള ഒരു പ്രോഗ്രാമാണ് ഇത്. സീറോ ഡിവോഴ്സ് പ്രോഗ്രാം അച്ചന്റെ ഇടവകയിൽ നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെയുള്ള നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യുമല്ലോ. 9497179780, 9605043327. ദമ്പതികളുടെ എണ്ണത്തെക്കുറിച്ച് യാതൊരു ഉൽകണ്ഠയും ആവശ്യമില്ല.

**ട്രിനിറ്റി കപ്പിൾസ് മീറ്റ്**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രി കഴിഞ്ഞ മാസങ്ങളിൽ ആരംഭിച്ച ഇടവകകൾ അരണാട്ടുക്കര, പുത്തൂർ, അവിണിശ്ശേരി, തിരൂർ. ഇടവകകളിൽ കപ്പിൾ മിനിസ്ട്രി ആരംഭിക്കാൻ ആഗ്രഹിക്കുന്നവർ താഴെയുള്ള നമ്പറുകളിൽ വിളിച്ച് ബുക്ക് ചെയ്യുമല്ലോ. 9605043327, 9497179780.

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 (സമയം- രാവിലെ 9.30 മുതൽ 3.30 വരെ).

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**ഉണർവ് – 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2024 വെള്ളക്കാരിത്തടം, ഒല്ലൂക്കര, അയ്യന്തോൾ, ലൂർദ്ദ് കത്തീഡ്രൽ, ചേറ്റുപുഴ, തലോർ, ബസിലിക്ക, ഒളരിക്കര എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

**കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സ്, ലീഡേഴ്സ് സംഗമം**

2024 സെപ്റ്റംബർ 28–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടവകകളിലെ കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സ്, ലീഡേഴ്സ് സംഗമം സംഘടിപ്പിക്കുന്നു. പ്രസ്തുത കൂട്ടായ്മയിലേക്ക് ഇടവകയിലെ എല്ലാ യൂണിറ്റുകളിലെ കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സിനെയും ലീഡേഴ്സിനെയും പ്രത്യേകം ക്ഷണിക്കുന്നു. കുട്ടികൂട്ടായ്മ ഇല്ലാത്ത ഇടവകകളിൽ ആരംഭിക്കുന്നതിന് മുന്നോടിയായി ആ ഇടവകയിൽ നിന്ന് ആനിമേറ്ററായി കേന്ദ്രസമിതിയിലെ ഒരു ഭാരവാഹിയെയോ അല്ലെങ്കിൽ ഇതിനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തിയെയോ നിർബന്ധപൂർവ്വം പറഞ്ഞയക്കുമല്ലോ. (പ്രളയം മൂലം ആഗസ്റ്റ് 3–ാം തിയ്യതി ശനിയാഴ്ച്ച നടക്കേണ്ടിയിരുന്ന പരിപാടിയാണ് ഈ തിയ്യതിയിൽ നടക്കുന്നത്).

**കുടുംബ കൂട്ടായ്മ ഭാരവാഹികൾക്കുള്ള മത്സരം**

*പൊതുവായ നിബന്ധനകൾ*

1. മത്സരങ്ങൾ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കു മാത്രമായിരിക്കും.
2. മത്സരങ്ങളിൽ അതിരൂപത, ഫൊറോന ഭാരവാഹികൾ മത്സരിക്കാൻ പാടില്ല.
3. സ്കിറ്റ് മത്സരം ഫൊറോനതലം, അതിരൂപത തലം എന്നീ 2

ഘട്ടങ്ങളിലായിരിക്കും നടക്കുക.

4. സാഹിത്യ മത്സരങ്ങൾ അതിരൂപതാടിസ്ഥാനത്തിലായിരിക്കും നടത്തുക.
5. സാഹിത്യമത്സരങ്ങളിൽ ഇടവകയിൽ നിന്നുള്ള എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും പങ്കെടുക്കാം (അതിരൂപത, ഫൊ റോന കുടുംബകൂട്ടായ്മ ഭാരവാഹികൾ ഒഴിച്ച്).
6. മുൻകൂട്ടി റജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കൂ.
7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
8. സംഘാടക സമിതിക്ക് മത്സരങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

<u>സ്കിറ്റ് മത്സരം</u>

തൃശ്ശൂർ അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഭാരവാഹികൾക്കുള്ള സ്കിറ്റ് മത്സരം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഓരോ ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഫൊറോന തല മത്സരം നടത്തി (ഇടവകയിൽ നിന്ന് വരുന്ന ടീമംഗങ്ങളാണ് അതാത് ഫൊറോനകളിൽ മത്സരത്തിൽ പങ്കെടുക്കേണ്ടത്) ഇതിൽ വിജയികളാകുന്ന ഓരോ ഫൊറോനയിലെ ഒന്നാം സ്ഥാനം നേടുന്നവരാണ് അതിരൂപത തല മത്സരത്തിന് പങ്കെടുക്കേണ്ടത്. (ഫൊറോന തല മത്സരത്തിന് നേതൃത്വം നൽകുന്നത് ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതിയായിരിക്കും. മത്സരതിയ്യതിയും സ്ഥലവും ഇടവകകളെ അതാത് ഫൊറോന കേന്ദ്രസമിതി അറിയിക്കേണ്ടതാണ്). നവംബർ മാസത്തിലായിരിക്കും അതിരൂപത തല മത്സരം. അതിരൂപത തല മത്സരതിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.

*സ്കിറ്റ് മത്സരനിബന്ധനകൾ*

1. കുടുംബ കൂട്ടായ്മ ഭാരവാഹികൾ ആയിരിക്കണം മത്സരാർത്ഥികൾ.
2. ഇടവകയിൽ നിന്ന് ഒരു ടീം (ആവശ്യമുണ്ടെങ്കിൽ മാത്രം ഇടവകയിൽ മത്സരം നടത്തുക) ഫൊറോനതലത്തിൽ മത്സരിച്ച് അതിൽ വിജയികളാകുന്ന ടീം ആയിരിക്കണം അതിരൂപത തലത്തിൽ ഫൊറോനയെ പ്രതിനിധീകരിക്കേണ്ടത്
3. അതിരൂപത, ഫൊറോന തല ഭാരവാഹികൾ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല
4. അവതരണ സമയം പരമാവധി പത്ത് മിനിറ്റ് ആയിരിക്കും
5. രംഗസജ്ജീകരണത്തിന് അഞ്ച് മിനിറ്റ് നൽകുന്നതായിരിക്കും
6. അഭിനേതാക്കൾ തൽസമയം സംഭാഷണം നടത്തേണ്ടതാണ്
7. സ്റ്റേജിൽ മൈക്ക്, ലൈറ്റ് പശ്ചാത്തല സംഗീതം എന്നിവ

അനുവദനീയമല്ല

8. ക്രൈസ്തവ മൂല്യങ്ങൾക്ക് അധിഷ്ഠിതമായ വിഷയമായിരിക്കണം അവതരിപ്പിക്കേണ്ടത്
9. തുറന്ന സ്റ്റേജിൽ ആയിരിക്കും മത്സരം നടത്തുക
10. വിഷയത്തിനനുസരിച്ച് രംഗ സജ്ജീകരണങ്ങളും വസ്ത്രാലങ്കാരങ്ങളും വേണമെങ്കിൽ ഉപയോഗിക്കാം
11. സ്കിറ്റിൽ പരമാവധി 7 പേരും മിനിമം 5 പേരെങ്കിലും ഉണ്ടായിരിക്കണം
12. സ്കിറ്റ് കഴിഞ്ഞ് 5 മിനിറ്റുനുള്ളിൽ സ്റ്റേജ് രഹലമ്യ ആക്കി തരേണ്ടതാണ്.
13. ഇടവക തലത്തിൽ (ആവശ്യമുണ്ടെങ്കിൽ) ആഗസ്റ്റ് മാസത്തിലും ഫൊറോന തലത്തിൽ സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിലും അതിരൂപത തലത്തിൽ നവംബർ മാസത്തിലും ആയിരിക്കും മത്സരം നടത്തുക.
14. ഒരു വ്യക്തി രണ്ട് റോളിൽ അഭിനയിച്ചാലും ഒരു അംഗമായിട്ടേ പരിഗണിക്കുകയുള്ളൂ.
15. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

സാഹിത്യ മൽസരങ്ങൾ: കവിതാ രചന, ഉപന്യാസം/ ലേഖന മത്സരം, കഥാ രചന മത്സരം

ഈ മത്സരങ്ങളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9895234609 എന്ന നമ്പറിൽ 2024 സെപ്റ്റംബർ 30-ാം തിയതിക്കു മുൻപായി പേര് നൽകേണ്ടതാണ്. ഒക്ടോബർ മാസത്തിൽ നടക്കുന്ന അതിരൂപത തല മത്സരത്തിന്റെ തിയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാൺ.

1. ലേഖന മത്സരം

സമയം - 11/2 മണിക്കൂർ

വിഷയം - തൽസമയം നൽകുന്നതായിരിക്കും

എഴുത്തുഭാഷ, വിഷയത്തോടുള്ള നീതി, ഭാഷയുടെ തെളിമ, ഭാഷയുടെ ഘടന, വർത്തമാനകാലമായുള്ള ബന്ധം

ലേഖനം 10 പുറത്തിൽ കവിയരുത്.

2. കവിത

സമയം - 11/2 മണിക്കൂർ

വിഷയം - തൽസമയം നൽകുന്നതായിരിക്കും

കാവ്യഭാഷ, ഭാഷഭംഗി, വിഷയപ്പൊരുത്തം, നവീനത്വം, ആശയം, ഭാഷാഘടന, വിഷയത്തോടുള്ള സമീപനരീതി, അവതരണഭംഗി

കവിതയ്ക്ക് പരമാവധി 30 വരികൾ മാത്രം

3. കഥാരചന

സമയം - 11/2 മണിക്കൂർ

വിഷയം - തൽസമയം നൽകുന്നതായിരിക്കും

വിഷയാഭിമുഖ്യം, ഭാഷാരീതി, നവീനത്വം, കഥാഘടന, കഥാപാത്രങ്ങൾ തമ്മിലുള്ള ഇഴയടുപ്പം, ശൈലി, കഥ 5 പേജിൽ കവിയരുത്.

സാഹിത്യ മത്സരം പൊതുവായ നിബന്ധനകൾ

1. എഴുതികൊണ്ടുവരുന്ന വരികളോ, ഡൗൺലോഡ് ചെയ്ത കവിത/കഥ/ലേഖന ഭാഗങ്ങളോ പകർത്തി എഴുതരുത്.
2. മറ്റേതെങ്കിലും കഥ/കവിത/ലേഖനവുമായി സാമ്യം പാടില്ല.
3. അനുവദിക്കപ്പെട്ടിരിക്കുന്ന സമയത്തിനുള്ളിൽ രചന പൂർത്തിയാക്കിയിരിക്കണം.
4. രചനയ്ക്ക് അവതരണ പുതുമയും തനിമയും ഉണ്ടായിരിക്കണം.

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

## മാതൃവേദി

**പതാകദിനം**

പരിശുദ്ധ അമ്മയുടെ ജനനതിരുന്നാളിനോടനുബന്ധിച്ച് മാതൃവേദി ദിനമായി സെപ്റ്റംബർ 8 നമ്മൾ ആചരിക്കുകയാണല്ലോ. അന്നേദിവസം മാതൃവേദി അംഗങ്ങൾ വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം കൊടു ത്തും വിശുദ്ധ കുർബ്ബാനയിൽ കാഴ്ചസമർപ്പണം നടത്തിയും കുർബ്ബാനയ്ക്ക്ശേഷം മാതൃവേദിയുടെ പതാക ഉയർത്തിയും പതാക ഉയർത്തുമ്പോൾ സീറോ മലബാർ മാതൃവേദിയുടെ ആന്തം ആലപിച്ചും തുടർന്ന് മാതൃവേദി അംഗങ്ങൾക്ക് വേണ്ടി സ്നേഹവിരുന്ന് നടത്തുന്നതും അന്നേദിനം വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത ദൈവജനത്തിന് നേർച്ച കൊടുക്കുന്നതും അഭികാമ്യമാണ്.

പതാക ആവശ്യമുള്ളവർ മാതൃവേദിയുടെ ഓഫീസിൽ നിന്ന് വാങ്ങിക്കാവുന്നതാണ്.

**ഗ്ലോബൽ മാതൃവേദി മാർഗ്ഗംകളി മത്സരം**

സീറോ മലബാർ ഗ്ലോബൽ മാതൃവേദിയുടെ നേതൃത്വത്തിൽ രൂപതകളിൽ തമ്മിലുള്ള മാർഗ്ഗംകളി മത്സരം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 21-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ആരംഭിക്കുന്നതാണ്. മത്സരത്തിന് വരുന്ന സീറോ മലബാർ രൂപതകളിലെ എല്ലാ മാതൃവേദി ടീമിനും തൃശ്ശൂർ അതിരൂപതയിലേക്ക് ഹൃദ്യമായ സ്വാഗതം.

**തീർത്ഥയാത്ര**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ മൂന്ന് വർഷത്തിൽ ഒരിക്കൽ പോകാറുള്ള അതിരൂപത ഭാരവാഹികളുടെയും ഫൊറോന ഭാരവാഹികളുടെയും സംയുക്തമായ തീർത്ഥയാത്ര സെപ്റ്റംബർ 24 ചൊവ്വാഴ്ച്ച (7.00 am മുതൽ 9.00 pm വരെ) ക്രമീകരിച്ചിരിക്കുന്നു. ഈ തീർത്ഥയാത്രയിലേക്ക് എല്ലാ അതിരൂപത, ഫൊറോന ഭാരവാഹികളെയും ഹൃദ്യമായി സ്വാഗതം അർപ്പിക്കുന്നു.

**നേതൃത്വ പരിശീലന പ്രോഗ്രാം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ അമ്മമാരെ സഭയിലും സമൂഹത്തിലും നേതൃത്വ നിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന പ്രോഗ്രാമിന്റെ ഏഴാമത്തെ സെമിനാർ സെപ്റ്റംബർ 21-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ നേതൃത്വ പരിശീലന പ്രോഗ്രാമിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും മാതൃവേദിയിൽ ഇല്ലാത്ത അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിലേക്ക് (8921638080) വിളിക്കേണ്ടതാണ്.

**പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമാണ് സെപ്റ്റംബർ 30-ാം തിയ്യതി തിങ്കളാഴ്ച (9.30 am - 1.00 pm) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുകൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**പാരന്റിങ്ങ് സെമിനാർ**

മാതൃവേദി അംഗങ്ങൾക്കായുള്ള മൂന്നാമത്തെ പാരന്റിങ്ങ് സെമിനാർ സെപ്റ്റംബർ 30-ാം തിയ്യതി തിങ്കളാഴ്ച (11.00 am - 12.00 am) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. ഈ സെമിനാറിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഉണ്ടായിരിക്കുന്നതാണ്. അമ്മമാർ ഉണ്ടാക്കിയ കരകൗശല വസ്തുക്കൾ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ സെപ്റ്റംബർ 30-ാം തിയ്യതി തിങ്കളാഴ്ച (9.30 am - 1.00 pm) കൊണ്ടുവരാവുന്നതാണ്.

**വൈദീകർക്കുവേണ്ടി പ്രാർത്ഥിച്ചവരുടെ സംഗമം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നമ്മുടെ അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദീകർക്കുവേണ്ടി ഒരു കുടുംബം ഒരു വർഷം (2023 ആഗസ്റ്റ് 4-ാം തിയ്യതി മുതൽ 2024 ആഗസ്റ്റ് 4-ാം തിയ്യതി വരെ) മുഴുവൻ പ്രാർത്ഥിക്കുന്ന പദ്ധതി സംഘടിപ്പിച്ചിരുന്നുവല്ലോ. ഒരു വർഷം മുഴുവൻ നമ്മുടെ അതിരൂപതയിലെ വൈദീകർക്കുവേണ്ടി പ്രാർത്ഥിച്ച കുടുംബങ്ങളുടെ സംഗമം സെപ്റ്റംബർ 30-ാം തിയ്യതി തിങ്കളാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. ആയതിനാൽ ഇങ്ങനെ പ്രാർത്ഥിച്ച കുടുംബങ്ങളിൽ നിന്ന് ഒരാളെങ്കിലും ഈ സംഗമത്തിൽ നിർബന്ധമായും സംബന്ധിക്കുമല്ലോ. ഈ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**അടുക്കളത്തോട്ട മത്സരം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി മാതൃവേദി അംഗങ്ങൾക്ക് മാത്രമായി അടുക്കളത്തോട്ട മത്സരം സംഘടിപ്പിച്ചിരിക്കുന്നു. (ഉദാ: വീടിനോട് ചേർന്ന് മുറ്റത്തോ, ടെറസിന്റെ മുകളിലോ നടത്തുന്ന പച്ചക്കറിത്തോട്ടമാണ് അടുക്കളത്തോട്ട മത്സരത്തിൽ ഉൾപ്പെടുത്തുക) അടുക്കളത്തോട്ട മത്സരം ഇടവക, ഫൊറോന, അതിരൂപത എന്നീ തലങ്ങളിലായിരിക്കും വിലയിരുത്തപ്പെടുക. ഇടവക തലത്തിൽ വികാരി അച്ചന്റേയും ഇടവക മാതൃവേദി ഭാരവാഹികളുടെയും നേതൃത്വത്തിൽ 2024 ആഗസ്റ്റ് 25 ന് മുൻപ് വിലയിരുത്തി

വിജയികളായ മൂന്ന് പേരെ ഫൊറോനയിലേയ്ക്കും, ഫൊറോന ആനിമേറ്റർ അച്ചനും ഫൊറോന ഭാരവാഹികളും ചേർന്ന് ഫൊറോന തലത്തിൽ വിലയിരുത്തി ഫൊറോനയിൽ നിന്ന് ഏറ്റവും മികച്ച മൂന്ന് വിജയികളെ 2024 സെപ്റ്റംബർ 10 ന് മുമ്പായി ഫൊറോന ആനിമേറ്റർ അച്ചനും ഫൊറോന പ്രസിഡന്റും സാക്ഷ്യപ്പെടുത്തി അത് അതിരൂപത മാതൃവേദി ഓഫീസിൽ ഏൽപിക്കേണ്ടതാണ്. അതിരൂപത കേന്ദ്രസമിതി 2024 സെപ്റ്റംബർ 15 ന് മുൻപ് ഈ അടുക്കളത്തോട്ട മത്സരം വിലയിരുത്തി അതിരൂപത അടുക്കളത്തോട്ട കാർഷിക അവാർഡ് പ്രഖ്യാപിക്കുന്നതായിരിക്കും. അതിരൂപത വിജയികളുടെ സമ്മാനവിതരണ തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.

അടുക്കളത്തോട്ട മത്സരത്തിന് നമ്മുടെ ഇടവകയിലെ വികാരി അച്ചനേയോ, സിസ്റ്റേഴ്സിനെയോ, കർഷകരായിട്ടുള്ള ചേട്ടന്മാരെയോ മറ്റും വിളിക്കുന്നത് അഭികാമ്യമാണ്. അതിന്വേണ്ടി ധാരാളം പണം ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കുക. എല്ലാ തലത്തിലും വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ബെസ്റ്റ് മാതൃവേദി യൂണിറ്റ് മത്സരം**

3 വർഷത്തെ മാതൃവേദിയുടെ ഇടവക പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഓരോ ഫൊറോനയിൽ നിന്നും ഏറ്റവും നല്ല ഇടവകക്കുള്ള സമ്മാനം കൊടുക്കാറുണ്ട്. അത് നൽകുന്നത് ഇടവകയുടെ പ്രവർത്ത നങ്ങളുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും രൂപതയിലുള്ള പ്രവർത്തനങ്ങളിൽ യൂണിറ്റിന്റെ പങ്കാളിത്തവും സഹകരണവും കൂടി കണക്കിലെടുത്തിട്ടാണ്. ആയതുകൊണ്ട് 2022 ജനുവരി 1 മുതൽ 2024 ആഗസ്റ്റ് 15 വരെയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടാണ് സമർപ്പിക്കേണ്ടത്. നിങ്ങളുടെ ഓരോ പ്രവർത്തനങ്ങളും എഴുതുമ്പോൾ അതിന്റെ ഫോട്ടോയും കൂടി തയ്യാറാക്കിയ റിപ്പോർട്ടാണ് സമർപ്പിക്കേണ്ടത്. വെറുതെ റിപ്പോർട്ട് മാത്രമായി സമർപ്പിച്ചാൽ കാര്യമായി പരിഗണിക്കുകയില്ല. റിപ്പോർട്ട് വികാരി അച്ചന്മാർ ഒപ്പ് വെച്ച് 2024 സെപ്റ്റംബർ 15 ന് മുമ്പായി തൃശ്ശൂർ മാതൃവേദി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിങ്ങളുടെ സഹകരണത്തിന് ഒത്തിരി നന്ദി.

**ബെസ്റ്റ് മാതൃവേദി ഫൊറോന മത്സരം**

3 വർഷത്തെ മാതൃവേദിയുടെ ഫൊറോനയുടെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും നല്ല ഫൊറോനക്കുള്ള സമ്മാനം ഈ വർഷം മുതൽ കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അത് നൽകുന്നത് ഫൊറോനയുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും രൂപതയിലുള്ള പ്രവർത്തനങ്ങളിൽ ഫൊറോനയുടെ

പങ്കാളിത്തവും സഹകരണവും കൂടി കണക്കിലെടുത്തിട്ടാണ്. ആയതുകൊണ്ട് 2022 ജനുവരി 1 മുതൽ 2024 ആഗസ്റ്റ് 15 വരെയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടാണ് സമർപ്പിക്കേണ്ടത്. നിങ്ങളുടെ ഓരോ പ്രവർത്തനങ്ങളും എഴുതുമ്പോൾ അതിന്റെ ഫോട്ടോയും കൂടി തയ്യാറാക്കിയ റിപ്പോർട്ടാണ് സമർപ്പിക്കേണ്ടത്. വെറുതെ റിപ്പോർട്ട് മാത്രമായി സമർപ്പിച്ചാൽ കാര്യമായി പരിഗണിക്കുകയില്ല. റിപ്പോർട്ട് ഫൊറോന ആനിമേറ്റർ അച്ചനും ഫൊറോന പ്രസിഡണ്ടും ഒപ്പ് വെച്ച് 2024 സെപ്റ്റംബർ 15 ന് മുമ്പായി തൃശ്ശൂർ മാതൃവേദി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിങ്ങളുടെ സഹകരണത്തിന് ഒത്തിരി നന്ദി.

**മിഷൻ യാത്ര**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തിൽ മിഷൻ യാത്ര പോകുന്നുണ്ടല്ലോ. മിഷൻ പ്രദേശത്തെ കുടുംബങ്ങൾക്കും കുട്ടികൾക്കും കൊടുക്കാനായി ചെറിയ കുരിശ്, ചെറിയ രൂപങ്ങൾ, വിശുദ്ധരുടെ ഫോട്ടോസ്, കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, പേന, പെൻസിൽ, നോട്ടു പുസ്തകങ്ങൾ തുടങ്ങിയവ കൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മുകളിൽ പറഞ്ഞ സാധനങ്ങൾ പുതിയത് വാങ്ങി സെപ്റ്റംബർ 30-ാം തിയ്യതിക്ക് മുമ്പായി അതിരൂപത മാതൃവേദി ഓഫീസിൽ ഏൽപ്പിക്കുമല്ലോ. നിങ്ങളുടെ സഹകരണത്തിന് ഒത്തിരി നന്ദി.

**മാതൃവേദി ഭാരവാഹികളുടെ ഇലക്ഷൻ**

മാതൃവേദി ഭാരവാഹികൾ സ്ഥാനം എടുത്ത് 3 വർഷം തികയുകയാണല്ലോ. ആയതുകൊണ്ട് പുതിയ ഭാരവാഹികളുടെ ഇലക്ഷൻ നടത്തേണ്ട സമയം 2024 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ്. ഈ മാസങ്ങളിൽ തന്നെ ഇലക്ഷൻ നടത്താൻ പരിശ്രമിക്കുമല്ലോ. ഏതെങ്കിലും ഗൗരവമായ കാരണത്താൽ നേരത്തെ ഇലക്ഷൻ നടത്തുകയാണെങ്കിൽ ചാർജ് കൈമാറുന്നത് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആകാൻ ശ്രദ്ധിക്കുമല്ലോ. താഴെ പറയുന്ന രീതിയിലാണ് ഇടവകയിൽ ഇലക്ഷൻ നടക്കേണ്ടത്. നിങ്ങളുടെ വിലയേറിയ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് മാതൃവേദി അതിരൂപത നിയമാവലിക്കനുസരിച്ച് ഇലക്ഷൻ നടത്താൻ താൽപര്യപ്പെടുന്നു.

ഇടവക (അതിരൂപത നിയമാവലി പേജ് നമ്പർ 3,4,10)

1. എല്ലാ ഇടവകകളിലും സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ ഇലക്ഷൻ നടത്തണം.
2. ഇലക്ഷൻ കഴിഞ്ഞാൽ വികാരിയച്ചന്റെ ഒപ്പോടുകൂടി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപിക്കണം.

3. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
4. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
5. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ളവരായിരിക്കണം.
6. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
7. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
8. ഇടവകയിൽ ഭാരവാഹികളായവർക്കു മാത്രമേ അതിരൂപതയിൽ മത്സരിക്കാൻ പാടുള്ളൂ.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും സെപ്റ്റംബർ 2 നുള്ള (വൈകീട്ട് 5.30 മുതൽ 7.00 വരെ) തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞു

ങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം സെപ്റ്റംബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും സെപ്റ്റംബർ 8-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചുതരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024**

ആഗോളതലത്തിൽ അമേരിക്കയിലും മറ്റു യൂറോപ്പ്യൻ രാഷ്ട്രങ്ങളിലും വർഷംതോറും നടത്തിവരാറുള്ള  മാർച്ച് ഫോർ ലൈഫ് എന്ന  ബഹുജന റാലി 2024 ആഗസ്റ്റ് 10 ശനിയാഴ്ച കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ വച്ച് നടന്നു. ദിവ്യകാരുണ്യ സന്നിധിയിൽ മധ്യസ്ഥ പ്രാർത്ഥന (ജൂലൈ മാസം ഒന്നാം തീയതി മുതൽ തന്നെ തൃശ്ശൂർ അതിരൂപത ഫാമിലി അപ്പസ്തോലേറ്റ്സെന്ററിലെ ചാപ്പലിലും ചേറൂർ ആബാ റിന്യൂവൽ സെൻററിലും), കേരള മാർച്ച് ഫോർ ലൈഫ്-ജീവ സംരക്ഷണ സന്ദേശ യാത്ര (കെസിബിസി പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ - 32 രൂപതകളിലൂടെയും 14 ജില്ലകളിലൂടെയും) എന്നീ ആത്മീയവും അജപാലനപരമവുമായ ഒരുക്കങ്ങൾ ഇതിനായി ബൃഹത്തായ രീതിയിൽ നടത്തിയിരുന്നു.  2024 ആഗസ്റ്റ് 10ന് തൃശൂർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരുക്കിയിരുന്ന ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കടന്നുവന്ന പ്രോ ലൈഫ് ഗ്രൂപ്പുകളുടെ പ്രോലൈഫ് എക്സിബിഷൻ  നടത്തപ്പെട്ടു. അന്നേദിവസം, കേരളത്തിന് പുറത്തുനിന്നുള്ള 300 ഓളം പ്രതിനിധികൾക്ക്  രാവിലെ 8:15ന് ഇംഗ്ലീഷ് സെമിനാർ നടത്തപ്പെട്ടു. സെമിനാറിന് സിസ്റ്റർ പൗളീന എം എസ് എം ഐ നേതൃത്വം നൽകി. യു എസ് എ യിൽ നിന്നുള്ള പ്രോലൈഫ് ആക്ടിവിസ്റ്റ് മെയ്റ റോഡ്രിഗ്യൂസ് സെമിനാർ നയിച്ചു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നും എത്തിച്ചേർന്ന 200 ഓളം പ്രതിനിധികൾക്കായി മലയാളത്തിലും സെമിനാർ നടത്തിയിരുന്നു.  കെ സി ബി സി ഫാമിലി കമ്മീഷന്റെയും പ്രോലൈഫ് സമിതിയുടെയും ചെയർമാൻ ബിഷപ്പ് ഡോ. പോൾ ആൻറണി മുല്ലശ്ശേരി ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാംഗമായഡോ. അബ്രഹാം ജേക്കബ്, 'ജീവനിഷേധത്തിന്റെ കാണാപ്പുറങ്ങളും കാലഘട്ടം ഉയർത്തുന്ന ഭയാനകരമായ വെല്ലുവിളികളും' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

മാർച്ച് ഫോർ ലൈഫിന്റെ ഭാഗമായി നടത്തപ്പെട്ട ദിവ്യബലിക്ക് സിബിസിഐ പ്രസിഡന്റ് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്

മുഖ്യ കാർമികനായിരുന്നു. പോണ്ടിച്ചേരി ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കളിസ്റ്റ് വചനപ്രഘോഷണം നടത്തി. ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി, ബിഷപ്പ് മാൽകോം പോളി കാർപ്പ് സെക്യൂറ, ബിഷപ്പു ജറാൾഡ് ജോൺ മത്തിയാസ്,ബിഷപ്പ് ഡോക്ടർ യൂഹന്നാൻ മാർ തിയ ഡോഷ്യസ്, മാർ ടോണി നീലങ്കാവിൽ തുടങ്ങിയവർ സഹകാർമികരായി ഉണ്ടായിരുന്നു. വൈദികരും സന്യ സ്തരും അൽമായരുമടങ്ങുന്ന ഗായകസംഘത്തിന്റെ ഒൻപത് ഭാഷ കളിലുള്ള ഗാനാലാപനങ്ങൾ ഈ ദിവ്യബലിയിൽ ഉണ്ടായിരുന്നു. ദിവ്യബലിയ്ക്കുശേഷം തൃശൂർ കലാസദന്റെ നേതൃത്വത്തിൽ ഫാ. ഫിജോ ആലപ്പാടൻ സംവിധാനം ചെയ്ത 'അന്തോണിക്കുട്ടിയുടെ ഒരു ദിവസം' എന്ന ജീവന്റെ മൂല്യം ഉയർത്തി കാണിക്കുന്ന നാടകം അരങ്ങേറി.

ഉച്ചയ്ക്ക് ശേഷം നടന്ന പൊതുസമ്മേളനത്തിൽ തൃശ്ശൂർ അതി രൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതം ആശം സിച്ചു. സിസി ആർ ഇന്ത്യയുടെഎപ്പിസ്ക്കോപ്പൽ അഡൈ്വ സറുംപേ ാണ്ടിച്ചേരി ആർച്ച് ബിഷപ്പുമായ ഡോ. ഫ്രാൻസീസ് കളിസ്റ്റ്അധ്യക്ഷ പ്രസംഗം നടത്തി. സിബിസിഐ പ്രസിഡന്റ് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് വേദിയിലെ വിശിഷ്ട വ്യക്തികൾ ഒരുമിച്ച് തിരികൊളുത്തി ക്കൊണ്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു. കെ സി ബി സി വൈസ് പ്രസിഡൻറ് മാർ പോളി കണ്ണൂകാടൻ, കെ സി ബി സി ഫാമിലി കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ.പോൾ ആൻറണി മുല്ലശ്ശേരി, ഷെവലിയാർ സിറിൽ ജോൺ, യു എസ് എ യിൽ നിന്നുള്ള പ്രോ ലൈഫ് ആക്ടിവിസ്റ്റ് മെയ്റ റോഡ്രിഗ്യൂസ്, ഫാ.പോൾ കുണ്ടു പറ മ്പിൽ തുടങ്ങിയവർപ്രസംഗിച്ചു. തൃശൂർ വ്യാകുല മാതാവിൻ ബ സിലിക്കയിൽ പണിതീർത്ത പിറക്കാതെ പോയ കുഞ്ഞുങ്ങൾക്കായുള്ള സ്മാരകത്തിന്റെ മാതൃക ചടങ്ങിൽ വച്ച് അനാച്ഛാദനം ചെയ്തു. തുടർന്ന് 3 മണിക്ക് പിറക്കാതെ പോയ കുഞ്ഞുങ്ങൾക്കായ് പള്ളി മണി മുഴങ്ങുകയും എല്ലാവരും എണീറ്റ് നിന്ന് നിശബ്ദതയിൽ പ്രാർത്ഥിക്കുകയും ചെയ്തു. മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോ ലീത്ത ജീവസംരക്ഷണ പ്രതിജ്ഞചൊല്ലി കൊടുത്തു.

ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് റാലിയുടെ ഫ്ലാഗ് ഓഫ് സിബിസിഐ പ്രസിഡൻറ്മാർ ആൻഡ്രൂസ് താഴത്തിൽ നിന്നും വർക്കിംഗ് ചെയർമാൻ ഫാ.ഡെന്നി താണിക്കൽ ഏറ്റുവാങ്ങി ജന റൽ കൺവീനർ ജെയിംസ് ആഴ്ചങ്ങാടന് കൈമാറി. ജീവസംരക്ഷണ റാലിയിൽ അഭിവന്ദ്യ പിതാക്കന്മാരും കാരിസ് ഇന്ത്യ നേതാക്കളും തൃശൂർ അതിരൂപതയിലെ വിവിധ സംഘടന ഭാരവാഹികളും കെ സി ബി സി പ്രോലൈഫ് സമിതി ഭാരവാഹികളുംകരിസ്മാറ്റിക്

ഭാരവാഹികളും മുൻനിരയിൽ അണിനിരന്നു. തുടർന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും രൂപതകളിൽ നിന്നും എത്തിച്ചേർന്ന പ്രതിനിധികളും ഗ്രൂപ്പുകളും കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ളവരും തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും എത്തിച്ചേർന്നവരും വിവിധ സംഘടനകളിൽ നിന്നുള്ളവരും, വലിയ കുടുംബങ്ങൾ, വൈദികർ, സന്യസ്തർ, ടീച്ചർമാർ, ഡോക്ടർമാർ, നേഴ്സുമാർ, മെഡിക്കൽ സ്റ്റുഡൻസ്, നേഴ്സിങ് സ്റ്റുഡൻസ് തുടങ്ങിയവർ അടങ്ങുന്ന ഏകദേശം പതിനായിരത്തിലധികം പേർ പങ്കുചേർന്നു. തുടർന്ന് അടുത്ത വർഷത്തെ ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിന് നേതൃത്വം നൽകുന്ന ബാംഗ്ലൂർ കരിസ്മാറ്റിക് മുന്നേറ്റത്തിനുവേണ്ടി ദമ്പതികളായ മാർക്ക് ബ്രഗാൻസയും പത്നിയും വൈദികരും ചേർന്ന് പതാകയും ബാനറും പരിശുദ്ധ അമ്മയുടെ രൂപവും ഏറ്റുവാങ്ങി. തുടർന്ന് കാരിസ് ഇന്ത്യ നാഷണൽ കോഡിനേറ്റർ ശ്രീ സിൽവൻ മിറാണ്ട നന്ദി പ്രകാശന കർമ്മം നിർവഹിച്ചു. തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി മാർ ടോണി നീലങ്കാവിൽ പിതാവും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് ജോയ്ഫുൾ സിക്സിന്റെ മ്യൂസിക് ബാന്റും ഉണ്ടായിരുന്നു.

**ഫാ. ഡെന്നി താണിക്കൽ** — ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ** — പ്രസിഡന്റ്



# പിതൃവേദി

**ലേഖന മത്സര വിജയികൾ**

തൃശ്ശൂർ അതിരൂപത പിതൃവേദിയുടെ നേതൃത്വത്തിൽ ഫാദേഴ്സ് ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ലേഖന മത്സരത്തിന്റെ വിജയികൾ ഒന്നാം സമ്മാനം അന്ന മരിയ ജെറിൻ മുണ്ടൂർ ഇടവക. രണ്ടാം സമ്മാനം ആഷ്ന റോസ് മുണ്ടൂർ ഇടവക. മൂന്നാം സമ്മാനങ്ങൾ ഹന്നാഹ് മേരി മനോജ് അരണാട്ടുക്കര ഇടവക, ആൻജോ സജി മരിയാപുരം ഇടവക. പങ്കെടുത്തവർക്കും വിജയികൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**ഫാ. ഡെന്നി താണിക്കൽ** — ഡയറക്ടർ

**ശ്രീ. ജോജു നീലങ്കാവിൽ** — പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**'അമ്മ മാലാഖ'**

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസിന്റെ സഹകരണത്തോടെ കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച സപ്ന ട്രേസിയുടെ ജീവിതകഥ പറയുന്ന പുസ്തകമാണ് 'അമ്മ മാലാഖ'. സ്വന്തം ജീവൻ നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്നറിഞ്ഞിട്ടും ഉദരത്തിലുള്ള കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി സ്വജീവൻ ബലിയർപ്പിച്ച ഒരമ്മയുടെ നിസ്വാർത്ഥ സ്നേഹത്തിന്റെയും ധീരതയാർന്ന ജീവത്യാഗത്തിന്റെയും നേർചിത്രം വരച്ചുകാട്ടുന്നു ഈ പുസ്തകം. വിശ്വാസം ബലികഴിക്കാതെ ത്യാഗജീവിതം നയിക്കാൻ പ്രചോദനം പകരുന്ന ഈ പുസ്തകം എല്ലാ അമ്മമാരും വായിച്ചിരിക്കേണ്ട ഒന്നാണ്. കോപ്പികൾ ആവശ്യമുള്ളവർക്ക് തൃശ്ശൂർ അതിരൂപത ലോഫ്, ഫാമിലി അപ്പൊസ്തൊലേറ്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ നമ്പർ – 8921049153, 9446996285, 9895924182.

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' സെപ്റ്റംബർ 14-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം സെപ്റ്റംബർ 6, 7, 8 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 6 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 8 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF ACADEMIC SESSION

ആഗസ്റ്റ് മാസത്തെ ലോഫ് അക്കാഡമിക് സെക്ഷൻ 25-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു.

പ്രാർത്ഥനയ്ക്കും പങ്കുവെയ്ക്കലിനും ശേഷം നടന്ന സഭാ പഠന ത്തിന് ലോഫ് ദമ്പതികൾ നേതൃത്വം നൽകി. പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറയുന്നു.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ഭവന സമുന്നതി - വീടുകളുടെ പുനരുദ്ധാരണ പദ്ധതി (2024 - 2025)**

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപറേഷൻ (സമുന്നതി), സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ഭവന സമുന്നതി പദ്ധതി (2024 - 2025) ലേക്ക് അപേക്ഷ ക്ഷണിക്കുന്നു. സംവരണേതര വിഭാഗങ്ങളിൽ പ്പെടുന്ന 4 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് വീടുകളുടെ പുനരുദ്ധാരണത്തിന ുള്ള ധനസ ഹായത്തിനായി അപേക്ഷിക്കാവുന്നതാണ്.

ധനസഹായത്തുക വീടൊന്നിനു 2 ലക്ഷം രൂപ വരെ അപേക്ഷി ക്കേണ്ട അവസാനതിയ്യതി:

10 സെപ്റ്റംബർ 2024 (5 pm നു മുൻപായി അപേക്ഷ സമർപ്പിക്കേ ണ്ടതാണ്).

നിബന്ധനകൾ:

1. 4 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള മുൻഗണന അഥ, മുൻഗണന വിഭാഗം (മഞ്ഞ, പിങ്ക് റേഷൻ കാർഡ്) കാർഡ് ഉടമ കൾക്ക് ആണ് യോഗ്യത.
2. അപേക്ഷകൻ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗ ങ്ങളിൽപ്പെടുന്നവരായിരിക്കണം.
3. പുനരുദ്ധാരണത്തിനുള്ള വീടും, വീട് ഉൾപ്പെടുന്ന വസ്തുവും അപേക്ഷകന്റെ പേരിലുള്ളതായിരിക്കണം.
4. പുനരുദ്ധരിക്കേണ്ട വീടിന്റെ ഉടമസ്ഥരായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
5. പുനരുദ്ധാരണത്തിനു അപേക്ഷ നൽകുന്ന വീട്ടുടമസ്ഥർ,

നിലവിൽ അതാത് വീടുകളിലെ സ്ഥിര താമസക്കാരായിരിക്കണം. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

6. അപേക്ഷകന്റെ പേരിലുള്ള വീട്ടുകരം, വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വസ്തുക്കരം എന്നിവ ഒടുക്കിയ രസീത് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
7. വീടും, വീട് ഉൾപ്പെടുന്ന വസ്തുവും ഒന്നിലധികം വ്യക്തികളുടെ പേരിലാണെങ്കിൽ ഉടമസ്ഥാവകാശമുള്ള മുഴുവൻ വ്യക്തികളുടെയും സമ്മതപത്രം മുദ്രപത്രത്തിൽ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
8. സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ ഭവന പദ്ധതികളുടെ ഗുണഭോക്താവായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ അപേക്ഷ സമർപ്പിക്കാൻ അർഹരല്ല.അറ്റകുറ്റപണികൾ ചെയ്യേണ്ട വീടിന്റെയും, അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെയും മേൽവിലാസം ഒന്ന് തന്നെ ആയിരിക്കണം.
9. പുനരുദ്ധാരണം ചെയ്യേണ്ട വീട്/ വീട് ഉൾപ്പെടുന്ന വസ്തു എന്നിവയിന്മേൽ നിർമാണ പ്രവർത്തനങ്ങൾക്ക് നിയമപരമായി തടസ്സമുണ്ടാകുന്ന തരത്തിൽ കേസുകളോ, തർക്കങ്ങളോ ഉള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല
10. തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുകയോ, കൈപ്പറ്റിയ ശേഷം അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം അറ്റകുറ്റ പണികൾ നടത്താതിരിക്കുകയോ ചെയ്യുന്നപക്ഷം അനുവദിച്ച തുക 12% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതാണ്.

ഹാജരാക്കേണ്ട രേഖകൾ:

1. വില്ലേജ് ഓഫീസർ തരുന്ന ജാതി സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് എന്നിവ.
2. 2024- 2025 സാമ്പത്തിക വർഷത്തിലെ വീട്ടുകരം അടച്ച രസീത്/ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്. വീട്ടു കരം ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖ.
3. അപേക്ഷകന്റെ വീട്ടുകരം, വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വസ്തുക്കരം എന്നിവ ഒടുക്കിയ രസീത്.
4. പുതിയ റേഷൻ കാർഡ്1, 2 പേജുകൾ (കോപ്പി)
5. അപേക്ഷകൻ/ അപേക്ഷകയുടെ പേരിലുള്ള കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്.

6. ആധാർ നമ്പർ (പകർപ്പ് )
7. വീടും, വീട് ഉൾപ്പെടുന്ന വസ്തുവും ഒന്നിലധികം വ്യക്തികളുടെ പേരിലാണെങ്കിൽ ടി മുഴുവൻ വ്യക്തികളുടെയും സമ്മതപത്രം (200 രൂപയുടെ മുദ്രാപത്രത്തിലുള്ളത് – നോട്ടറി സാക്ഷ്യപ്പെടുത്തിയത്)നിർബന്ധമായും ഹാജരാക്കണം.
8. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്ബുക്ക്.

എങ്ങനെ അപേക്ഷിക്കാം

നിർദ്ധിഷ്ഠ ഫോമോടു കൂടിയ അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്തിയിരിക്കണം. അപേക്ഷകൾ തപാൽ മുഖേനയോ, നേരിട്ടോ കോർപറേഷനിൽ ലഭ്യമാക്കേണ്ടതാണ്. അവസാന തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ 'ഭവന samunnathi (2024 – 2025) പദ്ധതിയിലേക്കുള്ള അപേക്ഷ' എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷ അയക്കേണ്ട വിലാസം :

മാനേജിങ് ഡയറക്ടർ

കേരള സംസ്ഥാന മുന്നാക്കാ സമുദായ ക്ഷേമ കോർപറേഷൻ

L2, കുലീന, TC. 23/2772, ജവഹർ നഗർ

കവടിയാർ പി. ഒ., തിരുവനന്തപുരം.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# മദ്യവിരുദ്ധസമിതി

**1. ലഹരി വിരുദ്ധ ക്ലാസ്**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത പൂമല ലിറ്റിൽ ഫ്ളവർ യു.പി. സ്കൂളിൽ 10.07.2024 ന് ലഹരി വിരുദ്ധ ക്ലാസ് സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ പ്രാർത്ഥനയോടെ ആരംഭി യോഗത്തിന് സ്വാഗതമരുളിയത് സ്കൂൾ ഹെഡ്മിസ്ട്രസ് റവ. സി. ജാസ്മിൻ ആയിരുന്നു. അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആണ് ക്ലാസ് നയിച്ചത്. സംസ്ഥാന വൈസ് പ്രസി ഡന്റ് ശ്രീ. ടി.എസ്. അബ്രാഹം ആശംസയർപ്പിച്ച് പ്രസംഗിക്കുകയും അധ്യാപിക ശ്രീമതി സി.വി. ഗ്രേസി കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

**2. യൂണിറ്റ് രൂപീകരണം**

തൃശൂർ പുത്തൻപള്ളി ഫൊറോനയിലെ കണ്ണംകുളങ്ങര ക്രിസ്തു രാജ ഇടവകയിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി 14.07.2024 ന് യൂണിറ്റ് രൂപീകരണം സംഘടിപ്പിച്ചു. അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം നൽകി. തുടർന്ന് നടന്ന രൂപീകരണ യോഗത്തിന് അദ്ധ്യ ക്ഷത വഹിച്ചത് ഇടവക വികാരി റവ.ഫാ. ജിയോ ചെരടായി ആണ്. അതിരൂപത മുൻപ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് സംഘടനയുടെ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. ശ്രീ. ഇമ്മാനുവൽ ജോർജ്ജ് (പ്രസിഡന്റ്), ശ്രീ. അനൂപ് സി. സണ്ണി (സെക്രട്ടറി),

ശ്രീ. ജോയ് തോമസ് (ട്രഷറർ) തുടങ്ങിയവർ ഭാരവാഹികളായി. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ടി.എസ്. അബ്രാഹം ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചതിനുശേഷം ലഹരി വിരുദ്ധ പ്ര തിജ്ഞ ചൊല്ലിക്കൊടുത്തത് അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എം.സി. ആണ്. സംഘടനയുടെ നിയമാവലിയും സ്മരണികയും ആനിമേറ്റർ സിസ്റ്റർ അഭിനവ പ്രസിഡന്റിന് കൈമാ റി. ശ്രീ. ഇമ്മാനുവൽ കൃതജ്ഞതയോതി.

**3. പ്രൊമോട്ടേഴ്സ് മീറ്റ്**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത 31.07.2024 ന് പ്രൊമോട്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചു. തൃശൂർ പാസ്റ്ററൽ സെന്ററിൽ അരങ്ങേറിയ യോഗം വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. സഭയുടെ മദ്യവിരുദ്ധ പ്രവർത്ത നങ്ങൾ കാലോചിതമായി ഊർജ്ജിതപ്പെടുത്തണമെന്ന് അദ്ദേഹം

ആഹ്വാനം നൽകി. അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, റവ. ഫാ. ജോൺസൺ ചാലിശ്ശേരി, റവ. ഫാ. ഡോ. പോൾ കാട്ടൂക്കാരൻ, റവ. ഫാ. സ്റ്റാർസൺ കള്ളിക്കാടൻ, റവ. ഫാ. ആന്റണി അമ്മുത്തൻ, റവ. ഫാ. ജോബി പുത്തൂർ എന്നിവർ പ്രസംഗിച്ചു. സെന്റ് തോമസ് കോളെജ് എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ സമാപന സന്ദേശം നൽകി. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ സ്വാഗതവും സംസ്ഥാന വൈസ് പ്രസിഡന്റ്

ശ്രീ. ടി.എസ്. അബ്രാഹം കൃതജ്ഞതയുമരുളി. അതിരൂപത സെക്രട്ടറി ശ്രീ. സിജോ ഇഞ്ചോടിക്കാരൻ, ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി., ട്രഷറർ ശ്രീ. കൊച്ചുവർക്കി തരകൻ,

പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ്, ശ്രീ. ജോസ് വടക്കേത്തല, ശ്രീ. പോൾസൺ തേർമഠം എന്നിവർ നേതൃത്വം നൽകി.

**4. ക്വിറ്റ് ലിക്കർ ഡേ ആചരണം 10.08.2024**

തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും ചേർപ്പ് ഇടവക മദ്യവിരുദ്ധ സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 'ക്വിറ്റ് ലിക്കർ ഡേ' ആചരണം ചേർപ്പ് തായംകുളങ്ങര മഹാത്മാ മൈതാനിയിൽ അരങ്ങേറി. പഴുവിൽ ഫൊറോന വികാരി വെരി. റവ. ഫാ. വിൻസെന്റ് ചെറുവത്തൂർ യോഗ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അതിരൂപത സെക്രട്ടറിയും, പ്രോഗ്രാം കൺവീനറുമായ ശ്രീ. സിജോ ഇഞ്ചോടിക്കാരൻ യോഗത്തിന് സ്വാഗതമരുളി. തൃശൂർ അതിരൂപത മദ്യവിരുദ്ധ സമിതി ഡയരക്ടറും, തൃശൂർ സെന്റ് തോമസ് കോളെജ് റിട്ടയേർഡ് പ്രിൻസിപ്പാളുമായ റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ സദസ്സിൽ അധ്യക്ഷപ്രസംഗം നടത്തി. ചേർപ്പ് ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് യോഗത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും, റിട്ടയേർഡ് സബ് ഇൻസ്പെക്ടർ സി.ആർ. ദിനേഷ് കുമാർ സർ മദ്യ - ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്  എടുക്കുകയും ചെയ്തു. പത്മശ്രീ പെരുവനം കുട്ടൻ മാരാർ (മേളകലാനിധി), റവ. ഫാ. സിജോ കാട്ടൂക്കാരൻ (ഫൊറോന പ്രൊമോട്ടർ), ഖത്തീബ്. അമീൻ ഹുദവി വണ്ടൂർ (ചേർപ്പ് ചെറുചേനം മഹല്ല്), ശ്രീ. വി.എം. അഗസ്റ്റിൻ (അതിരൂപത പ്രസിഡന്റ്), ശ്രീ. ടി.എസ്. അബ്രാഹം (സംസ്ഥാന വൈസ് പ്രസിഡന്റ്), ശ്രീ. സി. പി. ഡേവീസ് (മുൻ അതിരൂപത പ്രസിഡന്റ്) എന്നിവർ യോഗത്തിന് ആശംസകളേകി. അതിരൂപത ട്രഷറർ ശ്രീ. കൊച്ചുവർക്കി തരകൻ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശ്രീ. ബെന്നി പുളിക്കൻ, ശ്രീ. ജോസ് വടക്കേത്തല, ശ്രീ. ലിന്റോ ഫ്രാൻസിസ്, ശ്രീ. പോൾസൺ തേർമഠം തുടങ്ങിയവർ നേതൃത്വം നൽകി.

അതിരൂപത വൈസ് പ്രസിഡന്റ് ശ്രീമതി ഷീന ജോസ് സദസ്സിന് കൃതജ്ഞത പ്രകാശിപ്പിച്ചശേഷം സമാപന പ്രാർത്ഥനയോടെ യോഗം പര്യവസാനിപ്പിച്ചു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ** ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്** പി.ആർ.ഒ.

# ചിൽഡ്രൻസ് മിനിസ്ട്രി

**Rhema Challenge Round 2**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി 2024 ജൂലൈ 28-ാം തിയതി തൃശ്ശൂർ, സെന്റ് ക്ലെയേഴ്സ് ഗേൾസ് ഹൈസ്കൂളിൽ സംഘടിപ്പിച്ച RHEMA Challenge (Round-2) പരീക്ഷയുടെ ഫലം 2024 ഓഗസ്റ്റ് 15 ന് പ്രഖ്യാപിച്ചു. 2024 ജൂൺ 1 മുതൽ 2024 ജൂലൈ 20 വരെ (50 ദിവസം) ചിൽഡ്രൻസ് മിനിസ്ട്രി വാട്ട്സ് അപ്പ് ചാനലിലൂടെ അയച്ചിരുന്ന 50 വചനങ്ങളും മന:പാഠമാക്കിയവർക്ക് വേണ്ടിയാണ് ഈ പരീക്ഷ സംഘടിപ്പിച്ചത്. അതിരൂപതയിലെ 150 യൂണിറ്റുകളിൽ നിന്നുമായി 125 കുട്ടികൾ പങ്കെടുത്ത ഈ മത്സര ത്തിൽ 67 പേർക്ക് A+ ഗ്രേഡും അതിൽ 34 കുട്ടികൾക്ക് മുഴുവൻ മാർക്കും നേടുവാൻ സാധിച്ചുവെന്നത് ഏറെ അഭിനന്ദനാർഹമാണ്. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ നേരുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കുരിയച്ചിറ, സെന്റ് ജോസഫ്സ് മോഡൽ പബ്ലിക്ക് സ്കൂളിൽ 2024 സെപ്റ്റംബർ 18-ാം തിയതി 8.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ സംഘടിപ്പിക്കുന്ന ബൈബിൾ പൂക്കളേഴ്സ് 2024 ൽ വെച്ച് A+, A എന്നീ ഗ്രേഡുകൾ നേടിയവർക്ക് സമ്മാനങ്ങൾ നല്കുന്നതാണ്. കുട്ടികളെ ഈ മത്സരത്തിനായി ഒരുക്കിയ ബഹു. യൂണിറ്റ് ഡയറക്ടർമാർക്കും, ആനിമേറ്റേഴ്സിനും, മാതാപിതാക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും ഇങ്ങനെയുള്ള മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുമല്ലോ!

**സാഹിത്യമത്സരം 2024**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി 2024 ജൂലൈ 13-ാം തിയതി

സംഘടിപ്പിച്ച സാഹിത്യമത്സരങ്ങളുടെ ഫലം 2024 ഓഗസ്റ്റ് 13 ന് പ്രഖ്യാപിച്ചു. ചെറുകഥ, കവിത, ഉപന്യാസം, പെൻസിൽ ഡ്രോയിങ്ങ് മുതലായ ഇനങ്ങളിലാണ് മത്സരങ്ങൾ നടത്തപ്പെട്ടത്. മത്സരങ്ങളിൽ മൊത്തം 18 കുട്ടികൾക്ക് ഒന്നാം സ്ഥാനവും, 19 കുട്ടികൾക്ക് രണ്ടാം സ്ഥാനവും, 24 കുട്ടികൾക്ക് മൂന്നാം സ്ഥാനവും, 313 കുട്ടികൾക്ക് എ ഗ്രേഡും ലഭിച്ചിരിക്കുന്നു.

ഒന്നും രണ്ടും മൂന്നും സ്ഥാനകാർക്കുള്ള സമ്മാനങ്ങൾ 2025 ജനുവരി 19-ാം തിയതി ഞായറാഴ്ച്ച ഉച്ചയ്ക്ക് 1.30 ന് തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ സംഘടിപ്പിക്കുന്ന ചിൽഡ്രൻസ് മിനിസ്ട്രി സമ്മാനദാനചടങ്ങിൽ വെച്ച് നല്കുന്നതാണ്. എ ഗ്രേഡ് ലഭിച്ച വർക്കുള്ള സമ്മാനങ്ങൾ 2024 സെപ്റ്റംബർ 10-ാം തിയതി മുതൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും (Office Time: 9.30 am to 1.00 pm & 2.00 pm to 5.00 pm) ലഭിക്കുന്നതാണ്. അനുയോജ്യമായ ഒരു ദിവസം ഏതെങ്കിലും പൊതു ചടങ്ങിൽവെച്ച് യൂണിറ്റ് ഡയറക്ടർ അത് കുട്ടികൾക്ക് നല്കേണ്ടതുമാണ്.

**എക്സിക്യൂട്ടീവ് മീറ്റിങ്ങ് & പ്രൊമോട്ടേഴ്സ് മീറ്റിങ്ങ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. അതിരൂപത ആനിമേറ്റർ ഭാരവാഹികളുടേയും കുട്ടികളിൽ നിന്നുമുള്ള അതിരൂപത ഭാരവാഹികളുടേയും 16 ഫൊറോനകളിൽ നിന്നുമുള്ള ഫൊറോന പ്രസിഡന്റുമാരുടേയും യോഗം 2024 ഓഗസ്റ്റ് 10-ാം തിയതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണിവരെ തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ച് സംഘടിപ്പിച്ചു. മൂന്ന് സംഘടനയിലെയും ഭാരവാഹികളിൽ നിന്ന് 60 പേർ മീറ്റിങ്ങിൽ പങ്കെടുത്തു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ വിലയിരുത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങളെ കൂടുതൽ ക്രിയാത്മകമായി ചെയ്യേണ്ടതിനെകുറിച്ച് ചർച്ച നടത്തി, ഉത്തരവാദിത്വങ്ങൾ മൂന്ന് സംഘടനകൾക്കും വിഭജിച്ച് നല്കി. ചിൽഡ്രൻസ് മിനിസ്ട്രി കോഡിനേറ്റർ റവ. സി. ബീന റോസ് എസ്.എസ്.പി.സി.യുടെ നാമഹേതുക തിരുനാൾ ആഘോഷവും ഈ മീറ്റിങ്ങിൽ നടത്തപ്പെട്ടു. ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രൊമോട്ടേഴ്സിന്റെ ഈ വർഷത്തെ രണ്ടാമത്തെ മീറ്റിങ്ങ് 2024 ഓഗസ്റ്റ് 12 ന് കൂടുകയുണ്ടായി. മീറ്റിങ്ങിൽ വിവിധ ഫൊറോനകളിൽ നിന്നുമുള്ള 9 പ്രൊമോട്ടേഴ്സ് പങ്കെടുത്തു.

**ബൈബിൾ പൂക്കളേഴ്സ് 2024**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി 2024 സെപ്റ്റംബർ 17-ാം

തിയതി ചൊവ്വാഴ്ച്ച കുരിയച്ചിറയിലെ സെന്റ് ജോസഫ്സ് മോഡൽ ഹയർസെക്കൻഡറിസ്കൂളിൽവെച്ച്ബൈബിൾപൂക്കളേഴ്സ്സംഘടിപ്പിക്കുന്നു. മത്സരത്തിന്റെ നിർദ്ദേശങ്ങൾ ഇതിനോടൊപ്പം വയ്ക്കുന്നു.

- മത്സര ദിവസം രാവിലെ 8.30 ന് നറുക്കെടുപ്പിലൂടെ കളം നിശ്ചയിച്ച് കൃത്യം 9 മണിക്ക് തന്നെ മത്സരം ആരംഭിക്കുന്നതും 12 മണിക്ക് അവസാനിക്കുന്നതുമാണ്.
- പന്ത്രണ്ടാം ക്ലാസും അതിനു താഴെയുള്ള ക്ലാസുകളിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികൾ മാത്രമാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു വിശ്വാസപരിശീലന യൂണിറ്റിൽനിന്ന് എട്ട് പേർ അടങ്ങുന്ന ഒരു ടീമിന് മാത്രം മത്സരത്തിൽ പങ്കെടുക്കാം. മത്സര ഹാളിലേക്ക് ഈ 8 പേർക്ക് മാത്രമേ പ്രവേശനം ലഭിക്കുകയുള്ളു. മത്സരസമയത്ത് പുറത്തുനിന്ന് യാതൊരു സഹായവും നൽകാൻ പാടുള്ളതല്ല.
- മത്സരത്തിന് വരുമ്പോൾ ടീം അംഗങ്ങളുടെ പേരുകൽ എഴുതുന്നതിനുള്ള നിർദ്ദിഷ്ട ഫോം പൂരിപ്പിച്ച് യൂണിറ്റ് ഡയറക്ടറുടെ ഒപ്പോടും സീലോടുംകൂടെ രജിസ്ട്രേഷൻ കൗണ്ടറിൽ ഏൽപിക്കേണ്ടതാണ്. ഫോം കൊണ്ടുവരാത്ത പക്ഷം ടീം അംഗങ്ങളെ മത്സരിപ്പിക്കുന്നതുമല്ല.
- ബൈബിൾ സംഭവങ്ങളെ ആധാരമാക്കി 5 അടിയുള്ള സമചതുരത്തിനുള്ളിൽ ഒതുങ്ങുന്ന ഏതാകൃതിയിലും കളം നിർമിക്കാവുന്നതാണ്. ആ സംഭവം വിവരിച്ചിട്ടുള്ള ബൈബിളിലെ പുസ്തകം, അദ്ധ്യായം, വാക്യം എന്നിവ കളത്തിന് താഴെ രേഖപ്പെടുത്തേണ്ടതാണ്. ഇത് ബൈബിൾ പൂക്കളത്തിന്റെ ഭാഗമല്ല.
- 20% പൂക്കളും ബാക്കി 80% എന്ത് ഉപയോഗിച്ചു വേണമെങ്കിലും കളം നിർമ്മിക്കാവുന്നതാണ്. മത്സര വിധിനിർണ്ണയത്തിൽ ബൈബിൾ സംഭവങ്ങൾ കൃത്യമായും വ്യക്തമായും മനോഹരമായും കളത്തിൽ അവതരിപ്പിക്കുന്നതിന് മുൻതൂക്കം നൽകുന്നത്.
- മത്സരഫലം അന്നേദിവസം 1pm ന് അറിയിക്കുന്നതാണ്.
- വിധികർത്താക്കളുടേയും മത്സരകമ്മിറ്റിയുടേയും തീരുമാനം അന്തിമമായിരിക്കും.

**അതിരൂപതാതല കലാമത്സരങ്ങൾ 2024**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി 2024 സെപ്റ്റംബർ 21-ാം തിയതി ശനിയാഴ്ച്ച കുരിയച്ചിറ, സെന്റ് ജോസഫ്സ് മോഡൽ പബ്ലിക്ക് സ്കൂളിൽവെച്ച് രാവിലെ 8.30 ന് അതിരൂപതാതല കലാമത്സരം സംഘടിപ്പിക്കുന്നു. ഫൊറോന പ്രൊമോട്ടേഴ്സ് 2024 സെപ്റ്റംബർ 3-ാം തിയതിക്ക് മുമ്പായി അതിരൂപതാതലത്തിൽ മത്സരിക്കുന്ന കുട്ടികളുടെ പേരുവിവരം അടങ്ങുന്ന എൻട്രി ഫോം പൂരിപ്പിച്ച്

ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ട താണ്. മത്സരങ്ങളുടെ പൊതു നിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മനിസ്ട്രി ഓഫീസുമായി ബന്ധപ്പെ ടേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതി രൂപതാതല കലോത്സവം 2024 നവംബർ 9-ാം തിയതി ശനിയാഴ്ച്ച കുരിയച്ചിറ, സെന്റ് ജോസഫ്സ് മോഡൽ പബ്ലിക്ക് സ്കൂളിൽ വച്ചായിരിക്കും നടത്തപ്പെടുക. സ്കൂൾ തിരുബാലസഖ്യ കലോത്സ വത്തിന്റെ പൊതു നിർദ്ദേശങ്ങളും എൻട്രി ഫോമും പിന്നീട് അയക്കുന്നതാണ്.

**Saints' Quiz 2k24-25**

Saints' Quiz പഠനസഹായി പുസ്തകം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പുസ്തകം ഒന്നിന് വില 15/- രൂപയാണ്.

**ബെർക്കുമെൻസ് ദിനാചരണം**

തൃശ്ശൂർ അതിരൂപത അൾത്താരസംഘം യൂണിറ്റ് തലത്തിൽ 2024 ഓഗസ്റ്റ് 13-ാം തിയതി ചൊവ്വാഴ്ച്ച തങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ആഘോ ഷിച്ചു. അന്ന് നടത്തുവാൻ സാധിക്കാത്തവർ അതിനോട് അടുത്ത അവധി ദിവസങ്ങളിലാണ് ആഘോഷം നടത്തിയത്. അന്നേ ദിനം യൂണിറ്റുകളിൽ അൾത്താരസംഘം പതാക ഉയർത്തുകയും അംഗത്വത്തിനുള്ള യോഗ്യതയുള്ളവരെ അൾത്താരസംഘത്തിൽ ചേർത്തുകയും ചെയ്തു. തിരുനാളിനോട് അനുബന്ധിച്ച് അതിരൂപ താ അൾത്താരസംഘം എക്സിക്യൂട്ടീവ് കമ്മിറ്റി Berchmans Video Challenge 2024 സംഘടിപ്പിച്ചു. മത്സര നിബന്ധനകളും മറ്റും താഴെ കൊടുക്കുന്നു.

- വി. ജോൺ ബെർക്കുമെൻസിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി യും, യൂണിറ്റ് തല തിരുനാൾ ആഘോഷത്തിലെ പ്രസക്ത ഭാഗ ങ്ങൾ ഉള്ളകൊള്ളിച്ചുകൊണ്ടും ആയിരിക്കണം വീഡിയോ തയ്യാറാക്കേണ്ടത്.
- നോട്ടീസിൽ കൊടുത്തിരിക്കുന്ന QR Code വഴി 2024 ഓഗസ്റ്റ് 21ാം തിയതി രാത്രി 10.00 മണിക്ക് മുമ്പ് ഒരു യൂണിറ്റിൽ നിന്ന് അയച്ചു തരുന്ന പശ്ചാതല സംഗീതത്തോടുകൂടിയ മൂന്ന് മിനിറ്റു മാത്രം ദൈർഘ്യമുള്ള ഒരു വീഡിയോയാണ് മത്സരത്തിന് പരിഗണി ക്കുക.
- മത്സരിക്കുന്ന യൂണിറ്റുകൾ 2024 - ലെ യൂണിറ്റ് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.
- അയച്ചു തരുന്ന മികച്ച വീഡിയോസ് ചിൽഡ്രൻസ് മിനിസ്ട്രി ഫെയ്സ് ബുക്ക് പേജിൽ Upload ചെയ്യുന്നതും, ഒപ്പം ഒന്നും,

രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന യൂണിറ്റുകൾക്ക് 2025 ജനുവരി 19 ാം തിയതിയിലെ ആവാർഡ് ദാന ചടങ്ങിൽ വെച്ച് സമ്മാനങ്ങൾ നൽകുന്നതുമാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

<u>തിരുവചനം:</u>''ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും.'' (യോഹന്നാൻ 12:32)

<u>സുകൃതജപം:</u> കുരിശിലെ യാഗവേദിയിൽ സന്നിഹിതയായ ദൈവ മാതാവേ, ഞങ്ങളുടെ ജീവിത ബലി പൂർത്തിയാക്കുവാൻ സഹായിക്കണമേ!

<u>പ്രാർത്ഥനാ നിയോഗം:</u> പ്രകൃതി ദുരന്തങ്ങളിൽ ക്ലേശിക്കുന്ന ജനങ്ങൾക്ക് പ്രത്യേകിച്ച് പ്രളയകെടുതിയിൽ ക്ലേശിക്കുന്ന വയനാട്ടിലെ ജനങ്ങളൾക്കുവേണ്ടി പ്രാർത്ഥിക്കാം.

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> ''ലൗകികാർഭാടങ്ങൾ ഉപേക്ഷിച്ച നമ്മൾ ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം തീർത്ഥകരെപ്പോലെയും വിദേശികളെപ്പോലെയും ജീവിക്കണം'' എന്ന് പറഞ്ഞ വിശുദ്ധനാണ് വി. ജോസഫ് കുപ്പെർത്തീനോ. പരഹൃദയജ്ഞാനവും പ്രവചനവരവും കൂടാതെ വായുവിലൂടെ പറക്കുവാനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം വർഷത്തിൽ ഏഴ് പ്രാവശ്യം നാല്പതു ദിവസത്തെ നോമ്പ് ആചിരിച്ചിരുന്നു. 61-ാം വയസ്സിൽ അദ്ദേഹം മരണമടഞ്ഞു.

<u>പ്രവർത്തനം:</u> സെപതംബർ 14-ാം തിയതി വി.കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ ദിനത്തിൽ നമുക്ക് വീട്ടിൽ കുരിശുരൂപം അലങ്കരിക്കാം.

**ഫാ. സിജോ മുരിങ്ങാത്തേരി** — **സി. ബീന റോസ് SSPC**

ഡയറക്ടർ — കോർഡിനേറ്റർ

# കത്തോലിക്ക കോൺഗ്രസ്

**അതിരൂപത ഭാരവാഹികൾ**

കത്തോലിക്ക കോൺഗ്രസ് 2024-27 വർഷത്തേക്കുള്ള അതിരൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 16/6/24 ന് അതിരുപതആസ്ഥാനത്ത് നടന്നു. അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുപ്പി

നായി ചേർന്ന ആദ്യ വർക്കിംങ് കമ്മറ്റി യോഗത്തിൽ സംഘടന യുടെ ബിഷപ്പ് ഡലകേറ്റ് വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അധ്യക്ഷത വഹിച്ചു. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ അതിരൂപത ഡയറക്ടർ ഫാ.വർഗ്ഗീസ് കൂത്തൂർ വിശദീകരിച്ചു. പുതിയ ഭാരവാഹി കളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

ഡോ. ജോബി തോമസ് കാക്കശ്ശേരി, ലൂർദ്ദ് (പ്രസിഡണ്ട്)

കെ.സി. ഡേവീസ്, എരുമപ്പെട്ടി (ജനറൽ സെക്രട്ടറി)

റോണി അഗസ്റ്റ്യൻ, അത്താണി (ട്രഷറർ)

അഡ്വ. ബൈജു ജോസഫ്, കുറ്റൂർ (വൈസ് പ്രസിഡണ്ട്)

ലീല വർഗ്ഗീസ്, ലൂർദ്ദ് (വൈസ് പ്രസിഡണ്ട്)

ആന്റോ തൊറയൻ, പുത്തൻപീടിക (ജോയിന്റ് സെക്രട്ടറി)

മേഴ്സി ജോയ്, ഗുരുവായൂർ (ജോയിന്റ് സെക്രട്ടറി)

കത്തോലിക്ക കോൺഗ്രസ് 2024-27 വർഷത്തെ തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസ് ചുമതല വഹിച്ച ജോസ് വാഴപ്പിള്ളിയെ മാർ ആൻ ഡ്രൂസ് താഴത്ത് പിതാവ് ഉപഹാരം നൽകി ആദരിച്ചു. കൃത്യസമയത്ത് തിരഞ്ഞെടുപ്പ് ജോലികൾ പൂർത്തിയാക്കിയ തിരഞ്ഞെടുപ്പ് കമ്മറ്റി ചുമതലകൾ വഹിച്ചിരുന്ന ഡയറക്ടർ ഫാ.വർഗ്ഗീസ് കൂത്തൂർ, അഡ്വ. ബിജു കുണ്ടുകുളം, ശ്രീ.ജോസ് വാഴപ്പിള്ളി എന്നിവരെ യോഗം അഭിനന്ദിച്ചു. പുതിയ ഭാരവാഹികൾക്ക് അഭിവന്ദ്യ പിതാവ് ബൊക്കെ നൽകി അനുമോദിച്ചു. മുൻ അതിരൂപത പ്രസിഡണ്ടും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ജോഷി വടക്കൻ മാസ്റ്റർ ആശംസ പ്രസംഗം നടത്തി. ഒഡിഷയിൽ വൈദീകർകെതിരെ നടന്ന അക്രമണ സംഭവത്തിൽ യോഗം അപലപിക്കുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെനും യോഗം ആവശ്യപ്പെട്ടു. അസി. ഡയറക്ടർ ഫാ. ജിൻസൺ ചിരിയങ്കണ്ടത്ത് സ്വാഗതവും പ്രസിഡണ്ട് ഡോ. ജോബി തോമസ് കാക്കശ്ശേരി നന്ദിയും പറഞ്ഞു.

**ഫൊറോന പ്രസിഡണ്ട്മാർ**

കത്തോലിക്ക കോൺഗ്രസ് ഫൊറോന പ്രസിഡണ്ട്മാരായി താഴെ പറയുന്നവർ തിരത്തെടുക്കപ്പെട്ടിരുന്നു.

ഷാനു ജോർജ് (ബസിലിക്ക ), വി.ഡി. ഷാജൻ (ലൂർദ്ദ്), അനൂപ് പുന്നപ്പുഴ (ചേലക്കര), റോണി അഗസ്റ്റ്യൻ (വടക്കാഞ്ചേരി) കെ.സി. ഡേവീസ് (എരുമപ്പെട്ടി), ജോസ് ചെമ്പിശ്ശേരി (വേലൂർ) ബാബു നീലങ്കാവിൽ (കൊട്ടേക്കാട്), അരുൺ ആന്റണി (കണ്ടശ ങ്കടവ്), ആന്റോ തൊറയൻ (പഴുവിൽ), സിജു ആന്റണി (പുതുക്കാട്), പോൾസൺ കാട്ടുമാത്ത് (പുത്തൂർ), അജീഷ് പുത്തൻപുരയ്ക്കൽ (പട്ടിക്കാട്), അലോഷ്യസ് കുറ്റിക്കാട്ട് (ഒല്ലൂർ), സെബാസ്റ്റ്യാൻ

ചൂണ്ടൽ (മറ്റം), പി. ജെ. സണ്ണി (പറപ്പൂർ), ജോഷി കൊമ്പൻ (പാലയൂർ)

**വർക്കിംങ് കമ്മറ്റി യോഗം**

26/6/24 ന് ചേർന്ന വർക്കിംങ് കമ്മറ്റി യോഗം, ജസ്റ്റ്യസ് ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധികരിക്കുക/നടപ്പിലാക്കുക/ ക്രൈസ്തവ ആചാരങ്ങളും അടയാളങ്ങളും മുദ്രകളും പൊതു സമൂഹത്തിൽ അവഹേളിക്കുന്ന ആളുകളെ കണ്ടെത്തി ശിക്ഷണ നടപടി സ്വീകരിക്കുക. എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ജൂലൈ 3 ന് അയ്യന്തോൾ പള്ളിയിൽ നിന്ന് കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്താൻ തിരുമാനിക്കുകയും സമരപരിപാടികൾ പാസ്റ്ററൽ കൗൺസിലുമായി ചേർന്ന് നടത്തുവാനും അതനുസരിച്ച് കാര്യങ്ങൾ ക്രോഡീകരിക്കുവാൻ ഭാരവാഹികളെ ചുമതലപ്പെടുത്തി. കൂടാതെ, ഇടവക തോറും പ്രതിഷേധവും മുഖ്യമന്ത്രിക്കുള്ള ഒപ്പുശേഖരണവും നടത്താൻ യോഗം തിരുമാനിച്ചു. ലോകസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ക്രൈസ്തവ സമൂഹത്തിനെതിരെ തെറ്റായ ധാരണകൾ പ്രചരിപ്പിക്കുന്ന മുഖ്യമന്ത്രിയുടെതടക്കം പല രാഷ്ട്രിയ നേതാക്കളുടെ പ്രസ്താവനകളും അവരുടെ കുറവുകൾ മറച്ച് വെക്കാനുള്ള അടവുകളായി യോഗം വിലയിരുത്തി. ഇത്തരം പ്രസ്താവനകള അവഞ്ജതയോടെ യോഗം തള്ളി കളഞ്ഞു. ആഗസ്റ്റ് 10 ന് തൃശൂരിൽ നടക്കുന്ന ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് വൻ വിജയമാക്കാൻ യോഗം ആഹ്വാനം ചെയ്തു. യോഗത്തിൽ പ്രസിഡണ്ട് ഡോ. ജോബി തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ.വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ആന്റോ തൊറയൻ റിപ്പോർട്ട് അവതരിപ്പിച്ചു. വൈ.പ്രസിഡണ്ട് അഡ്വ. ബൈജു ജോസഫ് സ്വാഗതവും ജനറൽ സെക്രട്ടറി കെ.സി. ഡേവീസ് നന്ദിയും പറഞ്ഞു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡണ്ടായി പ്രൊഫസർ കെ.എം ഫ്രാൻസീസിനെ നിർദ്ദേശിച്ചു. ഗ്ലോബൽ വർക്കിംങ്ങ് കമ്മറ്റിയിലേക്ക് അതിരൂപത പ്രസിഡണ്ട് ഡോ. ജോബി തോമസ് കാക്കശ്ശേരി, ജനറൽ സെക്രട്ടറി കെ.സി ഡേവീസ് , കൂടാതെ ജോഷി വടക്കൻ മാസ്റ്റർ, എൻ.പി ജാക്സൺ മാസ്റ്റർ എന്നിവരെയും നിർദ്ദേശിച്ചു.

**ജൂലൈ 3 അവകാശ ദിനം**

അതിരൂപത പാസ്റ്ററൽ കൗൺസിൽ അജണ്ട കമ്മറ്റി, കത്തോലിക്ക കോൺഗ്രസ് അതിരൂപത എക്സി കൂട്ടിവ്, സംഘടന എകോപന സമിതി, പബ്ലിക് റിലേഷൻ കമ്മറ്റി എന്നിവരുടെ സംയുക്ത യോഗത്തിൽ ജൂലൈ 3 അവകാശ ദിനമായി നടത്താൻ തിരുമാ

നിച്ചു. പ്രധാനമായും ജസ്റ്റിസ് ജെ. ബി കോശി കമ്മിഷൻ റിപ്പോർട്ട് പ്രസിദ്ധികരിക്കുക/ നടപ്പിലാക്കുക .ജൂലൈ 3 സെന്റ് തോമസ് ദിനം അവുധി പ്രഖ്യാപിക്കുക. ഈ വിഷയത്തിൽ ഊന്നിയാണ് അവകാശ ദിനം നടത്തേണ്ടതെന്ന് തിരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇടവക തോറും അവകാശ ദിനം ആചരിക്കുകയും മുഖ്യമന്ത്രിക്കുള്ള ഒപ്പുശേഖണവും നടത്തി. തുടർന്ന് അയ്യന്തോൾ പള്ളിയിൽ നിന്ന് മാർച്ചും കളക്രേറ്ററിന് മുന്നിൽ ധർണ്ണയും നടത്തി. മാർ ആൻഡ്രൂസ്താഴത്ത് മെത്രോപ്പോലിത്ത ധർണ്ണ ഉദ്ഘാടനം ചെയ്തു. ജൂലൈ 3 അവകാശദിനാചരണംകൂട്ടായ പ്രവർത്തനത്തിന്റെ വൻ വിജയമായി തീർന്നു. ജൂലൈ 3 അവകാശ ദിനമായി ആവശ്യ പ്പെട്ട നിവേദനവും,ഇടവകകളിൽ നടത്തിയ ഒപ്പുശേഖരണവും മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചു. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ , കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ട് ഡോ. ജോബി തോമസ് കാക്കശ്ശേരി പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ മാസ്റ്റർ എന്നിവർ നിവേദന സംഘത്തിൽ പങ്കെടുത്തു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

## ജീസസ്സ് യൂത്ത്

**വയനാട്ടിലെ ദുരന്തത്തിൽ 'നല്ല അയൽക്കാരനായി' ജീസസ് യൂത്ത്**

വയനാട് മുണ്ടക്കൈ നടന്ന ഉരുൾപൊട്ടലിനെ തുടർന്നുണ്ടായ ദുരന്തത്തിൽ ദുരന്തബാധിത പ്രദേശത്ത് ജൂലൈ 30 മുതൽ മാനന്ത വാടി രൂപതയോട് ചേർന്ന് ജീസസ് യൂത്ത് നല്ല അയൽക്കാരൻ ടീമിന്റെ നേതൃത്വത്തിൽ കേരളത്തിലെയും കർണാടകത്തിലെയും വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന് വോളണ്ടിയേഴ്സ് സേവന ങ്ങളിൽ ഏർപ്പെട്ടു വരുന്നു.

ഈ ദിവസങ്ങളിൽ അവിടെ ആയിരുന്ന വോളണ്ടിയേഴ്സ് ചെയ്തുവരുന്ന പ്രധാന സേവനങ്ങൾ ചൂരൽമലയിലും പുഞ്ചിരി മട്ടത്തും മുണ്ടകൈയിലും രക്ഷാ പ്രവർത്തനത്തിൽ വോളണ്ടിയേ ഴ്സിന്റെ സജീവ പങ്കാളിത്തം ഉണ്ടായി. Rescue ടീം ആയി മിലിട്ടറി, പോലീസ് അധികൃതരുടെ പരിശോധനക്കും രജിസ്ട്രേഷനും ശേഷം നല്ല അയൽക്കാരൻ വോളണ്ടിയേഴ്സ് യഥാർത്ഥ പ്രശ്നബാധിത

പ്രദേശത്ത് സജീവമായി പ്രവർത്തിച്ചു. മേപ്പാടി ഗവൺമെന്റ് LP School, മേപ്പാടി സെന്റ്. ജോസഫ് സ്കൂൾ, കൽപറ്റ ഡി പോൾ സ്കൂൾ തുടങ്ങി വിവിധ ക്യാമ്പുകളിൽ സേവനം ചെയ്തുവരുന്നു, അതോറിടൊപ്പം കുട്ടികൾക്കായുള്ള വിവിധ പ്രോഗ്രാമുകൾ നടത്തി വരുന്നു.

വിവിധ ബാച്ചുകളിലായാണ് വോളണ്ടിയേഴ്സ് എത്തിയിരുന്നത്. തൃശ്ശൂർ അതിരൂപതയിൽ നിന്നും 25 ജീസസ് യൂത്ത് വോളണ്ടിയേഴ്സ് വയനാട്ടിലേക്ക് പോയിരുന്നു. വോളണ്ടിയേഴ്സിനും അവർ കണ്ടുമുട്ടിയവർക്കും ഇത് ഒരു ദൈവാനുഭവം തന്നെ ആയിരുന്നു.

**നിത്യാരാധന (24/7Adoration)**

കത്തോലിക്കാ സഭയ്ക്കു വേണ്ടിയും, ജീസസ് യൂത്ത് മുന്നേറ്റത്തിനു വേണ്ടിയും, ലോകമെമ്പാടുമുള്ള യുവജനങ്ങൾക്കു വേണ്ടിയും മധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കുവാനായി കാക്കനാടുള്ള ജീസസ് യൂത്ത് ഇന്റർനാഷണൽ ഓഫീസ് ചാപ്പലിൽ ജൂൺ 20 മുതൽ ഇരുപത്തിനാല് മണിക്കൂറും ആരാധന നടക്കുന്നു. ജൂലൈ പതിനേഴു മുതൽ ഇരുപത്തിനാലു വരെയുള്ള ഒരാഴ്ച തൃശൂർ സോണിലെ ജീസസ് യൂത്താണ് നിത്യരാധനക്ക് നേതൃത്വം നൽകിയത്. ധാരാളം യുവജനങ്ങളും കുടുംബങ്ങളും രാത്രിയും പകലുമായി നടക്കുന്ന ആരാധനയിൽ പങ്കെടുക്കാനായി വരുന്നുണ്ട്.

നമ്മുടെ പ്രാർത്ഥനാ നിയോഗങ്ങൾ +91 99460 55611 എന്ന നമ്പറിലോ prayerzone@jesusyouth.org എന്ന ID യിലോ അയക്കാവുന്നതാണ്

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

## 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ മൂന്നാം യോഗം

**2024 സെപ്തംബർ 07 ശനി**

*സമയം:* **രാവിലെ 09.30 മുതൽ ഉച്ചയ്ക്ക് 1.00 വരെ**

*സ്ഥലം:* **തൃശൂർ ഫാമിലി അപ്പോസ്തോലേറ്റ് സെന്റർ**



# വി. കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ

**സെപ്തംബർ 14**



2024 ജൂലൈ 02ന് ആശീർവദിക്കപ്പെട്ട
പുത്തൂർ ഫൊറോന പള്ളി ഇടവകദൈവാലയത്തിന്റെ
നവീകരിച്ച അൾത്താര

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2024
**September - 2024**

# ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024














INDIA'S MARCH FORLIFE

2024 ആഗസ്റ്റ് 10ന്
ഭാരത മെത്രാൻസമിതിയുടെയും (സിബിസിഐ)
കാരിസ് ഇന്ത്യയുടെയും നേതൃത്വത്തിൽ
മൂന്നാമത് ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ്
തൃശ്ശൂർ അതിരൂപതയിൽ വച്ച് നടത്തപ്പെട്ടപ്പോൾ

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor